ജൂൺ 2007

# പഞ്ചായത്ത് രാജ്




## 11-ാം പഞ്ചവത്സരപദ്ധതി (2007-12)

# പഞ്ചായത്ത് രാജ്

വെബ്സൈറ്റ് : www.localgovkerala.net

**ജൂൺ 2007**

പുസ്തകം 47

ലക്കം 3

വാർഷിക വരിസംഖ്യ 90 രൂപ

ഒറ്റപ്രതി - 7.50 രൂപ


## പേജുകളിൽ


എഡിറ്ററുടെ പേജ്

**പതിനൊന്നാം പദ്ധതി സമഗ്രവികസന കാഴ്ചപ്പാടോടുകൂടി ആസൂത്രണം ചെയ്യണം.** ............ 2

**ജില്ലാ ആസൂത്രണ സമിതികൾ മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകണം**
- പാലോളി മുഹമ്മദ്കുട്ടി ............ 3

**പതിനൊന്നാം പദ്ധതി മാർഗ്ഗരേഖ ലക്ഷ്യങ്ങൾ, ഉള്ളടക്കം, നടപടിക്രമങ്ങൾ**
- കെ. രാജശേഖരൻ ............ 5

**അധികാരവികേന്ദ്രീകരണവും സദ്ഭരണവും വിവരസാങ്കേതികവിദ്യയുടെ പ്രസക്തി**
- എ. അജിത്കുമാർ, ഐ.എ.എസ് ............ 14

**കുടുംബശ്രീ 9-ാം വയസ്സിലേക്ക്**
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്. ............ 17

**പഞ്ചായത്ത് അക്കൗണ്ട് - തുടക്കക്കാർക്ക് ഒരു വഴികാട്ടി**
- ഉദയഭാനു കണ്ടേത്ത് ............ 19

**ദേശീയ തൊഴിലുറപ്പ് പദ്ധതി കാസർഗോഡ് ജില്ലയിൽ**
- എം. കണ്ണൻ നായർ ............ 23

**നീർത്തടാധിഷ്ഠിത വികസനം - അടിസ്ഥാനതത്വങ്ങൾ**
- വി. സുഭാഷ്ചന്ദ്രബോസ് ............ 25

**മലമുകളിൽ ഒരു വീരഗാഥ - തേരക്കുടി കോളനിയിൽ എല്ലാവർക്കും വീട്**
- കെ.ഒ. കുര്യാക്കോസ് ............ 28

**ലളിതമാക്കിയ പാസ്പോർട്ട് നടപടിക്രമങ്ങൾ**
- എൽ.സി. പൊന്നുമോൻ ............ 29

**യോഗ - ശാരീരിക മാനസിക അസ്വാസ്ഥ്യങ്ങൾക്ക് ഒരു പ്രതിവിധി**
- കെ. ശശിധരൻ നായർ ............ 31

**ബാലവേല നിർമ്മാർജ്ജനം ഗ്രാമതലത്തിൽ**
- പി.കെ. രാജഗോപാൽ അഷ്ടമുടി ............ 35

**പ്രവാസം** (കവിത) - സനത് മലപ്പുറം ............ 37

**സമൂഹ റേഡിയോ നിലയങ്ങൾ**
- എസ്.കെ. അറോറ ............ 38

***ഉത്തരവുകൾ, സർക്കുലറുകൾ, സ്ഥിരം പംക്തികൾ...***



എഡിറ്റർ

**എ. അജിത്കുമാർ, IAS**
Ph: 2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**
Ph: 2321054

**ഉപദേശക സമിതി**

ചെയർമാൻ

**ശ്രീ. പാലോളി മുഹമ്മദ്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

**ശ്രീ. എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
(പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്)

**ശ്രീ. പി. വേണുഗോപാലൻ**, ഐ.എ.എസ്
(ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)

**ശ്രീ. കെ. നാരായണൻ**, പ്രസിഡന്റ്
(കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)

**ശ്രീ. ബി.എസ്. പ്രസന്നൻ**
(സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം)

**ശ്രീ. ജി. ഹരികൃഷ്ണൻ**
(പബ്ലിസിറ്റി ഓഫീസർ)

**ശ്രീ. എ. അജിത്കുമാർ**, ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ, കൺവീനർ)



കവർ ഡിസൈൻ, ലേ ഔട്ട് - ഐസൻ ജോസ്



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല, അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

എഡിറ്ററുടെ പേജ്

ജൂൺ 2007

# പതിനൊന്നാം പദ്ധതി സമഗ്രവികസന കാഴ്ചപ്പാടോടുകൂടി ആസൂത്രണം ചെയ്യണം

പതിനൊന്നാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഒൻപതും പത്തും പദ്ധതിക്കാലത്തെ അനുഭവപാഠങ്ങൾ കണക്കിലെടുത്താണ് മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്.

സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയും അധിക വരുമാനവും ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിനാണ് പദ്ധതി മുൻഗണന നൽകുന്നത്. സംയോജിത നീർത്തട പരിപാലനത്തിലൂടെ ഭക്ഷ്യവിളകൾക്ക് പ്രാധാന്യം നൽകി കാർഷിക മേഖലയെ പുനരുജ്ജീവിപ്പിച്ചും, സൂക്ഷ്മസംരംഭങ്ങളെ ശക്തിപ്പെടുത്തിയും ചെറുതും ഇടത്തരവുമായ ഉല്പാദന സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചും പ്രാദേശിക ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിച്ച് അവയ്ക്ക് കൂടുതൽ വിപണന സൗകര്യമൊരുക്കിക്കൊണ്ടും ഇത് സാദ്ധ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാമ്പത്തിക വികസനത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിലേക്ക് ദരിദ്രർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധർക്കും വികലാംഗർക്കും പരമ്പരാഗത മത്സ്യതൊഴിലാളികളും അതുപോലെ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നുണ്ട്. അഗതികൾക്കുള്ള ആശ്രയ പദ്ധതി വ്യാപിപ്പിക്കുവാനും പ്രത്യേക ഘടക പദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഗുണനിലവാരം ഉയർത്തുന്നതിനും നിർദ്ദേശമുണ്ട്.

പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര–സംസ്ഥാന സ്കീമുകൾക്കൊപ്പം തദ്ദേശഭരണസ്ഥാപനത്തിന്റെ ഫണ്ടും സംയോജിപ്പിച്ച് വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജം, ഭവന നിർമ്മാണം എന്നീ മേഖലകളിൽ പദ്ധതികൾ നടപ്പാക്കണം. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഊന്നൽ നൽകി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കണം. ജനപങ്കാളിത്തം വർദ്ധിപ്പിച്ചും, കൃത്യമായി കണക്ക് സൂക്ഷിച്ചും, ഇ–ഗവർണൻസിലൂടെയും, പൊതു പരാതി പരിഹാര സംവിധാനമേർപ്പെടുത്തിയും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിച്ചും, ആഫീസ് സംവിധാനം പരിഷ്ക്കരിച്ചും, അക്കൗണ്ടബിലിറ്റിയും സുതാര്യതയും ഉറപ്പാക്കിയും സദ്ഭരണം ഉറപ്പുവരുത്തുന്നതിനും ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു സദ്ഭരണ പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകളുമായും സർക്കാർ പദ്ധതികളുമായും ഉള്ള സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. ഓരോ ജില്ലയിലും പദ്ധതികൾ സമന്വയിപ്പിച്ച് ജില്ലാ പദ്ധതികളും ഉണ്ടാകണം. വാർഷിക പദ്ധതിയും പഞ്ചവത്സര പദ്ധതിയും പ്രത്യേകമായി വേണം തയ്യാറാക്കേണ്ടത്. ഇതിന് അവലംബിക്കേണ്ട രീതികളും സമയക്രമവും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്.

ഗ്രാമസഭകളിലെ ജനങ്ങളുടെ അഭിലാഷത്തിനനുസരിച്ച് ഒമ്പതും പത്തും പദ്ധതികൾക്ക് രൂപം കൊടുത്തപ്പോൾ ഒരു പ്രദേശത്തിന്റെയാകെ സമഗ്രമായ വികസനം ആസൂത്രണപ്രക്രിയയിൽ സാധിതപ്രായമായില്ല. ഒരു പുത്തൻ ആസൂത്രണ സമ്പ്രദായം നടപ്പിലാക്കിയപ്പോൾ സ്വാഭാവികമായി ഉണ്ടായ പ്രതികരണമായിരുന്നു അത്. എന്നാൽ പതിനൊന്നാം പദ്ധതിയിൽ ലഭ്യമായ എല്ലാ വിവരശേഖരവും ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച്, അവയെ അപഗ്രഥനം ചെയ്ത്, വാർഡുകൾക്കതീതമായി തദ്ദേശഭരണ സ്ഥാപനത്തിന്റെയോ അതിന്റെ സീമകൾക്കപ്പുറമോ ആയ പ്രദേശമാകെ കണക്കിലെടുത്തുകൊണ്ട് വികസന മുൻഗണനകളെ ശാസ്ത്രീയമായി കണ്ടെത്തുവാനുള്ള ശ്രമമാണ് ഉണ്ടാകേണ്ടത്. അങ്ങനെയാകുമ്പോൾ ചെറുതും ധനദുർവിനിയോഗം വരുത്തുന്നതുമായ പദ്ധതികൾ പദ്ധതിരേഖയിൽ നിന്നും തനിയേ പുറന്തള്ളപ്പെടും. ഇതിന് ഗ്രാമസഭകളെ പങ്കാളിത്തപരമായും ഗുണപരമായും സജീവമാക്കുകയും പ്രാപ്തമാക്കുകയും ചെയ്യുകയും അതോടൊപ്പം പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധരുടെ സേവനം പദ്ധതിരൂപീകരണത്തിൽ ഉപയോഗപ്പെടുത്തുകയും വേണം.

ദരിദ്ര–സമ്പന്ന അനുപാതം വർദ്ധിച്ചു വരുന്ന കാലഘട്ടത്തിൽ ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും കാർഷിക രംഗത്ത് പുത്തനുണർവ്വ് പകരുന്നതിനും, പൊതുസേവനം മെച്ചപ്പെടുത്തുന്നതിനും നാട്ടിൽ സദ്ഭരണം നടപ്പാക്കുന്നതിനും പതിനൊന്നാം പദ്ധതി ലക്ഷ്യമിടുന്നു. മാർഗ്ഗരേഖയുടെ ഉദ്ദേശശുദ്ധി അവ പ്രവർത്തിപഥത്തിലെത്തുമ്പോൾ കൈമോശം വരാതിരിക്കുവാൻ ബോധപൂർവ്വവും ആത്മാർത്ഥവുമായ ശ്രമം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാദേശിക വികസനരംഗത്ത് പുത്തൻ നാഴികക്കല്ലുകൾ സ്ഥാപിക്കുവാൻ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്കും രാഷ്ട്രീയ–ഉദ്യോഗസ്ഥ സമൂഹത്തിനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**എ. അജിത്കുമാർ, ഐ.എ.എസ്.**
**എഡിറ്റർ**

# ജില്ലാ ആസൂത്രണ സമിതികൾ മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകണം

**പാലോളി മുഹമ്മദ്കുട്ടി**
**തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി**

**പ**തിനൊന്നാം പഞ്ചവത്സര പദ്ധതിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതി രൂപീകരണ മാർഗ്ഗരേഖ വിവിധ വിഭാഗങ്ങളുമായി നടന്ന ചർച്ചകളുടെ ഫലമായി രൂപപ്പെടുത്തിയതാണ്.

പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഒമ്പതാം പദ്ധതിക്കാലത്ത് തുടങ്ങിവെച്ച നിരവധി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഉൽപാദന മേഖലയ്ക്ക് പ്രചോദനമേകുന്ന രീതിയിൽ മുൻഗണന തിരിച്ചുകൊണ്ടു വരേണ്ടതുണ്ട്. വർദ്ധിച്ച ജനപങ്കാളിത്തത്തോടെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ആസൂത്രണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം. ജില്ലാ പ്ലാനുകൾ രൂപപ്പെടുത്തുകയും വേണം.

സംയോജിത നീർത്തട പരിപാലന പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ഇവയെ നദീതട പരിപാലന പദ്ധതികളുമായി സമന്വയിപ്പിക്കുന്നതിനുമാണ് പ്രധാന പരിഗണന. സമഗ്രമായ സ്ഥല-ജല-ജൈവ മാനേജ്മെന്റ് വഴി കൃഷിക്കും അനുബന്ധ മേഖലകൾക്കും ഉണർവു നൽകുകയാണ് പതിനൊന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യം.



ഉൽപാദന രംഗത്തും സാമൂഹ്യ നീതിയുടെ രംഗത്തും വളരെയേറെ മുന്നോട്ട് നീങ്ങാൻ ജനകീയാസൂത്രണത്തിന്റെ ഈ ഘട്ടത്തിൽ നമുക്ക് കഴിയണം. ഈ ലക്ഷ്യങ്ങൾ നേടുന്നതിനും വികേന്ദ്രീകൃത ആസൂത്രണം അർത്ഥപൂർണ്ണമാക്കുന്നതിനും ഏറ്റവും പ്രധാനമായ പങ്ക് വഹിക്കേണ്ടത് ജില്ലാ ആസൂത്രണ സമിതികളാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ദിശാബോധവും നേതൃത്വവും നൽകാൻ വേണ്ട ശേഷി ആസൂത്രണ സമിതികൾ ആർജ്ജിക്കേണ്ടതുണ്ട്.

കഴിഞ്ഞ പദ്ധതിക്കാലത്ത് ജനകീയാസൂത്രണ ഘട്ടത്തിലെ പല ധാരണകൾക്കും തിരിച്ചടിയേറ്റിരുന്നു. ഉത്പാദനമേഖലയുടെ പ്രാധാന്യം കുറഞ്ഞു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം കുറഞ്ഞു. പ്രാദേശിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു. പദ്ധതിപ്രവർത്തനം മിക്കവാറും ഉദ്യോഗസ്ഥകേന്ദ്രീകൃതമായി. പദ്ധതി രേഖയ്ക്കും പ്രോജക്ടുകൾക്കും അംഗീകാരം നേടുന്നതിന് ഉദ്യോഗസ്ഥരെ തെരക്കി നടക്കേണ്ട അവസ്ഥ തദ്ദേശസ്ഥാപനങ്ങളിലെ ഭരണസമിതികൾക്കുണ്ടായി.

ഈ അവസ്ഥയ്ക്ക് മാറ്റം വരണം. ഗ്രാമസഭകളും മറ്റു ജനകീയ സംവിധാനങ്ങളും ശക്തിപ്പെടുത്തണം. പ്രാദേശികമായി ലഭ്യമായ സാങ്കേതിക ശേഷി ഉദ്യോഗസ്ഥ സംവിധാനത്തെ ശക്തിപ്പെടുത്താൻ ഉപയോഗിക്കണം. സമയനിഷ്ഠയോടെയും സുതാര്യമായും പരിശോധനകളും അംഗീകാരം നൽകലും നിർവ്വഹിക്കുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തുകയും പ്രവർത്തിപ്പിക്കുകയും വേണം. പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി കിട്ടാൻ വൈകിയതുകൊണ്ട് പദ്ധതിപ്രവർത്തനം മുടങ്ങുന്ന അവസ്ഥ ഉണ്ടാകരുത്.

സമയനിഷ്ഠയോടെയും സുതാര്യമായും പരിശോധനകളും അംഗീകാരം നൽകലും നിർവ്വഹിക്കുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തുകയും പ്രവർത്തിപ്പിക്കുകയും വേണം. പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി കിട്ടാൻ വൈകിയതുകൊണ്ട് പദ്ധതിപ്രവർത്തനം മുടങ്ങുന്ന അവസ്ഥ ഉണ്ടാകരുത്.

പദ്ധതികളുടെയും പ്രോജക്ടുകളുടെയും നിലവാരത്തിൽ വിട്ടുവീഴ്ച പാടില്ല. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചെറിയ പ്രോജക്ടുകൾ എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. സാങ്കേതിക സാദ്ധ്യത ഉറപ്പാക്കി വേണം അംഗീകാരം നൽകാൻ. ഇക്കാര്യങ്ങളിൽ ഡി.പി.സികൾ സജീവശ്രദ്ധ പുലർത്തണം.

ഇക്കാര്യം ജില്ലാ ആസൂത്രണ സമിതിയുടെ പ്രത്യേക ശ്രദ്ധ അർഹിക്കേണ്ട ഒന്നാണ്. ഇത് ലക്ഷ്യമിട്ടുകൊണ്ടാണ് ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. ജില്ലാ പ്ലാനുകൾ രൂപപ്പെടുത്താനും ജില്ലയിലെ മൊത്തം ആസൂത്രണ പ്രക്രിയയ്ക്ക് ദിശാബോധം നൽകാനും ജില്ലാ ആസൂത്രണ സമിതികൾക്കു കഴിയണം. പദ്ധതികളുടെയും പ്രോജക്ടുകളുടെയും നിലവാരത്തിൽ വിട്ടുവീഴ്ച പാടില്ല. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചെറിയ പ്രോജക്ടുകൾ എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. സാങ്കേതിക സാദ്ധ്യത ഉറപ്പാക്കി വേണം അംഗീകാരം നൽകാൻ. ഇക്കാര്യങ്ങളിൽ ഡി.പി.സികൾ സജീവശ്രദ്ധ പുലർത്തണം.

പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹിക നീതി, പൊതുസേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഭരണസംവിധാനം മെച്ചപ്പെടുത്തൽ എന്നിവയിലാണ് പതിനൊന്നാം പദ്ധതിക്കാലത്തെ പ്രവർത്തനങ്ങൾ മുഖ്യമായും ഊന്നുന്നത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മറ്റു സർക്കാർ വകുപ്പുകളുടെയും പ്രവർത്തനങ്ങളെ തദ്ദേശസ്ഥാപന തലത്തിൽ സമന്വയിപ്പിച്ചുകൊണ്ടു മാത്രമേ ഇവ സാദ്ധ്യമാകു. വിവിധ സർക്കാർ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ പ്രവർത്തന തലത്തിൽ ഏകോപനം സാദ്ധ്യമാക്കേണ്ടതുണ്ട്. ആവർത്തനങ്ങൾ ഒഴിവാക്കാൻ ഇത് അനിവാര്യമാണ്.

രണ്ടു ഘട്ടങ്ങളായാണ് ഇത്തവണത്തെ പദ്ധതി രൂപീകരണ പ്രവർത്തനം വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടമെന്ന നിലയിൽ 2007–08–ന്റെ വാർഷിക പദ്ധതിയും രണ്ടാം ഘട്ടമെന്ന നിലയിൽ പൂർണ്ണമായ പഞ്ചവത്സര പദ്ധതിയും രൂപീകരിക്കാനാണ് നിർദ്ദേശിക്കുന്നത്. സാദ്ധ്യമായത്ര വിവരങ്ങൾ ശേഖരിച്ചും, സാഹചര്യങ്ങൾ അപഗ്രഥിച്ചും വിപുലമായ ജനപങ്കാളിത്തത്തോടെ വേണം പദ്ധതികൾ രൂപപ്പെടുത്താൻ. പദ്ധതി രൂപീകരണ പ്രവർത്തനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ ബ്ലോക്ക്/ജില്ല/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ കോ–ഓർഡിനേറ്റർമാരെ നിയമിക്കും. ജില്ല/ബ്ലോക്ക് നഗരസഭാതലങ്ങളിൽ രൂപീകരിക്കുന്ന സാങ്കേതിക ഉപദേശക സമിതികളാണ് പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കി അംഗീകാരം നൽകുന്നതിന് ആസൂത്രണ സമിതികളെ സഹായിക്കുക. വിദ്യാഭ്യാസം, ആരോഗ്യം, പരിസര ശുചിത്വം, ദാരിദ്ര്യ ലഘൂകരണം, കുടിവെള്ളം, പാർപ്പിടം, ഊർജ്ജം എന്നീ മേഖലകളിൽ വിവിധ കേന്ദ്ര സംസ്ഥാന ഏജൻസികളുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് വേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ രൂപപ്പെടുത്താൻ. വീടില്ലാത്തവർക്കെല്ലാം ഈ പദ്ധതിക്കാലത്ത് വീട് നൽകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഇ.എം.എസ് പാർപ്പിട പദ്ധതി പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ സവിശേഷതയാണ്.

പാരിസ്ഥിതിക അപചയം തിരുത്താനാവശ്യമായ നടപടികളും, ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിങ്ങനെ മുഖ്യധാരയിൽ നിന്ന് അകന്ന് നിൽക്കുന്ന ജനവിഭാഗങ്ങളെ പ്രത്യേകമായി പരിഗണിക്കുന്നതുമായ പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും വേണം. ഉൽപാദന രംഗത്തും സാമൂഹ്യനീതിയുടെ രംഗത്തും വളരെയേറെ മുന്നോട്ട് നീങ്ങാൻ ജനകീയാസൂത്രണത്തിന്റെ ഈ ഘട്ടത്തിൽ നമുക്ക് കഴിയണം. ഉൽപാദന മേഖലയ്ക്കുള്ള വിഹിതം നാൽപത് ശതമാനമായി പുനഃസ്ഥാപിക്കുന്നത് ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. ഈ ലക്ഷ്യങ്ങൾ നേടുന്നതിനും വികേന്ദ്രീകൃത ആസൂത്രണം അർത്ഥപൂർണ്ണമാക്കുന്നതിനും ഏറ്റവും പ്രധാനമായ പങ്ക് വഹിക്കേണ്ടത് ജില്ലാ ആസൂത്രണ സമിതികളാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ദിശാബോധവും നേതൃത്വവും നൽകാൻ വേണ്ട ശേഷി ആസൂത്രണ സമിതികൾ ആർജ്ജിക്കേണ്ടതുണ്ട്. വർദ്ധിച്ച ഉത്തരവാദിത്വബോധത്തോടെ പ്രാദേശിക വികസനത്തിൽ പുതിയ അദ്ധ്യായങ്ങൾ രചിക്കാനുള്ള തയ്യാറെടുപ്പോടെ ജില്ലാ ആസൂത്രണ സമിതികൾ പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

*(ജില്ലാ ആസൂത്രണ സമിതി ഭാരവാഹികളുടെ യോഗത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്)* ●

**കവർ സ്റ്റോറി**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2007-08 ലെ വാർഷിക പദ്ധതിയും 2007-12 ലെ പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്നതിന് പാലിക്കപ്പെടേണ്ട മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ ഉള്ളടക്കം എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശം. മാർഗ്ഗരേഖയിലെ ഒട്ടനവധി കാര്യങ്ങൾ സ്ഥലപരിമിതി മൂലം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ആധികാരിക കാര്യങ്ങൾക്ക് മാർഗ്ഗരേഖ തന്നെ ആധാരമാക്കണം. ഈ കുറിപ്പ് തയ്യാറാക്കിയത് കില ലൈബ്രേറിയൻ കെ രാജശേഖരൻ.

# പതിനൊന്നാം പദ്ധതി മാർഗ്ഗരേഖ

## ലക്ഷ്യങ്ങൾ, ഉള്ളടക്കം, നടപടിക്രമങ്ങൾ

### 1. ആമുഖം

ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടം ആരംഭിക്കുകയാണ്. സംസ്ഥാനത്തെ വികേന്ദ്രീകരണ പ്രക്രിയ സുസ്ഥിരമാക്കുകയാണ് അതിന്റെ ലക്ഷ്യം. കാർഷിക രംഗം പുനരുജ്ജീവിപ്പിക്കലും, പ്രാദേശിക സാമ്പത്തിക വികസനവും, പാവപ്പെട്ടവർക്ക് ലഭിക്കുന്ന പൊതുസേവനങ്ങൾ മെച്ചപ്പെടുത്തലും അതിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. ആസൂത്രണ പ്രക്രിയയിൽ അധികമായി ജനങ്ങളെ പങ്കെടുപ്പിക്കുകയും വേണം. വിവിധ തലത്തിലുള്ള ആസൂത്രണം നിർവ്വഹിക്കുന്നത് നീർത്തട പരിപാലന തത്വങ്ങൾ ആധാരമാക്കി ആയിരിക്കും. കാർഷിക ഉല്പാദന വർദ്ധനവും ഉല്പാദന ക്ഷമതാവർദ്ധനവും അത്യന്തികമായി സാധ്യമാക്കുകയാണ് ഉദ്ദേശം. അതോടൊപ്പം മണ്ണും, ജലവും, സസ്യ-ജന്തുജാലങ്ങളും സുസ്ഥിരമായി നിലനിർത്തുകയെന്ന ലക്ഷ്യവുമുണ്ട്.

ഇതൊക്കെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പതിനൊന്നാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗരേഖ GO (MS) No. 128/2007/LSGD dtd. 14.05.2007-ൽ വിശദമാക്കിയിട്ടുള്ളത്.

### 2. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്തെല്ലാം?

എൺപത്തിമൂന്നു പേജുള്ള മാർഗ്ഗരേഖയിൽ താഴെപ്പറയുന്ന കാര്യങ്ങൾ വിശദമായി വിവരിച്ചിട്ടുണ്ട്.

- വികേന്ദ്രീകൃത ആസൂത്രണത്തിലെ പ്രശ്നങ്ങളും വെല്ലുവിളികളും.
- മുൻഗണനകളും ലക്ഷ്യം നേടാനുള്ള തന്ത്രങ്ങളും.
- 2007-08 ലെ വാർഷികപദ്ധതി രൂപീകരണ നടപടിക്രമങ്ങൾ.
- 2007-12 ലെ പഞ്ചവത്സര പദ്ധതി രൂപീകരണ നടപടികൾ.
- ചില വികസന മേഖലകളിൽ പാലിക്കേണ്ട പ്രത്യേക വ്യവസ്ഥകൾ.
- പദ്ധതി രൂപീകരണത്തിൽ പാലിക്കേണ്ട സംയോജന സാധ്യതകൾ.
- ധനവിഭവ സമാഹരണത്തിൽ ഊന്നൽ നല്കേണ്ട കാര്യങ്ങൾ.
- മേഖലാ വിഭജന നിബന്ധനകൾ.
- ജില്ലാപദ്ധതി രൂപീകരണ സംബന്ധമായ നടപടികൾ.
- പദ്ധതിരൂപീകരണ സഹായ സംവിധാനങ്ങൾ.
- അനുബന്ധങ്ങളായി പദ്ധതി രൂപീകരണ കലണ്ടറുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെ പട്ടിക, വാട്ടർഷെഡ് മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, ദാരിദ്ര്യഉപപദ്ധതി തയ്യാറാക്കൽ, ആശ്രയ പദ്ധതി തയ്യാറാക്കൽ, പട്ടികവർഗ്ഗ ഉപ പദ്ധതി തയ്യാറാക്കൽ, TSP യുടെ കീഴിലുള്ള പരിചരണ സർവ്വീസ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3. വികേന്ദ്രീകൃത ആസൂത്രണം : പ്രശ്നങ്ങളും വെല്ലുവിളികളും

ഗ്രാമ/വാർഡ് സഭകൾ വഴിയും മറ്റും ജനങ്ങൾ പ്രകടിപ്പിച്ച ആവശ്യങ്ങൾ മനസ്സിലാക്കി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും രൂപപ്പെടുത്തിയ വികസന കാഴ്ചപ്പാടുകൾ അനുസരിച്ചായിരുന്നു ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കിയിരുന്നതെങ്കിൽ പതിനൊന്നാം പദ്ധതി രൂപീകരണത്തിൽ ലഭ്യമായ എല്ലാ വിവര (data) ശേഖരവും ജനങ്ങളുടെ വികസന വിലയിരുത്തലുകളും പൂർണ്ണമായി ഉപയോഗപ്പെടുത്തി പ്രാദേശിക വികസന മുൻഗണന

കണ്ടെത്താനുള്ള കൂടുതൽ ശാസ്ത്രീയവും ഏറ്റവും നല്ലതുമായ വഴി തന്നെ തെരഞ്ഞെടുക്കണം. ജനപങ്കാളിത്തത്തിന്റെ ഗുണനിലവാരം ആഴവും പരപ്പും ഉള്ളതാക്കണം. അതിനായി ഗ്രാമസഭ/വാർഡ് സഭകളെ സജീവമാക്കണം. അവിടെ നടക്കുന്ന ചർച്ചകൾ നമ്മുടെ ചുറ്റുപാടുകളിലെ കാര്യങ്ങൾക്കപ്പുറം തദ്ദേശഭരണ പ്രദേശത്തെയോ അതിലും വിപുലമായ പ്രദേശത്തെയോ മനസ്സിൽ കണ്ടുകൊണ്ടാകണം. നമ്മുടെ നാട്ടിൽ ലഭ്യമായ ഏറ്റവും നല്ല വിദഗ്ദ്ധരെ പദ്ധതി രൂപീകരണത്തിൽ പങ്കെടുപ്പിക്കണം. കൈമാറ്റം ചെയ്ത എല്ലാ ഉദ്യോഗസ്ഥരുടെയും സേവനം ഉപയോഗപ്പെടുത്തണം.

### 4. മുൻഗണനകളും ലക്ഷ്യം നേടാനുള്ള തന്ത്രങ്ങളും

പ്രാദേശിക സാമ്പത്തിക വികസനത്തിന് ഏറ്റവും ഉയർന്ന മുൻഗണന നല്കണം. പാവപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ സാധ്യതകളും കൂടുതൽ വരുമാനവും നല്കാവുന്ന തരത്തിലുള്ള പ്രാദേശിക സാമ്പത്തിക വികസനമാണ് ലക്ഷ്യമിടേ ണ്ടത്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ നീർത്തടാധിഷ്ഠിത മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ശാസ്ത്രീയ ജൈവപരിപാലന രീതികൾ അവലംബിക്കുന്ന ഭക്ഷ്യവിള കൃഷികൾക്കും, വനപരിപാലനത്തിനും, കൃഷിയിടങ്ങളിലെ പരിസ്ഥിതി പുനരുജ്ജീവനത്തിനും, തീരസംരക്ഷണത്തിനും, ചതുപ്പുനില പരിപാലനത്തിനും ഊന്നൽ നൽകണം. അതോടൊപ്പം പ്രാദേശിക ഉല്പന്നങ്ങൾക്ക് മൂല്യം വർദ്ധിപ്പിക്കുന്ന സൂക്ഷ്മ സംരംഭ ങ്ങൾക്കും ചെറുതും ഇടത്തരവുമായ ഉല്പാദന സംരംഭങ്ങൾക്കും അവയുടെ ഉല്പന്നങ്ങളുടെ വിപണനത്തിനും മുൻഗണന നൽകണം. പദ്ധതികളെല്ലാം പ്രാദേശിക സാമ്പത്തിക വികസനത്തിനും, സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, പാവപ്പെട്ടവർക്കും വികസനത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടവർക്കും ഊന്നൽ നല്കുന്നവയായിരിക്കണം.

ധനദുർവിനിയോഗത്തിൽ കലാശിക്കാവുന്ന ചെറിയ പ്രോജക്ടുകൾ ഒഴിവാക്കി കൂടുതൽ ജനങ്ങൾക്കും സ്ഥലത്തും പ്രയോജനം ചെയ്യുന്നവ സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനത്തിലെ വിവിധ മേഖലകൾ തമ്മിലും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് തലങ്ങൾ തമ്മിലും സംയോജനം ഉണ്ടായിരിക്കണം. എല്ലാ വരുമാന സ്രോതസ്സുകളും, കേന്ദ്ര-സംസ്ഥാന സ്കീമുകൾ ഉൾപ്പെടെയുള്ള സ്കീമുകളും സംയോജിപ്പിക്കണം. ഓരോ തദ്ദേശഭരണ സ്ഥാപനവും ഉണ്ടാക്കുന്ന പദ്ധതിയും ജില്ലാ പദ്ധതിയുമായി സംയോജനം വേണം. സേവന മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിൽ ആളുകൾക്ക് പരിശീലനം നല്കുന്നതിനും പ്രാധാന്യം നല്കണം. പാവപ്പെട്ടവരുടെ ഉന്നമനത്തിനായി ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി നിർബന്ധമായും ഉൾപ്പെടുത്തുകയും ആശ്രയ പദ്ധതി വ്യാപകമാക്കുകയും വേണം. ടി.എസ്സ്.പി (T.S.P), എസ്സ്.സി.പി (S.C.P) പദ്ധതികൾ ഗുണനിലവാരമുള്ളതാക്കണം. വനിതകളുടെയും, കുട്ടികളുടെയും, വയോവൃദ്ധരുടെയും, വൈകല്യമുള്ളവരുടെയും സ്ഥിതിവിവരപഠന റിപ്പോർട്ട് തയ്യാറാക്കണം. യാഥാസ്ഥിതിക മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെപ്പോലെ ദുരന്തങ്ങളിൽപ്പെട്ടുപോകുന്നവരുടെ കാര്യങ്ങളിലും ശ്രദ്ധിക്കണം. പൊതുസേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കണമെന്നും അതിനായി ഏഴു ഘടകങ്ങളും മാർഗ്ഗരേഖയിൽ വിവരിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി ഓരോ തദ്ദേശ ഭരണസ്ഥാപനവും 13 ഘടകങ്ങളുള്ള ഒരു സദ്ഭരണ പദ്ധതി (Good Governance Plan) യും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജനപങ്കാളിത്തം, കൃത്യമായ കണക്കു സൂക്ഷിപ്പ്, ഭരണനവീകരണം, സുതാര്യത, കാര്യക്ഷമത, ഫലപ്രാപ്തി, അക്കൗണ്ടബിലിറ്റി, സേവനങ്ങളുടെ ഗുണമേന്മ, നീതിപൂർവ്വകമായ പരാതി പരിഹാരം, ഉദ്യോഗസ്ഥരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് ഓരോ തദ്ദേശഭരണ സ്ഥാപനവും സ്വീകരിക്കുവാനുദ്ദേശിക്കുന്ന കാര്യങ്ങളാണ് സദ്ഭരണപദ്ധതിയിൽ ഉണ്ടാകേണ്ടത്.

### 5. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം

തദ്ദേശഭരണ സ്ഥാപനം പദ്ധതി രൂപീകരണത്തിന് വർക്കിംഗ് ഗ്രൂപ്പുകൾ ഉടനടി രൂപീകരിക്കണം. 12 വർക്കിംഗ് ഗ്രൂപ്പുകളെങ്കിലും നിർബന്ധമായും ഉണ്ടായിരിക്കണം. അവ താഴെപ്പറയുന്ന വിഷയങ്ങളിലായിരിക്കണം.

- നീർത്തട പരിപാലനം
- പ്രാദേശിക സാമ്പത്തിക വികസനം
- ദാരിദ്ര്യലഘൂകരണം-പാർപ്പിടം ഉൾപ്പെടെ
- പട്ടികജാതിക്കാരുടെ ഉന്നമനം
- വനിതകളുടെയും ശിശുക്കളുടെയും വികസനം
- ആരോഗ്യം
- ജലവിതരണം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം
- വിദ്യാഭ്യാസം, സംസ്ക്കാരം, സ്പോർട്സ്, യുവജനങ്ങൾ
- പശ്ചാത്തല സൗകര്യങ്ങൾ
- സാമൂഹ്യ സുരക്ഷിതത്വം
- ഊർജ്ജം
- ഭരണ പദ്ധതി

പട്ടികവർഗ്ഗ പദ്ധതി ഉള്ളിടത്ത് അതിനും വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.

#### *5.1 വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന*

വർക്കിംഗ് ഗ്രൂപ്പ് രൂപീകരണമാണ് പദ്ധതിരൂപീകരണത്തിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ

ചെയ്യേണ്ട ആദ്യ പ്രവർത്തി. വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശഭരണ സ്ഥാപനത്തിലെ ജനപ്രതിനിധി ആയിരിക്കണം. പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിന് പട്ടികജാതിയിൽപ്പെട്ട അംഗവും വനിതാ-ശിശു വർക്കിംഗ് ഗ്രൂപ്പിന് വനിതയും തലവനായിരിക്കണം. നീർത്തട വികസനത്തിന്റെയും ദാരിദ്ര്യ ഉപപദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെ തലവൻ ചെയർപേഴ്സൺ തന്നെയാവണം. എല്ലാ വർക്കിംഗ് ഗ്രൂപ്പിന്റെയും ഉപാധ്യക്ഷൻ അതതു മേഖലയിലെ ഒരു വിദഗ്ദ്ധനായിരിക്കണം. കൺവീനർ അതതു മേഖലയിലെ കൈമാറിക്കിട്ടിയ ഉയർന്ന ഉദ്യോഗസ്ഥനായിരിക്കണം. തദ്ദേശഭരണ പ്രദേശത്തിനു വെളിയിലുള്ള വിദഗ്ദ്ധരെയും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. അതതു മേഖലയിൽ അറിവുള്ളവരായിരിക്കണം വർക്കിംഗ് ഗ്രൂപ്പിൽ അംഗമാകേണ്ടത്. എല്ലാ വർക്കിംഗ് ഗ്രൂപ്പിലും കുടുംബശ്രീ CDS-ലെ ഒരു അംഗത്തെയും SC പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തണം. ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ-ശിശുവികസനം, പട്ടികജാതി ഉന്നമനം എന്നിവയിൽ രണ്ടാമതൊരു CDS അംഗത്തെകൂടി ഉൾപ്പെടുത്തണം. വർക്കിംഗ് ഗ്രൂപ്പ് യോഗനടത്തിപ്പിന്റെ മിനിട്ട്സ് സൂക്ഷിക്കണം. യോഗത്തിന്റെ കോറം കൺവീനർ ഉൾപ്പെടെ 4 അംഗങ്ങളാണ്.

വാട്ടർഷെഡ് മാനേജ്മെന്റ്, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പിൽ ബാങ്ക് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണം. വിവിധ വർക്കിംഗ് ഗ്രൂപ്പ് കൂടിചേർന്ന് ആലോചിച്ചു പരസ്പര ബന്ധമുള്ള സമഗ്ര പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ അതതു മേഖലകളിലെ സ്ഥിതി വിവരങ്ങൾ ശേഖരിച്ചു പഠിച്ച് കരടുനിർദ്ദേശങ്ങൾ തയ്യാറാക്കുകയും തുടർന്ന് ആദ്യം വാർഷിക പദ്ധതിയും അതിനു ശേഷം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുകയും വേണം.

## 6. വാർഷിക പദ്ധതി (2007-08) തയ്യാറാക്കൽ

പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് താമസമുണ്ടാകുമെന്നതിനാൽ 2007-08 ലേക്ക് വാർഷിക പദ്ധതി പ്രത്യേകമായി തയ്യാറാക്കേണ്ടതുണ്ട്. എല്ലാ സ്പിൽഓവർ പ്രോജക്ടുകളും വാർഷിക പദ്ധതിയിൽപ്പെടുത്തണം.

### *6.1 ദ്രുത സ്ഥിതിവിവര വിശകലനം (Quick Situation Analysis)*

വർക്കിംഗ് ഗ്രൂപ്പുകൾ അതതു മേഖലയിലെ കഴിഞ്ഞ പദ്ധ തികളിലെ സ്കീമുകളുടെ പട്ടിക തയ്യാറാക്കി, അവയുടെ ഭൗതികവും ധനകാര്യവുമായ നേട്ടങ്ങൾ, ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പട്ടിക, ഉണ്ടാക്കിയ ആസ്തികൾ, സർക്കാർ അതതു മേഖലയിൽ നടപ്പാക്കുന്ന സ്കീമുകൾ, ലഭ്യമായ വിവര ശേഖരം, ആസൂത്രണ നിർവ്വഹണം, മോണിട്ടറിങ്ങ് പ്രശ്നങ്ങൾ, പ്രശ്നങ്ങളുടെ പട്ടിക (problem metrix), സെക്ടറിലെ പ്രധാന പ്രശ്നങ്ങൾ, വികസന സാധ്യതകൾ എന്നിവ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടായി തയ്യാറാക്കുകയും പതിനൊന്നാം പദ്ധതിയിൽ നടപ്പാക്കേണ്ട പ്രോജക്ട് ആശയങ്ങളുടെ പട്ടിക ഉൾപ്പെടുത്തുകയും വേണം.

### *6.2 വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ കൂട്ടിചേർത്ത് ഒരു വികസനരേഖ തയ്യാറാക്കണം.*

തുടർന്ന് ജില്ലാ ആസൂത്രണ സമിതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും യോഗം വിളിച്ച് വാർഷിക പദ്ധതിയിൽ പാലിക്കേണ്ട മുൻഗണനകൾ നിശ്ചയിക്കണം.

### *6.3 സ്റ്റേക്ക്ഹോൾഡേർസുമായുള്ള ചർച്ചയാണ് അടുത്ത ഇനം*

തദ്ദേശഭരണ സ്ഥാപനത്തിലെ ഓരോ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡേർസുമായി ചർച്ച ചെയ്ത് പദ്ധതിയിൽ എന്തിനു മുൻഗണന നല്കണമെന്ന കാര്യത്തിൽ അഭിപ്രായം തേടണം.

### *6.4 ഗ്രാമസഭായോഗം*

ഗ്രാമസഭായോഗം കൂടി വാർഷിക പദ്ധതിയിലെ മുൻഗണന നിശ്ചയിക്കണം. നീർത്തടാധിഷ്ഠിത പദ്ധതിയുടെ പ്രാഥമിക തീരുമാനമെടുക്കലും ദാരിദ്ര്യരേഖയ്ക്ക് അന്തിമ അംഗീകാരം നല്കലും ഗ്രാമസഭ നടപടികളിൽ ഉൾപ്പെടുത്തണം. ഈ വർഷത്തെ വാർഷിക പദ്ധതിക്കു വേണ്ടിയുള്ള ഗ്രാമസഭ കൂടുമ്പോൾ നീർത്തടാധിഷ്ഠിത ഗ്രാമസഭയും കൂടണം. നീർത്തടാധിഷ്ഠിത ആസൂത്രണത്തിനുള്ള കമ്മിറ്റികളുടെ രൂപീകരണവും, നീർത്തട സംബന്ധമായ വിവരശേഖരണവും പഠനവും ഒട്ടും താമസമില്ലാതെ ആരംഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ G.O.(M.S) No. 295/06/ LSGD, dtd.28.12.06 ൽ വിവരിച്ചിട്ടുണ്ട്. *(2007 ഫെബ്രുവരി ലക്കം പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)*

### *6.5 കരട് പദ്ധതി*

വർക്കിംഗ് ഗ്രൂപ്പുകൾ കരടു പദ്ധതി തയ്യാറാക്കണം

### *6.6 വികസന സെമിനാർ*

കരടു പദ്ധതിരേഖ വികസന സെമിനാറിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.

### *6.7 പദ്ധതി അംഗീകരിക്കൽ*

പദ്ധതിയിലെ മുൻഗണനകളും പണം നീക്കിവെയ്ക്കലും തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കണം. തുടർന്ന് വാർഷിക പദ്ധതി അംഗീകരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് നല്കണം. ജില്ലാ ആസൂത്രണ സമിതി അവ പരിശോധിച്ച് യോഗ്യമെങ്കിൽ അംഗീകരിച്ച് നിർവ്വഹണത്തിനായി തദ്ദേശഭരണ സ്ഥാപനത്തെ ഏല്പിക്കും.

### 6.8 വാർഷിക പദ്ധതി (2007-08) തയ്യാറാക്കുന്നതിനുള്ള കലണ്ടർ

| | അവസാന തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനർരൂപീകരണം | 31 മെയ് 2007 |
| വികസനാവസ്ഥയുടെ അപഗ്രഥനവും വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടും തയ്യാറാക്കലും | 6 ജൂൺ 2007 |
| വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സംയോജിപ്പിക്കലും മുൻഗണനകൾ നിശ്ചയിക്കാൻ ജില്ലാ ആസൂത്രണ സമിതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗം നടത്തലും | 12 ജൂൺ 2007 |
| ഗ്രാമ-വാർഡ് സഭകൾക്കു മുമ്പുള്ള സ്റ്റേക്ക്ഹോൾഡേർസുമായുള്ള കൂടിയാലോചന | 16 ജൂൺ 2007 |
| ഗ്രാമ-വാർഡ് യോഗങ്ങൾ നടത്തൽ | 30 ജൂൺ 2007 |
| മറ്റുതലങ്ങളുമായുള്ള ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ കൂടിയാലോചനകൾ | 5 ജൂലൈ 2007 |
| കരടു പദ്ധതി രൂപീകരണം | 10 ജൂലൈ 2007 |
| വികസന സെമിനാർ | 16 ജൂലൈ 2007 |
| പ്രോജക്ട് തയ്യാറാക്കൽ, പദ്ധതിയ്ക്ക് അന്തിമ രൂപം നല്കൽ, ജില്ലാ ആസൂത്രണ സമിതിയ്ക്കു TAG വഴി പദ്ധതി സമർപ്പിക്കൽ | 31 ജൂലൈ 2007 |
| ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകൽ | 14 ആഗസ്റ്റ് 2007 |

### 6.9 വാർഷിക പദ്ധതി (2007-08) യ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. ഗ്രാമസഭ/വാർഡ്സഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയെക്കുറിച്ചുള്ളവ.
2. 2006-07 ലെ വാർഷിക പദ്ധതിയുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്.
3. 2007-08 ലെ പദ്ധതിരേഖ കഴിഞ്ഞ വാർഷിക പദ്ധതി രേഖയിലെ എല്ലാ അദ്ധ്യായങ്ങളും സദ്ഭരണപദ്ധതിയെപ്പറ്റിയുള്ള പുതിയ അദ്ധ്യായവും വേണം.
4. ദാരിദ്ര്യ ഉപപദ്ധതി 2007-08.
5. മെയിന്റനൻസ് പ്ലാൻ 2007-08.
6. പദ്ധതിയും സ്പിൽഓവർ പ്രോജക്ടുകളും അംഗീകരിക്കുന്ന പ്രമേയം - തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രമേയം.
7. പദ്ധതിയിൽ തനതുവരുമാനം ഉപയോഗിച്ചിരിക്കുന്നതിന്റെ പട്ടിക.
8. അനുബന്ധ ഫോറങ്ങൾ.
9. 3,4,5, & 6 എന്നീ ഇനങ്ങളുടെ ഇലക്ട്രോണിക്ക് കോപ്പിയും സമർപ്പിക്കണം.

പ്രോജക്ടുകൾ പുതിയ ഫോർമാറ്റിൽ തയ്യാറാക്കണം. ഫോർമാറ്റ് IKM തയ്യാറാക്കി നൽകും.

### 7. പഞ്ചവത്സരപദ്ധതി (2007-12) തയ്യാറാക്കൽ

ഈ വർഷത്തെ വാർഷിക പദ്ധതി ഉൾപ്പെടെ അടുത്ത അഞ്ച് വർഷത്തേയ്ക്ക് ഒരു പഞ്ചവത്സര പദ്ധതി ഉണ്ടാക്കണം. അതിന്റെ ഘട്ടങ്ങൾ പരിശോധിക്കാം.

### 7.1 വർക്കിംഗ് ഗ്രൂപ്പുകൾ കരടു നിർദ്ദേശങ്ങൾ തയ്യാറാക്കണം

വർക്കിംഗ് ഗ്രൂപ്പുകൾ അതതു മേഖലയിൽ കഴിഞ്ഞ രണ്ടു പദ്ധതികൾ പഠിച്ച് സ്കീമുകളുടെ പട്ടിക, അവയുടെ ഭൗതികവും ധനകാര്യവുമായ നേട്ടങ്ങൾ, സമ്പൂർണ്ണ ഗുണഭോക്തൃ പട്ടിക, നിർമ്മിച്ച ആസ്തികൾ, സർക്കാർ സ്കീമുകളുടെ പട്ടിക, ലഭ്യമായ വിവര ശേഖരം, ആസൂത്രണ നിർവ്വഹണം, മോണിട്ടറിങ്ങ് പ്രശ്നങ്ങൾ, വികസന പ്രശ്നങ്ങളുടെ മാട്രിക്സ് (matrix), മേഖലയിലെ പ്രധാന പ്രശ്നങ്ങളും വികസന സാധ്യതകളും തയ്യാറാക്കുകയും പതിനൊന്നാം പദ്ധതിയിൽ നടപ്പാക്കേണ്ട പ്രോജക്ടുകളുടെ ആശയങ്ങളുടെ പട്ടിക തയ്യാറാക്കുകയും വേണം.

### 7.2 സ്റ്റേക്ക്ഹോൾഡേർസുമായി ചർച്ച

തദ്ദേശഭരണ സ്ഥാപനത്തിലെ ഓരോ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡേർസുമായി ചർച്ച ചെയ്ത് പദ്ധതിയിൽ എന്തിന് മുൻഗണനകൾ നല്കണമെന്ന കാര്യത്തിൽ അഭിപ്രായം തേടണം. സ്റ്റേക്ക്ഹോൾഡേർസുമായി ചർച്ച ചെയ്യുമ്പോൾ വാർഷിക പദ്ധതിയ്ക്കും പഞ്ചവത്സര പദ്ധതിയ്ക്കും പ്രത്യേകമായി നിർദ്ദേശങ്ങൾ ശേഖരിക്കണം.

### 7.3 ഗ്രാമസഭ-വാർഡുസഭ യോഗങ്ങൾ

ഗ്രാമ/വാർഡ് സഭകൾ വിളിച്ചു ചേർത്ത് വികസന വിഷയങ്ങൾ ചർച്ച ചെയ്ത് ഗ്രാമസഭയുടെ വികസന മുൻഗണനകളെ സംബന്ധിച്ച ശുപാർശകൾ രൂപപ്പെടുത്തണം. ഓരോ ഗ്രാമ/വാർഡ് സഭയും സജീവമായി നടത്താൻ ഫെസിലിറ്റേറ്റർമാരെ നിശ്ചയിക്കണം. വികസന പ്രശ്നങ്ങൾ ചോദ്യരൂപത്തിൽ തയ്യാറാക്കി അതു മുൻനിർത്തിയായിരിക്കണം ചർച്ചകൾ നടത്തേണ്ടത്. ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തണം. ഗ്രാമസഭകൾ പ്രോജക്ടുകളുടെ മുൻഗണനകൾ കൃത്യമായി നിശ്ചയിക്കണം. അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ ഗ്രാമ-വാർഡ് സഭകൾ മാനദണ്ഡങ്ങൾ മുൻകൂട്ടി നിജപ്പെടുത്തി വേണം മുൻഗണന നിശ്ചയിക്കേണ്ടത്. ആസ്തികളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തുകൾ അതിന്റെ പരിധിയിലുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അംഗങ്ങളെ ഉൾപ്പെടുത്തി സമാനമായ ചർച്ചകൾ നടത്തണം. ജില്ലാ

പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി ചർച്ച ചെയ്താൽ മതിയാകും.

### *7.4 നീർത്തടാധിഷ്ഠിത ആസൂത്രണം*

ജില്ലയിലും ബ്ലോക്കിലും ഗ്രാമപഞ്ചായത്തിലും വാട്ടർ ഷെഡ് തലത്തിലും കമ്മിറ്റികൾ രൂപീകരിക്കണം. ആ പ്രദേശത്തെ നീർത്തടങ്ങളുടെ ഒരു നോട്ട് തയ്യാറാക്കണം. കൂടാതെ നടന്നുവരുന്ന മറ്റു വാട്ടർഷെഡ് പദ്ധതി വിവരങ്ങളും നീർത്തടാധിഷ്ഠിത രേഖകളും റിപ്പോർട്ടുകളും ശേഖരിക്കണം. തുടർന്ന് വാട്ടർഷെഡ് പ്രദേശത്തെ വാട്ടർഷെഡ്സഭ കൂടുകയും വേണം. വാട്ടർഷെഡ്സഭ കൂടുന്നതുവരെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ഒട്ടും താമസമില്ലാതെ നടത്തേണ്ടതാണ്. ഓരോ വാട്ടർഷെഡിനും വാട്ടർഷെഡ് കമ്മിറ്റികൾ രൂപീകരിക്കണം. വാട്ടർഷെഡ് കമ്മിറ്റികൾ വിവരശേഖരം നടത്തുകയും പ്രശ്നങ്ങളും പരിഹാര സാധ്യതകളും കണ്ടെത്തുകയും വാട്ടർഷെഡ് മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും വേണം. വാട്ടർഷെഡ് മാസ്റ്റർപ്ലാൻ പഞ്ചവത്സരപദ്ധതി രേഖയ്ക്ക് ആധാരമാകണമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് ഇനിയും മാർഗ്ഗനിർദ്ദേശങ്ങൾ വരാനുണ്ട്.

### *7.5 വികസന റിപ്പോർട്ടും കാഴ്ചപ്പാട് രേഖയും*

ഓരോ തദ്ദേശഭരണ സ്ഥാപനവും ഉദ്യോഗസ്ഥരും റിസോർസ് പേഴ്സൺസും ഉൾപ്പെടുന്ന ഒരു സംഘത്തെ വികസന റിപ്പോർട്ടും കാഴ്ചപ്പാട് രേഖ (Development Report & Vision Document) യും തയ്യാറാക്കാൻ നിയോഗിക്കണം. അതിൽ കൈമാറിയ ഉദ്യോഗസ്ഥരും ഉണ്ടാകണം. ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വികസന റിപ്പോർട്ടും കാഴ്ചപ്പാടു രേഖയും തയ്യാറാക്കണം. എന്നാൽ ജില്ലാ പഞ്ചായത്ത് അതു തയ്യാറാക്കേണ്ടതില്ല. പകരം ജില്ലാ ആസൂത്രണ സമിതിയാണ് അതു ചെയ്യേണ്ടത്.

നഗരഭരണ സ്ഥാപനങ്ങൾ JNNURM ന്റെ നഗരവികസന പദ്ധതി (city development plan) യുടെ രീതിയിൽ അതിലെ ഘടകങ്ങൾ ഉൾപ്പെടുത്തിവേണം വികസന റിപ്പോർട്ടും/ കാഴ്ചപ്പാടുരേഖയും തയ്യാറാക്കേണ്ടത്.

വികസന റിപ്പോർട്ടിൽ എല്ലാ മേഖലകളിലെയും വികസന സ്ഥിതി വിവരം ഉണ്ടായിരിക്കണം. എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകാവുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം അതു തയ്യാറാക്കേണ്ടത്. ഒൻപതും പത്തും പദ്ധതികളിലെ പ്രധാന ഇടപെടലുകളും അത്യന്തിക നേട്ടങ്ങളും വർക്കിംഗ് ഗ്രൂപ്പ് – ഗുണഭോക്താക്കൾ എന്നിവരുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. കൂടാതെ റിപ്പോർട്ടിന്റെ ഭാഗമായ കാഴ്ചപ്പാടു രേഖയുടെ ഭാഗത്ത് തദ്ദേശഭരണ സ്ഥാപനത്തിൽ മൊത്തമായും ഓരോ മേഖലയിൽ പ്രത്യേകമായും അഞ്ചു വർഷങ്ങൾക്കുശേഷം ഉണ്ടാകാവുന്ന വികസന സങ്കല്പം ഉൾപ്പെടുത്തണം.

### *7.6 കരടുപദ്ധതി തയ്യാറാക്കൽ*

ഇനി തദ്ദേശഭരണ സ്ഥാപനം ഓരോ മേഖലയ്ക്കുമുള്ള ധനവിഹിതം നിശ്ചയിക്കണം. അതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്ത യോഗം കൂടി സ്കീമുകളുടെ മുൻഗണന നിശ്ചയിച്ച് കരടു പദ്ധതി രേഖ തയ്യാറാക്കണം. കരടുപദ്ധതിയിൽ 12 ഘടകങ്ങൾ ഉണ്ടായിരിക്കണം. ആ ഘടകങ്ങൾ മറ്റൊരിടത്ത് പട്ടികയായി നല്കിയിട്ടുണ്ട്.

ദാരിദ്ര്യ ഉപപദ്ധതിയും, സദ്ഭരണ പദ്ധതിയും, മെയിന്റനൻസ് പ്ലാനും, ട്രൈബൽ പദ്ധതിയുള്ളിടത്ത് ട്രൈബൽ സബ് പ്ലാനും പ്രത്യേകമായി സമർപ്പിക്കണം.

### *7.7 വികസന സെമിനാർ*

ഓരോ ഗ്രാമസഭയിൽ നിന്നും (ഒരാണും ഒരു പെണ്ണും) രണ്ടു പ്രതിനിധികൾ വീതവും വികസന കാര്യങ്ങളിൽ തല്പരരായവരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി വികസന സെമിനാർ വിളിച്ചു ചേർത്ത് കരടു പദ്ധതിയും മെയിന്റനൻസ് പ്ലാനും ചർച്ച ചെയ്ത ശേഷം പദ്ധതിയ്ക്കും വികസന സമീപനത്തിനും സൂക്ഷ്മ രൂപം വരുത്തുകയും വേണം. ഓരോ തദ്ദേശഭരണ സ്ഥാപനവും ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ചിട്ടുള്ള മുഖ്യവിഷയങ്ങളിൽപ്പെടുന്ന ഏതെങ്കിലും വിഷയം അടുത്ത അഞ്ചുവർഷത്തെ വികസനത്തിന്റെ മുഖ്യവിഷയമോ വ്യത്യസ്ത വിഷയങ്ങൾ ഓരോ വർഷത്തെയും മുഖ്യവികസന വിഷയമായോ സ്വീകരിക്കണം.

### *7.8 പദ്ധതി മെച്ചമാക്കൽ*

തദ്ദേശഭരണ സ്ഥാപനം വർക്കിംഗ് ഗ്രൂപ്പുമായി കൂടി ഇരുന്ന് വികസനസെമിനാറിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് വേണ്ട മുൻഗണനകളും, തന്ത്രങ്ങളും, ധനവിഭജനവും നടത്തണം.

### *7.9 പ്രോജക്ട് തയ്യാറാക്കൽ*

വർക്കിംഗ് ഗ്രൂപ്പുകൾ തുടർന്ന് നിശ്ചിത പ്രോജക്ട് ഫോർ മാറ്റിൽ വിശദമായ പ്രോജക്ടുകൾ തയ്യാറാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ സാങ്കേതിക കാര്യങ്ങൾ, ഗുണമേന്മ സംബന്ധവുമായ കാര്യങ്ങൾ, സുസ്ഥിരത എന്നിവ നിഷ്ക്കർ ഷയോടെ പരിഗണിച്ചു പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കണം. പ്രോജക്ടുകളുടെ എണ്ണം വളരെ കുറയ്ക്കണം. ചെറുതും നിസ്സാര ഫലമുള്ളതുമായ പ്രോജക്ടുകൾ ഒഴിവാക്കണം.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനു തയ്യാറാക്കാനാവുന്നതിൽ ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗരേഖയാണ് നമ്മുടേത്. പക്ഷെ അതിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളുടെ സങ്കീർണ്ണതയും അർത്ഥവ്യാപ്തിയും ഉൾക്കൊള്ളാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിഞ്ഞാൽ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഒരു ലോകോത്തര മാതൃകയായിരിക്കും നമ്മൾ സൃഷ്ടിക്കുന്നത്.

### *7.10 പദ്ധതി അന്തിമമായി തീർപ്പാക്കൽ*

തദ്ദേശഭരണ സ്ഥാപനം യോഗം കൂടി പദ്ധതി അന്തിമമായി അംഗീകരിച്ച് ഉചിതമായ രേഖകളുമായി സാങ്കേതിക ഉപദേശക ഗ്രൂപ്പ് മുഖേന ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കണം. ജില്ലാ ആസൂത്രണ സമിതി അംഗീകാരയോഗ്യമെങ്കിൽ അംഗീകരിച്ച ശേഷം ഒരു അംഗീകാര ഉത്തരവു സഹിതം നിർവ്വഹണത്തിനായി തിരികെ നൽകും.

### 7എ. പഞ്ചവത്സര പദ്ധതിരേഖ (2007-12) യുടെ ഘടന

പദ്ധതിരേഖയിൽ 12 ഘടകങ്ങൾ ഉണ്ടായിരിക്കണം.

1. തദ്ദേശഭരണ പ്രദേശത്തെ വികസന സ്ഥിതി വിവരം.
2. കഴിഞ്ഞ പത്തുവർഷത്തെ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ.
3. കഴിഞ്ഞ പത്തുവർഷത്തെ വികസന വിജയപരാജയങ്ങൾ.
4. ഒൻപത്-പത്ത് പദ്ധതികളിലെ ഭൗതികവും ധനപരവുമായ നേട്ടങ്ങൾ.
5. തദ്ദേശഭരണ സ്ഥാപനത്തിന്റെ ദീർഘകാല കാഴ്ചപ്പാട് (Strategic vision).
6. വിവിധ മേഖലകൾ തിരിച്ച് ഉൾപ്പെടുത്തേണ്ട പ്രോജക്ടുകളുടെ ഹ്രസ്വവിവരണം. ഓരോ മേഖലകളിലെയും നിലവിലുള്ള സ്ഥിതി, നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ. ലക്ഷ്യങ്ങൾ നേടാനുള്ള ഘട്ടം ഘട്ടമായ പ്രവർത്തനങ്ങൾ വേർ തിരിച്ചു രേഖപ്പെടുത്തണം. പ്ലാനിന്റെയും മെയിന്റനൻസ് പ്ലാനിന്റെയും കാര്യങ്ങളും വേർതിരിച്ചു പ്രത്യേകമായി രേഖപ്പെടുത്തണം.
7. ഉപമേഖലാടിസ്ഥാനത്തിൽ ധനവിഭജനം എങ്ങിനെ രേഖപ്പെടുത്തണം.
   a. വികസന ഫണ്ടിൽ നിന്ന്.
   b. മെയിന്റൻസ് ഫണ്ടിൽ നിന്ന്.
   c. തനതു വരുമാനം ജനറൽ പർപസ് ഗ്രാന്റ് എന്നിവയിൽ നിന്ന്.
   d. വായ്പയിൽ നിന്ന്.
   e. ജനങ്ങളുടെ സംഭാവനയിൽ നിന്ന്.
8. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, അഗതികൾക്കുള്ള പദ്ധതി, വനിതാഘടകപദ്ധതി, പ്രത്യേകവിഭാഗങ്ങൾക്കുള്ള പദ്ധതി, ഭരണപദ്ധതി എന്നിവ സംബന്ധിച്ച ഹ്രസ്വവിവരണങ്ങൾ.
9. മെയിന്റനൻസ് പ്ലാനിന്റെ ഹ്രസ്വവിവരണം.
10. വായ്പാ ബന്ധങ്ങൾ.
11. സംയോജനത്തെക്കുറിച്ചുള്ള വിവരങ്ങൾ.
12. മോണിട്ടറിങ്ങ് സംബന്ധിച്ച വിവരങ്ങൾ.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, ഭരണപദ്ധതി, മെയിന്റനൻസ് പ്ലാൻ, പട്ടികവർഗ്ഗ പദ്ധതി എന്നിവ പൂർണ്ണ വിവരങ്ങളോടെ പ്രത്യേകമായി പദ്ധതിരേഖയുടെ കൂടെ സമർപ്പിക്കുകയും വേണം.

### *7 ബി. പഞ്ചവത്സര പദ്ധതി (2007-12) യോടൊപ്പം ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ*

1. ഗ്രാമസഭ-വാർഡ്സഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവ സംബന്ധിച്ച രേഖകൾ.
2. വികസന റിപ്പോർട്ടിന്റെ രണ്ടു അച്ചടിച്ച കോപ്പികളും രണ്ടു സിഡികളും.
3. 2002-07 ലെ ചെലവുകളുടെ പട്ടിക.
4. പഞ്ചവത്സര പദ്ധതി (2007-12) രേഖ.
5. നീർത്തട മാസ്റ്റർ പ്ലാൻ.
6. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി.
7. പട്ടികവർഗ്ഗ ഉപപദ്ധതി - ആവശ്യമുള്ളിടത്ത്.
8. മെയിന്റനൻസ് പ്ലാൻ.
9. ഭരണപദ്ധതി.
10. സ്ഥിതി വിവരകണക്കുകൾ.
11. പദ്ധതിയിൽ ഉൾപ്പെടുത്തിയ തനതു വരുമാനത്തിന്റെ വിവരങ്ങൾ.
12. പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രമേയം.

ഇവയിൽ 3 മുതൽ 9 വരെയുള്ള കാര്യങ്ങൾ ഇലക്ട്രോണിക്ക് രൂപത്തിലും സമർപ്പിക്കേണ്ടതുണ്ട്.

***7 സി. പതിനൊന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള കലണ്ടർ***

| | *അവസാന തീയതി* |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ റിപ്പോർട്ട് തയ്യാറാക്കേണ്ടത് | 20 ആഗസ്റ്റ് 2007 |
| ജില്ലാ ആസൂത്രണ സമിതി നടത്തുന്ന ജില്ലാതല ശില്പശാലയ്ക്കു വേണ്ടി വർക്കിംഗ് ഗ്രൂപ്പുകളും റിസോർസ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സമാഹരിച്ച് ചർച്ചയ്ക്കുള്ള രേഖ തയ്യാറാക്കേണ്ടത് | 5 സെപ്തംബർ 2007 |
| ജില്ലാ പ്ലാനിങ്ങിനുള്ള മുൻഗണനകൾ നിശ്ചയിക്കാനുള്ള ശില്പശാലകൾ | 15 സെപ്തംബർ 2007 |
| ഗ്രാമസഭ/വാർഡ് സഭകൾ നടത്തലും നീർത്തട പദ്ധതി അംഗീകരിക്കലും | 5 ഒക്ടോബർ 2007 |
| വികസന റിപ്പോർട്ട് തയ്യാറാക്കൽ | 20 ഒക്ടോബർ 2007 |
| പഞ്ചവത്സരപദ്ധതിയുടെ കരട് തയ്യാറാക്കൽ | 30 ഒക്ടോബർ 2007 |
| വികസന സെമിനാർ | 10 നവംബർ 2007 |
| പഞ്ചവത്സരപദ്ധതി അന്തിമമായി അംഗീകരിക്കലും TAG വഴി DPC യ്ക്ക് സമർപ്പിക്കലും | 25 നവംബർ 2007 – ഗ്രാമപഞ്ചായത്ത്<br>20 ഡിസംബർ 2007– ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ<br>15 ജനുവരി 2008 – ജില്ലാ പഞ്ചായത്ത് |
| ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം | സമർപ്പിച്ച് 15 ദിവസത്തിനകം |
| ജില്ലാ പദ്ധതി അംഗീകരിക്കൽ | 31 ജനുവരി 2008 |

## 8. ചില മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

മണ്ണ്–ജല–ജൈവ സംരക്ഷണം വിദഗ്ദ്ധരെയും അതുമായി ബന്ധമുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ടു ചെയ്യണം. എല്ലാ ജലസേചന പദ്ധതികൾക്കും ഗുണഭോക്താക്കളിൽ നിന്നും 10 ശതമാനം വിഹിതം ഉൾപ്പെടുത്തിയിരിക്കണം. ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ബയോഡൈവേർസിറ്റി രജിസ്റ്റർ (bio-diversity register) തയ്യാറാക്കണം. ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ പ്രാദേശിക സാമ്പത്തിക വികസന സാധ്യതകളെ സംബന്ധിച്ച വിവരശേഖരം (data) ഉണ്ടാക്കണം.

അധ്യയന പഠനപ്രക്രിയയുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും, ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ പഠനം എന്നിവയ്ക്കും, പഠനത്തിനും വിനോദത്തിനും വേണ്ട ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും, സാക്ഷരതയ്ക്കും തുടർ പ്രവർത്തനങ്ങൾക്കും SSA യുമായി സംയോജിപ്പിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതികൾ ഉൾപ്പെടുത്തണം. ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ അങ്കനവാടി കെട്ടിടം നിർമ്മിക്കുകയും ശിശുക്കൾക്കും കൗമാരപ്രായക്കാർക്കുമുള്ള പോഷകാഹാര പദ്ധതികൾ നിർബന്ധമായും തടസ്സമില്ലാതെ നടത്തുകയും വേണം.

ആരോഗ്യ രംഗത്ത് രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും ഉപകരണങ്ങൾക്കും ഭൗതിക സൗകര്യങ്ങൾക്കും ഉള്ള പ്രോജക്ടുകൾ ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കണം. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിൽ പാവപ്പെട്ടവർക്ക് വീടും രണ്ടു വർഷത്തിനുള്ളിൽ സ്ഥലവും ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. കേരളത്തിലെ ചേരികൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പദ്ധതികൾ വേണം. എല്ലാ ഗ്രാമപഞ്ചായത്തും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഖരമാലിന്യ നിർമ്മാർജ്ജനത്തിനും ശുചിത്വ സൗകര്യങ്ങൾക്കും പരമ മുൻഗണന നല്കണം.

കുടിവെള്ള പദ്ധതിയിൽ 10 ശതമാനം ഗുണഭോക്തൃ വിഹിതം നിർബന്ധമായും ഉൾപ്പെടുത്തണം. പട്ടികജാതി ഉപപദ്ധതിയിൽ പട്ടികവർഗ്ഗ കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം. അവർക്ക് തൊഴിൽ ലഭിക്കാനും സാമ്പത്തിക വരുമാനം ഉണ്ടാക്കാനുമുള്ള പദ്ധതികളും ആവിഷ്ക്കരിക്കണം. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഹാംലെറ്റുകളിൽ പൊതുസൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇന്നുള്ള വൈദ്യുതി ഉപയോഗം കുറച്ച് ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കുന്നതിനും പുതിയ ഊർജ്ജസ്രോതസ്സുകൾ കൂടി വിനിയോഗിക്കുന്നതിനും ഉതകുന്ന സമഗ്രഊർജ്ജ പദ്ധതി ഉണ്ടാക്കണം. ഓരോ ജില്ലയിലെയും റോഡുകളുടെ ഒരു സമഗ്ര രൂപരേഖ (connection plan) തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കൂട്ടായി ആലോചിച്ച് പുതിയ റോഡുകളുടെ നിർമ്മാണവും പഴയവയുടെ അറ്റകുറ്റപ്പണികളും ഏറ്റെടുക്കണം. ഓരോ വാർഡിലും ഒരു കളിസ്ഥലം ഉണ്ടാക്കണം. കൂടാതെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഒരു സ്റ്റേഡിയം ഉണ്ടാകുകയും വേണം. കൂടാതെ ഭരണം മെച്ചപ്പെടുത്താനുതകുന്ന ഒരു സദ്ഭരണ പദ്ധതിയും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഉണ്ടായിരിക്കുകയും വേണം.

## 9. മേഖലാ വിഭജനം

മേഖലാ വിഭജനം നടത്തുന്നതിനു മുമ്പ് ആകെ വിഹിതത്തിൽ നിന്നും കുറയ്ക്കാവുന്ന ധനവിനിയോഗങ്ങൾ.

- ജലനിധിയും KSUDP യും പോലുള്ള വിദേശസഹായ പ്രോജക്ടുകൾക്കുള്ള നീക്കിവയ്പ്പ്.
- അക്ഷയയ്ക്കുള്ള വിഹിതം.
- അങ്കനവാടിയ്ക്കുവേണ്ടിയുള്ള വിഹിതം.
- ഖരമാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി നീക്കി വച്ച തുക.
- ആശ്രയക്ക് നീക്കി വച്ച തുക.

**ശേഷിക്കുന്ന തുകയിൽ നടത്തേണ്ട വിഭജനം**

| മേഖല | നഗരപ്രദേശം (ശതമാനം) | ഗ്രാമപ്രദേശം (ശതമാനം) |
|---|---|---|
| ഉല്പാദന മേഖല | 10 (കുറഞ്ഞത്) | 40 (കുറഞ്ഞത്) |
| പശ്ചാത്തല മേഖല | 50 (കൂടിയത്) | 20 (കൂടിയത്) |
| സേവന മേഖല | പ്രത്യേകം നിജപ്പെടുത്തിയിട്ടില്ല | |

## മറ്റു നിബന്ധനകൾ

- മൂന്നു മേഖലകളിൽ നിന്നും 15 ശതമാനം പണമെങ്കിലും ആസ്തി സംരക്ഷണത്തിന് വിനിയോഗിക്കണം.
- ജനറൽ ഫണ്ടിന്റെ 10 ശതമാനം വരെ, പശ്ചാത്തല മേഖലയിൽപ്പെടാത്ത 5 വർഷത്തേക്കുള്ള പ്രത്യേക മേഖല പ്രോജക്ടുകൾക്കോ സമഗ്ര പ്രോജക്ടുകൾക്കോ ഉപയോഗപ്പെടുത്താവുന്നതാണ്. അങ്ങനെയുള്ള പ്രോജക്ട് മേഖലാവിഭജനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ല.
- SCP യിൽ പശ്ചാത്തല മേഖലയ്ക്ക് 20 ശതമാനത്തിലും TSP യിൽ 25 ശതമാനത്തിലും അധികമാകരുത്. ഉല്പാദന മേഖലയ്ക്ക് പ്രത്യേക നിബന്ധനകൾ നിർണ്ണയിച്ചിട്ടില്ല. TSP യിൽ നിന്നും റോഡുകൾക്ക് ചെലവഴിക്കാൻ പാടില്ല. പട്ടികജാതിക്കാർ ഉപയോഗിക്കുന്ന ഫുഡ് സ്റ്റെപ്പ്സും ഫുഡ് ബ്രിഡ്ജസും പണിയാവുന്നതാണ്.
- വനിതാ ഘടക പദ്ധതിക്ക് ആകെ പദ്ധതി തുകയുടെ 10 ശതമാനം നീക്കി വയ്ക്കണം.
- കുട്ടികൾക്കും പ്രായമായവർക്കും അംഗവൈകല്യമുള്ളവർക്കും വേണ്ടി 5 ശതമാനം നീക്കി വയ്ക്കണം.
- നഗരപ്രദേശങ്ങളിൽ ചേരിവികസനത്തിന് 10 ശതമാനം നീക്കിവയ്ക്കണം.
- മുൻവർഷങ്ങളിൽ മേഖലാവിഭജനം പാലിക്കുന്നതിൽ കുറവു വന്നിട്ടുണ്ടെങ്കിൽ കുറവു വന്ന അത്രയും തുക ആ മേഖലയിൽ ഈ വർഷം അധികമായി നീക്കി വയ്ക്കണം. SCP, TSP, WCP കുട്ടികൾക്കും, വൃദ്ധർക്കും, അംഗവൈകല്യമുള്ളവർക്കുമുള്ള പദ്ധതിയിലും മുൻ വർഷങ്ങളിൽ കുറവാണെങ്കിൽ ആ കുറഞ്ഞ തുകയ്ക്കു പരിഹാരമായി കൂടുതൽ പരിഹാര തുക ആ മേഖലയിൽ അധികമായി വയ്ക്കണം.

## 10. പദ്ധതിയ്ക്ക് അംഗീകാരം നല്കുന്നത് എങ്ങനെ?

സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ (TAG) വഴിയാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി പദ്ധതികൾ സമർപ്പിക്കേണ്ടത്. ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ രൂപീകരിക്കും. ആ ഗ്രൂപ്പുകൾ പദ്ധതികൾ മാർഗ്ഗരേഖയ്ക്ക് അനുസരിച്ചാണോ, സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ, ഉചിതമായ പണം വകയിരുത്തിയിട്ടുണ്ടോ, നിർബന്ധമായ തുകകൾ നീക്കി വച്ചിട്ടുണ്ടോ, പദ്ധതി മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കാവുന്നതായുണ്ടോ എന്നിവ പരിശോധിക്കുകയും ഉചിതമായ ശുപാർശകളോടെ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കുകയും വേണം.

ജില്ലാതലത്തിലെ സാങ്കേതിക ഉപദേശക ഗ്രൂപ്പ് ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും, ബ്ലോക്ക് തലത്തിലുള്ള ഗ്രൂപ്പ് ഗ്രാമപഞ്ചായത്തിന്റെയും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ളവ അതതു മുനിസിപ്പാലിറ്റി/കോർപ്പേറഷനുകളുടെയും പദ്ധതിരേഖകളാണ് പരിശോധിക്കേണ്ടത്. സാങ്കേതിക ഉപദേശക ഗ്രൂപ്പുകളിൽ ഉദ്യോഗസ്ഥരും വിദഗ്ദ്ധരായ മറ്റുള്ളവരും സാങ്കേതിക ജ്ഞാനമുള്ള സന്നദ്ധപ്രവർത്തകരും ഉണ്ടാകും. ജില്ലാതല ഗ്രൂപ്പിന്റെ ചെയർമാൻ ജില്ലാ കളക്ടറും സെക്രട്ടറി ജില്ലാ പ്ലാനിംഗ് ഓഫീസ്സറുമായിരിക്കും. മറ്റു സാങ്കേതിക ഗ്രൂപ്പുകളുടെ സെക്രട്ടറി അതതു തലത്തിലെ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി ആയിരിക്കും. അവയുടെ ചെയർ പേഴ്സണെ ജില്ലാ ആസൂത്രണ സമിതി നിർണ്ണയിക്കും. സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾക്ക് വിവിധ വിഷയ മേഖലകൾക്കുവേണ്ടിയുള്ള ഉപഗ്രൂപ്പുകൾ ഉണ്ടാകും. ഉപഗ്രൂപ്പുകളുടെ ചെയർപേഴ്സണെയും കൺവീനറെയും ജില്ലാ ആസൂത്രണ സമിതിയായിരിക്കും നിശ്ചയിക്കുന്നത്.

സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾക്ക് പ്രോജക്ടുകൾ പരിശോധിക്കാം, സ്ഥലം വേണമെങ്കിൽ സന്ദർശിക്കാം, ഉചിതമായ ശുപാർശകൾ നല്കുകയുമാവാം. അവർക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തലവനും നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചർച്ച നടത്താം. പക്ഷേ പ്രോജക്ടിൽ ഉള്ള മുൻഗണനകളിൽ മാറ്റം വരുത്താൻ അവകാശമില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പിന്റെ സെക്രട്ടറിയ്ക്കാണ് പദ്ധതിരേഖ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടത്. 10 ദിവസത്തിനകം അവർ പരിശോധന കഴിയ്ക്കണം.

ജില്ലാ പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും പദ്ധതി രേഖകൾ ജില്ലാതല സാങ്കേതിക ഗ്രൂപ്പ് പരിശോധിച്ച ശേഷം സംസ്ഥാനതല സാങ്കേതിക ഗ്രൂപ്പിന്റെ പരിശോധനയ്ക്കു

നല്കണം. സാങ്കേതിക ഉപദേശകഗ്രൂപ്പുകൾ എല്ലാം ജില്ലാ ആസൂത്രണ സമിതിയ്ക്ക് പ്രോജക്ടുകളുടെ ഗുണനിലവാരത്തെപ്പറ്റി പ്രത്യേക റിപ്പോർട്ടും അവ മെച്ചമാക്കി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളും നല്കണം.

### *10.1 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം*

ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിനു ലഭിക്കുന്ന പ്രോജക്ടുകളിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതിനപ്പുറം ജില്ലയിലെ വികസന കാഴ്ചപ്പാടിലെ മുൻഗണനകൾക്ക് അനുസൃതമാണോ എന്നും പരിശോധിക്കണം. പദ്ധതിയിൽ മാറ്റം വരുത്തണമെന്ന് ജില്ലാ ആസൂത്രണ സമിതിയ്ക്കു തോന്നുന്നുവെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ തലവനുൾപ്പെടെയുള്ള പ്രതിനിധികളുമായി ചർച്ച നടത്തണം. DPCയും തദ്ദേശഭരണ സ്ഥാപനവും തമ്മിലുള്ള ചർച്ച സമവായത്തിലെത്താതെ തർക്കത്തിലവസാനിക്കുന്നുവെങ്കിൽ വിഷയം സംസ്ഥാന കോർഡിനേഷൻ സമിതിയുടെ തീർപ്പിനായി വിടണം.

## 11. വികേന്ദ്രീകൃത ആസൂത്രണ സഹായ സംവിധാനങ്ങൾ

ജൂൺ 2007 മുതൽ മാർച്ച് 2008 വരെയുള്ള കാലത്തേയ്ക്ക് ഓരോ ജില്ലയ്ക്കും, ബ്ലോക്കിനും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും, വിവിധ വകുപ്പുകളിൽ നിന്നും അതതു ഭരണസമിതി ഏകാഭിപ്രായത്തോടെ കണ്ടെത്തി നിർദ്ദേശിക്കുന്ന മൂന്നുപേരിൽ ഒരാളെ പ്ലാൻ കോഡിനേറ്ററായി ജില്ലാകളക്ടർ നിർണയിച്ചു നൽകും. 'കില' പദ്ധതി തയ്യാറാക്കലിന് ആവശ്യമായ പരിശീലനം നൽകും. കൂടാതെ ആവശ്യമായ സഹായഗ്രന്ഥങ്ങൾ (tool kits) രൂപപ്പെടുത്തി നൽകും. സംസ്ഥാനതലത്തിൽ തദ്ദേശഭരണ വകുപ്പിനു കീഴിൽ പ്രവർ ത്തിക്കുന്ന, വിവിധ വികസന വകുപ്പുകളിൽ നിന്നും തെരഞ്ഞെടുത്ത 27 പേരടങ്ങുന്ന സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് ആസൂത്രണ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായ സംവിധാനങ്ങൾ നൽകും.

ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതിയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്ലാൻ സപ്പോർട്ട് ഗ്രൂപ്പ് (Plan Support Group) ജില്ലാതല പ്രവർത്തനങ്ങൾ സജീവമാക്കും. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നാമനിർദ്ദേശം ചെയ്ത വിദഗ്ദ്ധ അംഗം അതിന്റെ തലവനായിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസ്സർ അതിന്റെ ചീഫ് കോർഡിനേറ്ററായി പ്രവർത്തിക്കും. ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റിലെ പ്രോജക്ട് ഡയറക്ടറോ ജില്ലയിലെ ഏതെങ്കിലും അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറോ ഗ്രൂപ്പിന്റെ കോർഡിനേറ്ററായിരിക്കും. ജില്ലാ ആസൂത്രണ സമിതിയാണ് കോർഡിനേറ്ററെ നിശ്ചയിക്കേണ്ടത്. വികസനത്തിന്റെ 14 വിവിധ മേഖലകൾക്ക് 5-7 വരെ പേർ ഉണ്ടാകുന്ന മേഖലാതല റിസോഴ്സ് ഗ്രൂപ്പുകളും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കും.

ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി ആസൂത്രണം ഏകോപിപ്പിക്കേണ്ടത് കൃഷി ഓഫീസ്സറാണ്. സംസ്ഥാന തലത്തിൽ സംസ്ഥാന ആസൂത്രണബോർഡും ജില്ലാ പ്ലാനിംഗ് കമ്മിറ്റികളുമായി പദ്ധതിരൂപീകരണ നിർവ്വഹണ പ്രശ്നങ്ങളുടെ കുരുക്കഴിക്കാൻ നിരന്തര ആശയവിനിമയം ഉണ്ടായിരിക്കും.

## 12. ഇനിയും പുറപ്പെടുവിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

മാർഗ്ഗരേഖയ്ക്ക് അനുബന്ധമായ ഒട്ടനവധി നിർദ്ദേശങ്ങൾ ഇനിയും പുറപ്പെടുവിക്കാനുണ്ട്. അവ താഴെപ്പറയുന്നു.

| മാർഗ്ഗരേഖയിലെ നമ്പർ | വിഷയം |
|---|---|
| 4.5.11 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ സർക്കുലർ പുറപ്പെടുവിക്കും. |
| 4.9.1 | വികസന റിപ്പോർട്ട്-വിഷൻ ഡോക്യുമെന്റ് എന്നിവയുടെ ടൂൾ കിറ്റ് കില വിതരണം ചെയ്യും. |
| 4.13.1 | വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ ഫോർമാറ്റ് നിശ്ചയിച്ചു നൽകും. മാതൃകാ പ്രോജക്ടുകളുടെ ഒരു പട്ടിക IKM വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ടെംപ്ലേറ്റും തയ്യാറാക്കും. |
| 4.13.3 | പ്രോജക്ടുകളുടെ ആകെ എണ്ണം വളരെ കുറയ്ക്കുന്നതിന് മാർഗ്ഗദർശകമാകേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. |
| 4.8 | വാട്ടർഷെഡ് മാസ്റ്റർപ്ലാനും വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ടുകളും തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കും. |
| 5.1.2 | വാട്ടർഷെഡ് സഭകൾ കൂടിയതിനുശേഷം ചെയ്യേണ്ട കാര്യങ്ങളുടെ വിശദാംശങ്ങൾ പുറപ്പെടുവിക്കും. |
| 9.1.8 | ജില്ലാപ്ലാൻ രൂപീകരണത്തെ സംബന്ധിച്ച സർക്കുലറുകൾ പ്രസിദ്ധീകരിക്കും. |
| 10.3 | പദ്ധതിരൂപീകരണത്തിനുള്ള ടൂൾ കിറ്റുകൾ, ഫോർമാറ്റുകൾ, ടെംപ്ലേറ്റുകൾ, ചെക്ക് ലിസ്റ്റുകൾ, വിവിധ മേഖല കൾക്കുള്ള കൈപ്പുസ്തകങ്ങൾ - കിലയാണ് ഇവ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത്. |

## 13. ഉപസംഹാരം

ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനു തയ്യാറാക്കാനാവുന്നതിൽ ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗരേഖയാണ് നമ്മുടേത്. പക്ഷെ അതിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളുടെ സങ്കീർണ്ണതയും അർത്ഥവ്യാപ്തിയും ഉൾക്കൊള്ളാനും അതനുസരിച്ച് പ്രവർ ത്തിക്കാനും കഴിഞ്ഞാൽ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഒരു ലോകോത്തര മാതൃകയായിരിക്കും നമ്മൾ സൃഷ്ടിക്കുന്നത്. ●



എ. അജിത്കുമാർ, ഐ.എ.എസ്

# അധികാരവികേന്ദ്രീകരണവും സദ്ഭരണവും
# വിവരസാങ്കേതികവിദ്യയുടെ പ്രസക്തി

**73,** 74 ഭരണഘടനാ ഭേദഗതികളുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അധികാരവും അർത്ഥവും തൃണമൂലതലത്തിലേക്ക് പകർന്നു നൽകിയ അനന്യവും ഉദാത്തവുമായ "കേരളവികസന മാതൃക" ഭാരതത്തിൽ മാത്രമല്ല ആഗോളതലത്തിൽത്തന്നെ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. ഗാന്ധിജിയുടെ സ്വപ്നമായ ഐശ്വര്യസമൃദ്ധവും സ്വയം പര്യാപ്തവുമായ ഗ്രാമസ്വരാജ് കെട്ടിപ്പടുക്കുന്നതിനുള്ള ക്രിയാത്മകവും യുക്തിഭദ്രവുമായ ചുവടുവയ്പായി കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, നിർവ്വഹണമേൽനോട്ടം, മോണിട്ടറിംഗ് തുടങ്ങി എല്ലാ മേഖലകളിലും ഗ്രാമസഭകൾക്ക് പൂർണ്ണ അധികാരം നൽകുകയും പങ്കാളിത്ത ജനാധിപത്യവും സുതാര്യതയും ഉറപ്പാക്കുകയും ചെയ്തുകൊണ്ട് 1996–ൽ നാന്ദി കുറിച്ച ജനകീയ പ്രസ്ഥാനം വളർച്ചയുടെയും ഗുണമേന്മയുടെയും പുതിയ മേഖലകളിലേക്ക് കടക്കുകയാണ്. കേന്ദ്രസർക്കാർ അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനങ്ങൾക്കായി ഏർപ്പെടുത്തിയ ആദ്യത്തെയും (2005) രണ്ടാമത്തെയും (2006) ദേശീയ പുരസ്കാരങ്ങൾ കേരളം കരസ്ഥമാക്കിയത് ഇതിന് ഉത്തമ നിദർശനമാണ്.

ഭരണയന്ത്രത്തെ പൂർണ്ണമായും പാകപ്പെടുത്തുവാൻ കാത്തുനിൽക്കാതെ വികസനസാമൂഹികക്ഷേമ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് അവയുടെ ജോലിഭാരം പതിന്മടങ്ങ് വർദ്ധിപ്പിച്ചു. സേവന വ്യാപ്തിയും ഉത്തരവാദിത്തങ്ങളും ധനവിനിയോഗവും വർദ്ധിച്ചിട്ടും ചടുലമായ സേവനദായക സംവിധാനങ്ങളുടെ സജ്ജീകരണത്തിലും പൗരപ്രശ്നങ്ങളോടുള്ള സംവേദനക്ഷമമായ പരിഹാരനടപടികളിലും പ്രാദേശിക സർക്കാരുകൾ വമ്പിച്ച വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനും നിലവിലുള്ള ബാലാരിഷ്ടതകൾ തരണം ചെയ്യുന്നതിനും വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിന്യാസവും ആധുനിക മാനേജ്മെന്റ് സങ്കേതങ്ങളുടെ യുക്തിഭദ്രമായ സംക്രമണവും വഴി മാത്രമേ കഴിയൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തമായ പ്രാദേശികഭരണ സംവിധാനങ്ങളായി പരിവർത്തനം ചെയ്യുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയ; സുതാര്യവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം; ചിട്ടയായ വിഭവസമാഹരണം; വിഭവസ്രോതസ്സുകളുടെ വിപുലീകരണം, ചടുലമായ സേവന പ്രദാന സംവിധാനങ്ങൾ; കൃത്യതയുള്ള അക്കൗണ്ടിംഗ് പരിശോധനാ സംവിധാനങ്ങൾ; വിപുലമായ പരിശീലന സംവിധാനങ്ങൾ തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. ഈ പ്രക്രിയകളുടെയെല്ലാം വേഗതയും ഗുണനിലവാരവും കൃത്യതയും ഉറപ്പുവരുത്തുന്നതിന് ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആപ്ലിക്കേഷൻ സോഫ്ട്വെയറുകൾ ആവിഷ്ക്കരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും വിന്യസിക്കേണ്ടതുണ്ട്.

ചുവപ്പുനാടയും അഴിമതിയും

> വിജ്ഞാനവിസ്ഫോടനത്തിന്റെയും ശാസ്ത്രസാങ്കേതികമുന്നേറ്റത്തിന്റെയും വർത്തമാനകാലയുഗത്തിൽ അവയുടെ പ്രാധാന്യം ഉൾക്കൊള്ളാതെ ഒറ്റപ്പെട്ട തുരുത്തായി നിലകൊള്ളുന്നത് സ്വന്തം അസ്തിത്വത്തിനോടു തന്നെയുള്ള വെല്ലുവിളിയായിരിക്കും. എല്ലാ വികസനതുറകളിലും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വികസന സേവനപ്രക്രിയകളുടെ സിംഹഭാഗവും നിർവ്വഹിക്കുന്ന അടിസ്ഥാനസ്ഥാപനങ്ങളെന്ന നിലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കാലവിളംബവും ഒഴിവാക്കി സാമൂഹ്യനീതിയും സമഗ്രവികസനവും ഉറപ്പു നൽകുന്ന പൗരസേവന കേന്ദ്രീകൃതമായ ജനസേവനകേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ മാറ്റുന്നതിൽ സുപ്രധാന സ്ഥാനമാണ് വിവരസാങ്കേതിക വിദ്യയ്ക്കുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ജോലിഭാരം വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സഹായത്തോടെ വികസന പദ്ധതികളുടെ ആസൂത്രണപ്രക്രിയ മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇലക്ട്രോണിക്ക് ബില്ലിംഗ് വരെ എല്ലാ സുപ്രധാന വികസനസേവന പ്രവർത്തനങ്ങളും വേഗത്തിലും കാര്യക്ഷമമായും സുതാര്യമായും നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇനി ഏറ്റെടുത്ത് നടത്തേണ്ടത്. അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനും ആസൂത്രണപ്രക്രിയയിൽ ദീർഘമായ കാഴ്ചപ്പാട് ഉറപ്പുവരുത്തി നീർത്തടാധിഷ്ഠിതമായ സ്ഥലപരാസൂത്രണത്തിന് മുൻഗണന നൽകി ഉൽപ്പാദനമേഖലയിലെ മുരടിപ്പിന് ശാശ്വത പരിഹാരം കാണുന്നതിനും വസ്തുനിഷ്ഠമായ മുൻഗണനാക്രമനിർണ്ണയവും ശാസ്ത്രീയമായ വിശകലനസംവിധാനങ്ങളും ആവശ്യമാണ്. കമ്പ്യൂട്ടർ സഹായത്തോടെ വിഭവവിതരണത്തിലെ അപാകത പരിഹരിക്കുന്നതിനും മേഖലാവ്യതിയാനങ്ങൾ പൂർണ്ണമായും ഒഴിവാക്കി കൃത്യമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികളുടെയും വിഭവ സ്രോതസ്സുകളുടെയും ശാസ്ത്രീയമായ ഉദ്ഗ്രഥനം വഴി സുസ്ഥിരവികസനത്തിനുതകുന്ന ജില്ലാപ്ലാനും സംസ്ഥാനപ്ലാനും ആവിഷ്ക്കരിക്കുന്നതിന് കഴിയും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും ഇ–ഭരണം ഫലപ്രദമായി നടപ്പാക്കുന്നതിനുമായി 1999–ൽ ആരംഭിച്ച ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ പുതിയ നാഴികക്കല്ലുകൾ സൃഷ്ടിച്ചിട്ടുണ്ട്. IKM ആവിഷ്ക്കരിച്ച 14 ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ പൈലറ്റ് അടിസ്ഥാനത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചു വരികയാണ്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത; കമ്പ്യൂട്ടർ വാങ്ങുന്നതിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം; അനുയോജ്യമായ സോഫ്റ്റ്വെയറുകളുടെ ലഭ്യതക്കുറവ്; വിപുലമായ പരിശീലന സംവിധാനങ്ങളുടെ അപര്യാപ്തത; ജീവനക്കാരുടെ താല്പര്യക്കുറവ് തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരണത്തിന്റെ വേഗതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 30/10/06–ലെ 1(10) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാരിന്റെ 13/1/07 ലെ 119/ഡി.പി1/07 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടർവൽക്കരണത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് വികസന പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

എല്ലാ മുൻസിപ്പാലിറ്റിയിലും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും ഇതിനകം നടപ്പാക്കി കഴിഞ്ഞ ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണവും "സേവന" പാക്കേജിന്റെ വിജയകരമായ വിന്യാസവും പൊതുജനങ്ങൾക്ക് ഏറെ പ്രയോജനകരമായിട്ടുണ്ട്. സമയനഷ്ടവും ഔദ്യോഗിക നൂലാമാലകളും ഒഴിവാക്കി ജനനവും മരണവും രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന സംവിധാനം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതോടൊപ്പം ആരംഭിച്ച ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ വമ്പിച്ച വിജയവും ജനകീയ അംഗീകാരവും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നടത്തിവരുന്ന മുഴുവൻ സേവനപദ്ധതികളുടെയും കമ്പ്യൂട്ടർവൽക്കരണത്തിന് പ്രചോദനം നൽകുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഡിജിറ്റൽ വിവരവ്യൂഹം തയ്യാറാക്കി സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്ത് നടപ്പാക്കി വരികയാണ്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ദാരിദ്ര ലഘൂകരണ പരിപാടികൾ ലളിതവൽക്കരിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക വഴി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും വിവരസാങ്കേതികവിദ്യയുടെ സേവനം അനുഭവവേദ്യമാകും.

ചുവപ്പുനാടയും അഴിമതിയും കാലവിളംബവും ഒഴിവാക്കി സാമൂഹ്യനീതിയും സമഗ്രവികസനവും ഉറപ്പു നൽകുന്ന പൗരസേവന കേന്ദ്രീകൃതമായ ജന സേവനകേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ മാറ്റുന്നതിൽ സുപ്രധാന സ്ഥാനമാണ് വിവരസാങ്കേതിക വിദ്യയ്ക്കുള്ളത്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഡിജിറ്റൽ വിവരവ്യൂഹം തയ്യാറാക്കി സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഇൻഫർമേഷൻ കേരളമിഷൻ ഏറ്റെടുത്ത് നടപ്പാക്കി വരികയാണ്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ദാരിദ്ര ലഘൂകരണ പരിപാടികൾ ലളിതവൽക്കരിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക വഴി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും വിവരസാങ്കേതിക വിദ്യയുടെ സേവനം അനുഭവവേദ്യമാകും.

അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണസ്ഥാപന ങ്ങളുടെയും കൈമാറപ്പെട്ട സ്ഥാപന ങ്ങളുടെയും ആസ്തികൾ വർദ്ധിച്ചു. ഇവയുടെ ശാസ്ത്രീയമായ വിവര ശേഖരണത്തിന്റെയും വിശകലനത്തി ന്റെയും അടിസ്ഥാനത്തിൽ മാത്രമേ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാവൂ എന്ന സംസ്ഥാന ധനകാര്യകമ്മീഷന്റെ നിർദ്ദേശം തികച്ചും യുക്തിപൂർവ്വവും ശാസ്ത്രീയാടിത്തറയുള്ളതുമാണ്. ഇതേതുടർന്ന് "കില" യുടെ സാങ്കേ തിക സഹായത്തോടെ ഇവയുടെ ഡിജിറ്റൈസേഷൻ പൂർത്തിയായി വരുന്നു. ഈ വിവരശേഖരം വരുംകാല ആസൂത്രണ പ്രക്രിയക്കു മാത്രമല്ല, ആർജ്ജിച്ച ആസ്തികൾ അന്യാധീന പ്പെടാതെ സംരക്ഷിക്കുന്നതിനും സഹായകമാവും.

കേരളം നേടിയെടുത്ത സമ്പൂർണ്ണ സാക്ഷരതയും പാശ്ചാത്യനിലവാര മുള്ള ജീവിതസൂചികയും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ പുരോ ഗതിയും വിവരസാങ്കേതികവിദ്യയുടെ ജനകീയവൽക്കരണത്തിന് അടിത്തറ യൊരുക്കി. വിവരസങ്കേതിക വിദ്യയെ കുത്തകവൽക്കരിക്കുന്നതിനും വ്യാ പാരവൽക്കരിക്കുന്നതിനും പകരം ദരിദ്രജനവിഭാഗങ്ങളുടെയും സാധാര ണക്കാരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ഉപാധിയാക്കി മാറ്റുന്നതിനാണ് സംസ്ഥാനസർക്കാർ ശ്രമിച്ചു വരുന്നത്. ഐ.ടി മിഷന്റെ സഹായത്തോടെ മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന "അക്ഷയ" കമ്പ്യൂട്ടർ സാക്ഷരതാ യജ്ഞം ഏറ്റവും പ്രാധാന്യമർഹി ക്കുന്നു. അക്ഷയ കേന്ദ്രങ്ങളെ സം സ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കു വാനും അവയെ ജനസേവനകേന്ദ്രങ്ങ ളായി മാറ്റുവാനും സർക്കാർ ആലോ ചിക്കുന്നു.

പഞ്ചവത്സരപദ്ധതികളുടെ ആസൂ ത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയിൽ നിലവിലുള്ള സങ്കീർണ്ണ തകളും കാലവിളംബവും പൂർണ്ണമായി ഒഴിവാക്കി പ്രാദേശികാസൂത്രണ ത്തിന്റെ അടിസ്ഥാനഘടകമായ വിഭവ ങ്ങളുടെയും സുസ്ഥിര ആസ്തികളു ടെയും സ്ഥിതി വിവരശേഖരണവും വിശകലനവും കമ്പ്യൂട്ടർ സഹായ ത്തോടെ ലളിതമായും വേഗത്തിലും സാധ്യമാണ്. ഇൻഫർമേഷൻ കേരള മിഷനും ലാന്റ് യൂസ് ബോർഡും തയ്യാറാക്കി നൽകിയിട്ടുള്ള ഭൗമ സൂചകങ്ങളെയും പ്രകൃതി വിഭവങ്ങ ളെയും അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ വിഭവഭൂപടങ്ങളും കഡ സ്ട്രൽ മാപ്പുകളും പ്രാദേശികാസൂത്ര ണപ്രക്രിയയ്ക്കു മുതൽകൂട്ടാണ്. ശാസ്ത്രീയമായ കെട്ടിട നികുതി പരിഷ്കരണത്തിനും ഭാവിയിൽ ഇവയെ പ്രയോജനപ്പെടുത്താവുന്ന താണ്.

അധികാരവികേന്ദ്രീകരണത്തി ലൂടെ കൈമാറപ്പെട്ട സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവരസാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. വിദ്യാ ഭ്യാസമേഖലയിൽ ഇതിന് വിജയകര മായ നാന്ദികുറിച്ചു കഴിഞ്ഞു. ഇന്ത്യ യിലാദ്യമായി എല്ലാ ഹൈസ്കൂളുക ളിലും കമ്പ്യൂട്ടർ ലാബ് സജ്ജീകരി ച്ചതും എഡ്യൂസാറ്റ് ഉപഗ്രഹത്തിന്റെ സഹായത്തോടെ ഉപഗ്രഹവിദ്യാഭ്യാസ പദ്ധതി ആരംഭിച്ചതും കേരളത്തി ലാണ്. കാർഷിക മേഖലയിലാരംഭിച്ച "ഇ-കൃഷി" പദ്ധതി ആധുനികവിവര സാങ്കേതിക വിദ്യയുടെ സഹായ ത്തോടെ കർഷകർക്ക് മെച്ചപ്പെട്ട കൃഷിരീതികൾ മുതൽ വിപണന സംവിധാനങ്ങൾ വരെയുള്ള വിവര ങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യ മാക്കുന്നതിന് ലക്ഷ്യമിടുന്നു.

വിജ്ഞാനവിസ്ഫോടനത്തിന്റെ യും ശാസ്ത്രസാങ്കേതികമുന്നേറ്റത്തി ന്റെയും വർത്തമാനകാലയുഗത്തിൽ അവയുടെ പ്രാധാന്യം ഉൾക്കൊ ള്ളാതെ ഒറ്റപ്പെട്ട തുരുത്തായി നില കൊള്ളുന്നത് സ്വന്തം അസ്തിത്വത്തി നോടു തന്നെയുള്ള വെല്ലുവിളിയായി രിക്കും. എല്ലാ വികസനതുറകളിലും വിവരസാങ്കേതികവിദ്യയുടെ സഹായ ത്തോടെ ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വികസന സേവന പ്രക്രിയകളുടെ സിംഹഭാഗവും നിർവ്വ ഹിക്കുന്ന അടിസ്ഥാനസ്ഥാപനങ്ങ ളെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ ത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ●

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

റിപ്പോർട്ട്

# കുടുംബശ്രീ 9-ാം വയസ്സിലേക്ക്

കുടുംബശ്രീ വിജയകരമായ ഒൻപതാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നു. സംസ്ഥാന തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിൽ 1999-ൽ പ്രവർത്തനം ആരംഭിച്ച സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഇന്ന് 38 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായുള്ള ബൃഹദ് പ്രസ്ഥാനമായി വളർന്നിരിക്കുന്നു. *സ്ത്രീകളിലൂടെ കുടുംബങ്ങളിലേയ്ക്ക് കുടുംബങ്ങളിലൂടെ സമൂഹത്തിലേയ്ക്ക്* എന്നതാണ് കുടുംബശ്രീ മുന്നോട്ടുവച്ച മുദ്രാവാക്യം. ഈ മുദ്രാവാക്യത്തെ അക്ഷരംപ്രതി അർത്ഥവത്താക്കിക്കൊണ്ട് അതിവേഗത്തിൽ വളർച്ചയുടെ പടവുകൾ കുടുംബശ്രീ കയറിക്കൊണ്ടിരിക്കുന്നു. ഖരമാലിന്യ നിർമ്മാർജ്ജനം മുതൽ ഐ.ടി അനുബന്ധ മേഖലകൾ വരെ തങ്ങൾക്ക് അന്യമല്ലെന്ന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മലയാളി സ്ത്രീകൾ തെളിയിച്ചു കഴിഞ്ഞു.

ലോകം മുഴുവൻ അത്ഭുതാദരങ്ങളോടെ നോക്കിക്കാണുന്ന ഈ 'നിശബ്ദ വിപ്ലവം' ഇനി ശബ്ദായമാനമായ വിപ്ലവമായി മാറാനുള്ള തയ്യാറെടുപ്പിലാണ്. ഒൻപതാം വാർഷികം അതർഹിക്കുന്ന ഗൗരവത്തോടെ ആഘോഷിക്കുമ്പോൾ അടുത്ത ഘട്ടത്തിന് പുതിയ ദിശാബോധം പകർന്നു നൽകാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

2007 മേയ് 16-ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ സംസ്ഥാനതല ആഘോഷം ഉത്ഘാടനം ചെയ്തു. കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ ശ്ലാഘിച്ച മുഖ്യമന്ത്രി കാർഷികമേഖലയിൽ കുടുംബശ്രീയുടെ ഇടപെടൽ



*കുടുംബശ്രീയുടെ ഒമ്പതാം ജന്മദിനാഘോഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പാലോളി മുഹമ്മദ്കുട്ടി, എം. വിജയകുമാർ, പി.കെ. ശ്രീമതി ടീച്ചർ, മേയർ ജയൻബാബു, എം.എൽ.എമാരായ വി. ശിവൻകുട്ടി, ജി. കാർത്തികേയൻ തുടങ്ങിയവർ സമീപം.*

കൂടുതൽ ശക്തമാക്കണമെന്ന് അഭിപ്രായപ്പെട്ടു. തരിശുനിലം പാട്ടത്തിനെടുത്ത് വിളഭൂമിയാക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനത്തെ അദ്ദേഹം അഭിനന്ദിച്ചു. സമൂഹത്തെ ഗ്രസിക്കുന്ന ജാതീയതയ്ക്കും വർഗീയതയ്ക്കും എതിരായി ബോധവൽക്കരണം നടത്താനും, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സ്ത്രീ കൂട്ടായ്മയിലൂടെ പൊരുതണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

തദ്ദേശസ്വയംഭരണമന്ത്രി പാലോളി മുഹമ്മദുകുട്ടി അദ്ധ്യക്ഷനായിരുന്നു. പാവപ്പെട്ടവരുടെ ഇരുളടഞ്ഞ ജീവിതത്തിന് അർത്ഥമുണ്ടാക്കുക എന്ന മഹനീയ ലക്ഷ്യമാണ് കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ളതെന്ന് പാലോളി അഭിപ്രായപ്പെട്ടു. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കും. ദാരിദ്ര്യത്തിന്റെ കേവല ഘടകങ്ങളെ മാത്രമല്ല സമൂഹത്തിൽ മനുഷ്യന് ആദരവും അന്തസ്സും നൽകുന്ന എല്ലാ മൂല്യങ്ങളും ആർജ്ജിക്കാൻ തക്ക ശക്തി പാവപ്പെട്ട സ്ത്രീകൾക്ക് കൈവരിക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആലോചിച്ചു വരുന്നതായും മന്ത്രി പറഞ്ഞു. മന്ത്രിമാരായ സി. ദിവാകരൻ, പി.കെ. ശ്രീമതി ടീച്ചർ, എം. വിജയകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ, വി. ശിവൻകുട്ടി എം.എൽ.എ, മറ്റ് ജനപ്രതിനിധികൾ എന്നിവരും ഒൻപതാം വാർഷികാഘോഷത്തിന് ആശംസകൾ നേർന്നു.

ഉച്ചയ്ക്കുശേഷം പ്രധാനപ്പെട്ട രണ്ടു വിഷയങ്ങളിൽ സെമിനാറും സംഘടിപ്പിച്ചിരുന്നു. 'പതിനൊന്നാം പദ്ധതിയും കുടുംബശ്രീയും' എന്ന വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദും, 'കുടുംബശ്രീ ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയം ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും അവതരിപ്പിച്ചു. കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മൈക്രോ ഫിനാൻസ് ബിൽ കുടുംബശ്രീയെ ദോഷകരമായി ബാധിക്കുമെന്ന് ധനമന്ത്രി മുന്നറിയിപ്പു നൽകി. പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ എം.എ. ഉമ്മനും സെമിനാറിൽ പങ്കെടുത്തു. കുടുംബശ്രീയെ പിൻതുണച്ച പ്രമുഖ ബാങ്കുകളെ ആദരിക്കുന്ന ചടങ്ങും ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

> സ്ത്രീകളിലൂടെ
> കുടുംബങ്ങളിലേയ്ക്ക്
> കുടുംബങ്ങളിലൂടെ
> സമൂഹത്തിലേയ്ക്ക്

ഉദ്ഘാടനത്തോടനുബന്ധിച്ച് നാല് പുതിയ പദ്ധതികളും ആരംഭിച്ചു. അതിൽ ഒന്ന് 'റൂറൽ ബിസിനസ്സ് ഹബ്ബ്' ആണ്. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസുമായി ചേർന്ന് ആരംഭിച്ച നൂതന പരിപാടിയാണിത്. ഒരു ഗ്രാമത്തിന്റെ സമഗ്രവികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും യുവാക്കൾക്ക് പരമാവധി വരുമാനം ഉണ്ടാക്കിക്കൊടുക്കുകയുമാണ് ചെയ്യുന്നത്.

മറ്റൊന്ന് 'ഫിനിഷിംഗ് സ്കൂൾ' ആണ്. ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ ഡോ. റഡ്ഡീസ് ഫൗണ്ടേഷനുമായി സഹകരിച്ചാണ് കുടുംബശ്രീ ഇത് നടപ്പാക്കുന്നത്. 18–35 പ്രായത്തിലുള്ള 5000 യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുകയാണ് പരിപാടി.

ആരോഗ്യരംഗത്ത് കുടുംബശ്രീ ചെയ്തുവരുന്ന ഫലപ്രദമായ ഇടപെടലാണ് 'സാന്ത്വനം' പദ്ധതി. രക്തത്തിലെ പഞ്ചസാരയുടെ അളവ്, ശരീരതൂക്കം, പൊക്കം, രക്തസമ്മർദ്ദം എന്നിവ അളന്നുതിട്ടപ്പെടുത്തുന്നതിന് പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്ന പരിപാടിയാണിത്. അവർ വീടുവീടാന്തരം കയറിയിറങ്ങി ഈ പ്രവർത്തനം നടത്തിവരുന്നു. പുതിയതായി രക്തത്തിലെ കൊഴുപ്പ് നിർണ്ണയിക്കുവാനുള്ള ഉപകരണം കൂടി 'സാന്ത്വന'ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

'അമൃതം ഫുഡ്സപ്ലിമെന്റ്' അംഗൻവാടി കുട്ടികൾക്കായി കുടുംബശ്രീ തയ്യാറാക്കിയ അധിക പോഷകാഹാരമാണ്. ഇതിന്റെ പ്രീമിയം ഉത്പന്നം ഇപ്പോൾ പൊതുവിപണിയിൽ ഇറക്കി.

ജില്ലാ ആസ്ഥാനങ്ങളിലും ആയിരക്കണക്കിന് സ്ത്രീകൾ പങ്കെടുത്തുകൊണ്ട് വാർഷികാഘോഷങ്ങൾ സംഘടിപ്പിച്ചു. സ്ത്രീകൾക്ക് പുതിയ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിനും കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല, രണ്ടാം ഘട്ടത്തിൽ സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കുന്നതിനൊപ്പം സ്വന്തം സത്വം തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങളും ഉണ്ടായേ തീരൂ. അതിനായി ജന്റർ റിസോഴ്സ് സെന്ററും സ്വയം പഠന കേന്ദ്രങ്ങളും ആരംഭിക്കും.

കുടുംബശ്രീക്ക് പുതിയ മുഖം നൽകിക്കൊണ്ട് കൂടുതൽ ശക്തമായ പ്രസ്ഥാനമാക്കി വളർത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. സമൂഹത്തിന്റെ പൊതുഘടനയിൽ ഇടപെടുകയും ഉത്പാദനമേഖലയിൽ ഉൾപ്പെടെ തങ്ങളുടെ ഇടം കണ്ടെത്തുകയും തീരുമാനമെടുക്കൽ രംഗത്ത് പങ്കാളിത്തം ഉണ്ടാവുകയും ചെയ്യുന്ന തരത്തിൽ ഈ സ്ത്രീകൂട്ടായ്മ വളരുമെന്നാണ് പ്രതീക്ഷ. ●



ഉദയഭാനു കണ്ടേത്ത്

കാഷ് ബുക്ക് സംബന്ധിച്ച പരിശീലനം സിദ്ധിച്ചിട്ടില്ലാത്തവർക്കു വേണ്ടിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. അവർക്ക് അടിസ്ഥാനപരമായ വിവരങ്ങൾ എത്തിച്ചു കൊടുക്കുകയാണ് ലക്ഷ്യം. നിലവിലുണ്ടായിരുന്ന ജീവനക്കാരന്റെ സ്ഥലം മാറ്റം മുതലായ കാരണങ്ങളെക്കൊണ്ട് മുടങ്ങിപ്പോയ കാഷ്ബുക്ക് എഴുത്ത് ഈ വിവരങ്ങൾ ഉപയോഗിച്ച് ഏതു ജീവനക്കാരനും തുടരാനാകും.

# പഞ്ചായത്ത് അക്കൗണ്ട്
# തുടക്കക്കാർക്ക് ഒരു വഴികാട്ടി

*"സന്തുഷ്ട കുടുംബങ്ങളെല്ലാം ഒരു പോലെയാണ്; ഓരോ അസന്തുഷ്ട കുടുംബവും അതിന്റേതായ രീതിയിൽ അസന്തുഷ്ടമാണ്.."* ടോൾസ്റ്റോയിയുടെ *അന്നാകരിനീന* ഇങ്ങനെയാണ് ആരംഭിക്കുന്നത്. പഞ്ചായത്ത് അക്കൗണ്ടുകളുടെ കാര്യവും ഇങ്ങനെ തന്നെ.

കൃത്യമായി കാഷ് ബുക്ക് എഴുതുകയും അക്കൗണ്ട് തയ്യാറാക്കുകയും ചെയ്യുന്ന പഞ്ചായത്തുകൾ ഒരു പോലെയാണ്: പരിശീലനം ലഭിച്ച ജീവനക്കാർ അവിടെ ഉണ്ടായിരിക്കും. എന്നാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പഞ്ചായത്തുകൾക്ക് അവരവരുടേതായ കാരണങ്ങളുണ്ടാകാം.

## പരിശീലനവും സ്ഥിതിവിവരക്കണക്കും

സ്ഥിതി വിവരക്കണക്കുകൾ നമ്മെ അമ്പരിപ്പിക്കും; ചിലപ്പോൾ വഴി തെറ്റിക്കും. ഔദ്യോഗിക കണക്കു പ്രകാരം 2005-2006 ൽ ഇന്ത്യാക്കാരന്റെ ശരാശരി പ്രതീശീർഷ വരുമാനം 28992 രൂപയായിരുന്നു.* ഒരു രൂപ പോലും വരുമാനമില്ലാത്തവരും ഇവിടെ ജീവിക്കുന്നുവെന്നത് വസ്തുതയാണ്. പക്ഷേ സ്ഥിതിവിവരക്കണക്ക് ഇങ്ങനെ മാത്രമേ തയ്യാറാക്കാനൊക്കൂ.

അക്കൗണ്ടിങ്ങ് പരിശീലനത്തിന്റെ സ്ഥിതി വിവരക്കണക്കോ? 'ഓരോ പഞ്ചായത്തിലും ശരാശരി മൂന്നു ജീവനക്കാർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.' ഈ കണക്കിന്റെ അടിസ്ഥാനം ഇങ്ങനെ : 2004 ജനുവരി മുതൽ മാർച്ച് വരെ 1157 ത്രിതലപഞ്ചായത്തുകളിലെ രണ്ടു ജീവനക്കാർക്കുവീതം കിലയിലും ഐ.എം.ജിയിലുമായി പരിശീലനം നൽകി. അതിനുശേഷമാണ് 2004 ഏപ്രിൽ 1 മുതൽ പുതിയ അക്കൗണ്ടിങ്ങ് ഫോർമാറ്റുകൾ നടപ്പാക്കിയത്. തുടർന്ന് ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിൽ, കിലയിലും ജില്ലാ കേന്ദ്രങ്ങളിലുമായി, വിവിധ പരിപാടികളുടെ ഭാഗമായി ഒട്ടേറെ ജീവനക്കാർക്ക് പരിശീലനം നൽകി (ജനപ്രതിനിധികൾക്കും അക്കൗണ്ടിങ്ങ് പരിശീലനം മാനേജ്മെന്റ് തലത്തിൽ നൽകിയിട്ടുണ്ട്). ഇതൊക്കെ ശരിയാണെങ്കിലും പരിശീലനം ലഭിച്ച ഒരൊറ്റ ജീവനക്കാരൻ പോലും ഇപ്പോൾ ഇല്ലാത്ത നിരവധി പഞ്ചായത്തുകൾ ഉണ്ട്. സർവീസിന്റെ ഭാഗമായ പ്രമോഷനും സ്ഥലം മാറ്റവും കാരണം പരിശീലനം ലഭിച്ച ജീവനക്കാർ സ്ഥലം മാറിപ്പോയതാണ് കാരണം.

കാഷ്ബുക്ക് കൈകാര്യം ചെയ്യുന്നവരിൽ പരിശീലനം ലഭിക്കാത്തവർ എത്ര പേരുണ്ടെന്ന കണക്കെടുത്ത് അവർക്കു മാത്രമായി പരിശീലനം നൽകാവുന്നതാണ്. നൂറു ശതമാനം പഞ്ചായത്തുകളും കൃത്യമായി കണക്കു തയ്യാറാക്കുന്ന സ്ഥിതിയിലേക്കെത്തിച്ചേരാൻ അത് വഴിയൊരുക്കും.

## വർഷാന്ത്യക്കണക്ക് കാഷ് ബുക്ക് വഴി മാത്രം

ശിശു ഉത്ഭവിക്കുന്നതും രൂപം പ്രാപിക്കുന്നതും ഗർഭപാത്രത്തിൽ നിന്നാണ്. അതുപോലെ, വർഷാന്ത്യക്കണക്ക് ഉത്ഭവിച്ച് രൂപം പ്രാപിക്കേണ്ടത് കാഷ്ബുക്കിൽ നിന്നാണ്. കാഷ്ബുക്ക് ദിനംപ്രതി എഴുതി ക്ലോസ് ചെയ്ത്, മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തി പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നത് വഴിയാണ്

** ഇക്കണോമിക് റിവ്യൂ, 2006 (അനുബന്ധം 3.1) – 2007 മാർച്ചിൽ പ്രസിദ്ധീകരിച്ചത്*

ഒരു പഞ്ചായത്തിൽ ഒരു കാഷ് ബുക്ക് മാത്രമേ സൂക്ഷിക്കാവൂ. ഇതിനർത്ഥം ഒരു കാഷ്ബുക്ക് മാത്രം സൂക്ഷിക്കുകയും , അതിൽ ഉൾപ്പെടുത്താൻ അർഹ മല്ലെന്നു കരുതി, ചില ഇടപാടുകൾ എങ്ങും രേഖപ്പെടുത്താതെ വിടുകയും ചെയ്യുക എന്നല്ല. എവിടെ നിന്നു ലഭിച്ചതായാലും എല്ലാ വരവു ചെലവും ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം. എല്ലാ വരവു ചെലവുകളും കാഷ് ബുക്കിൽ ഉൾപ്പെടുത്തണമെന്നതിനർത്ഥം "എല്ലാ വരവു ചെലവുകളും" എന്നു തന്നെയാണ്. ഈ വരവു ചെലവുകൾ പഞ്ചായത്തിന്റേതാണോ എന്നു മാത്രം പരിശോധിച്ചാൽ മതി.

വർഷാന്ത്യക്കണക്കിൽ എത്തിച്ചേരേണ്ടത്. ഇതെല്ലാം ഒഴിവാക്കി മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വർഷാന്ത്യക്കണക്കിന് വിശ്വാസ്യതയില്ല; അതാർക്കും ഓഡിറ്റ് ചെയ്യാനുമാവില്ല.

### പരിശീലനം ലഭിക്കാത്തവർക്കു വേണ്ടി

കാഷ് ബുക്ക് സംബന്ധിച്ച പരിശീലനം സിദ്ധിച്ചിട്ടില്ലാത്തവർക്കു വേണ്ടിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. അവർക്ക് അടിസ്ഥാനപരമായ വിവരങ്ങൾ എത്തിച്ചു കൊടുക്കുകയാണ് ലക്ഷ്യം. നിലവിലുണ്ടായിരുന്ന ജീവനക്കാരന്റെ സ്ഥലം മാറ്റം മുതലായ കാരണങ്ങളെക്കൊണ്ട് മുടങ്ങിപ്പോയ കാഷ്ബുക്ക് എഴുത്ത് ഈ വിവരങ്ങൾ ഉപയോഗിച്ച് ഏതു ജീവനക്കാരനും തുടരാനാകും. അവർക്ക് കാഷ് ബുക്ക് കൃത്യമായി എഴുതി വർഷാന്ത്യക്കണക്ക് തയ്യാറാക്കാൻ സാധിക്കുന്ന രീതിയിൽ പടിപടിയായി കാര്യങ്ങൾ വിശദീകരിക്കുന്ന സമീപനമാണ് അവലംബിച്ചിട്ടുള്ളത്. ഒട്ടും സങ്കീർണമല്ലാത്ത പ്രതിപാദനമാണ് ഉദ്ദേശ്യം. കാഷ്ബുക്ക് സംബന്ധിച്ച കാര്യങ്ങൾ നന്നായി മനസ്സിലാക്കിയവർക്ക് ഇത് ബാലപാഠം മാത്രം; അവർക്കും എന്തെങ്കിലും കാര്യങ്ങൾ ചെയ്യാതെ വിട്ടുപോയിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഇതിലുള്ള പരമാർശങ്ങളെ അവലംബിക്കാം.

### പാഠം ഒന്ന്: ഒരേ ഒരു കാഷ് ബുക്ക്

ഒരു പഞ്ചായത്തിൽ ഒരു കാഷ് ബുക്ക് മാത്രമേ സൂക്ഷിക്കാവൂ. ഇതിനർത്ഥം ഒരു കാഷ്ബുക്ക് മാത്രം സൂക്ഷിക്കുകയും, അതിൽ ഉൾപ്പെടുത്താൻ അർഹമല്ലെന്നു കരുതി, ചില ഇടപാടുകൾ എങ്ങും രേഖപ്പെടുത്താതെ വിടുകയും ചെയ്യുക എന്നല്ല. എവിടെ നിന്നു ലഭിച്ചതായാലും എല്ലാ വരവു ചെലവും ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം. പഞ്ചായത്തിന്റെ വരവിൽ ഒരു ചോർച്ചയും സംഭവിച്ചിട്ടില്ലെന്ന് സ്വയം ബോദ്ധ്യമാകണം; ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഇതിനു വേണ്ടിയാണ് ഒരൊറ്റ കാഷ്ബുക്കിലൂടെ മുഴുവൻ വരവു ചെലവുകളും കടന്നു പോകണമെന്ന് നിഷ്ക്കർഷിക്കുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് കേന്ദ്രാവിഷ്കൃത പരിപാടികൾ ഓഡിറ്റ് ചെയ്യാനാവില്ലെന്ന് നിർദ്ദേശമുള്ളതിനാൽ എസ്.ജി.ആർ.വൈ, എൻ.ആർ.ഇ.ജി.എസ് തുടങ്ങിയ കേന്ദ്രാവിഷ്കൃതപരിപാടികൾ ഗ്രാമപഞ്ചായത്തുകളുടെ കാഷ്ബുക്കിൽ നിന്ന് ഒഴിവാക്കേണ്ടതല്ലേ?

ഐ.എ. വൈ. തുടങ്ങിയ കേന്ദ്രാവിഷ്കൃത പരിപാടികൾ പണ്ടു മുതലേ ബ്ലോക്കുകൾ നടത്തിവന്നിരുന്നതിനാൽ അവ ബ്ലോക്ക് പഞ്ചായത്തിന്റെ കാഷ്ബുക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ ഉള്ള നില യ്ക്കും പ്രത്യേക കണക്കുവെക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള നിലയ്ക്കും ഈ ഇടപാടുകൾ കാഷ്ബുക്കിൽ നിന്നു പുറത്തു നിർത്തിക്കൂടേ?

സാധാരണയായി കേൾക്കാറുള്ളതാണ് മേൽപ്പറഞ്ഞ സംശയങ്ങൾ, ലളിതമായ ഒരു മറുപടി പറയാം. എല്ലാ വരവു ചെലവുകളും കാഷ് ബുക്കിൽ ഉൾപ്പെടുത്തണമെന്നതിനർത്ഥം "എല്ലാ വരവു ചെലവുകളും" എന്നു തന്നെയാണ്. ഈ വരവു ചെലവുകൾ പഞ്ചായത്തിന്റേതാണോ എന്നു മാത്രം പരിശോധിച്ചാൽ മതി. വേറേ കണക്കുവയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായി വയ്ക്കണം. കാഷ്ബുക്കിൽ നിന്ന് ഒരു വരവും ഒരു ചെലവും പുറത്തു നിർത്താൻ പാടില്ല.

കാഷ്ബുക്കിൽ വരവു ഭാഗത്തും ചെലവു ഭാഗത്തും നാല് 'മണി' (money) കോളങ്ങളാണുള്ളത്. ഈ കോളങ്ങളിലാണ് വരവ്–ചെലവ് തുകകൾ എഴുതേണ്ടത്. ഇവയിൽ ഒന്ന് ''കാഷ്''; രണ്ടെണ്ണം ''ട്രഷറി അക്കൗണ്ടുകൾ''; നാലാമത്തേത് ''ബാങ്ക്/പോസ്റ്റാഫീസ്/ഇൻവെസ്റ്റ്മെന്റ്." കാഷ് ആയി നടത്തുന്ന ഇടപാടുകൾ കാഷ് കോളത്തിൽ എഴുതുക. ട്രഷറി അക്കൗണ്ടുകൾക്ക് രണ്ടു കോളങ്ങൾ ഉണ്ടെങ്കിലും ''പിഡി (തനത്)/ടി.എസ്.ബി/ടി.പി" എന്ന കോളം മാത്രമേ ഉപയോഗിക്കാവൂ. ട്രഷറി അക്കൗണ്ടുകളിലെ മുഴുവൻ ഇടപാടുകളും ഈ കോളത്തിൽ എഴുതണം. ഈ കോളത്തെപ്പറ്റി ഈ ലേഖനത്തിൽ ഇനി "ട്രഷറി കോളം" എന്നു മാത്രമേ പരാമർശിക്കൂ – പ്ലാൻ പിഡി അക്കൗണ്ട് നിലവിലില്ല. അതിനാൽ പിഡി (പ്ലാൻ) എന്ന കോളം ശൂന്യമായിരിക്കണം. ബാങ്ക് അക്കൗണ്ടുകളിലെ എല്ലാ ഇടപാടുകളും എല്ലാ

ശിശു ഉത്ഭവിക്കുന്നതും രൂപം പ്രാപിക്കുന്നതും ഗർഭപാത്രത്തിൽ നിന്നാണ്. അതുപോലെ, വർഷാന്ത്യക്കണക്ക് ഉത്ഭവിച്ച് രൂപം പ്രാപിക്കേണ്ടത് കാഷ് ബുക്കിൽ നിന്നാണ്. കാഷ്ബുക്ക് ദിനംപ്രതി എഴുതി ക്ലോസ് ചെയ്ത്, മാസാന്ത്യ റിക്കൺ സിലിയേഷൻ നടത്തി പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നത് വഴിയാണ് വർഷാന്ത്യക്കണക്കിൽ എത്തിച്ചേരേണ്ടത്. ഇതെല്ലാം ഒഴിവാക്കി മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വർഷാന്ത്യക്കണക്കിന് വിശ്വാസ്യതയില്ല; അതാർക്കും ഓഡിറ്റ് ചെയ്യാനുമാവില്ല.

ഇൻവെസ്റ്റ്മെന്റ് ഇടപാടുകളും 'ബാങ്ക്/പോസ്റ്റാഫീസ്/ഇൻവെസ്റ്റ് മെന്റ്' എന്ന കോളത്തിൽ എഴുതണം.

എല്ലാ ട്രഷറി അക്കൗണ്ടുകളുടേയും ഇടപാടുകൾ ട്രഷറി കോളത്തിലൂടെ കടന്നു പോകുന്നു; എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ഇൻവെസ്റ്റ്മെന്റുകളുടെയും ഇടപാടുകൾ ബാങ്ക് കോളത്തിലൂടെയും ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടിനും പ്രത്യേകം ചെക്ക് ഇഷ്യൂ രജിസ്റ്റർ വച്ചിട്ടുള്ളതിനാൽ ഈ അക്കൗണ്ടുകൾ കൂടിക്കുഴയുന്നില്ല.

## സബ്സിഡിയറി കാഷ് ബുക്ക്

ഒന്നിലേറെ പേർക്ക് ഒരു ബില്ലിൽ നിന്ന് കാഷ് ആയി വിതരണം ചെയ്യേണ്ട തുകകളുടെ വിതരണത്തിനുള്ളതാണ് സബ്സിഡിയറി കാഷ് ബുക്ക്. ബില്ലിനു വൗച്ചർ നമ്പർ നൽകുക; തുക കാഷ്ബുക്കിൽ നിന്നു സബ്സിഡിയറി കാഷ്ബുക്കിലേക്ക് മാറ്റുക; വിതരണം ചെയ്യുക. ശമ്പള വിതരണം മാത്രം വ്യത്യസ്തമാണ്. ഒരു ബില്ലിൽ നിന്ന് ഒരാൾക്കു മാത്രമായിട്ടാണ് ശമ്പളം നൽകുന്നതെങ്കിൽ പോലും ആ തുകയും സബ്സിഡിയറി കാഷ്ബുക്കിലേക്ക് മാറ്റിയ ശേഷമാണ് വിതരണം ചെയ്യേണ്ടത്.

## ചെക്ക് ഇഷ്യൂ രജിസ്റ്റർ

ട്രഷറിയിലും ബാങ്കിലുമുള്ള ഓരോ അക്കൗണ്ടിനും ഒരു ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം; അല്ലെങ്കിൽ ഒരു രജിസ്റ്ററിൽ ഒരു കൂട്ടം പേജുകൾ മാറ്റി വയ്ക്കണം. ട്രഷറിയിൽ നിന്ന് ബിൽ ഉപയോഗിച്ച് പണം പിൻവലിക്കുന്ന അക്കൗണ്ടാണെങ്കിലും ('എ' വിഭാഗം, 'സി' വിഭാഗം ഫണ്ടുകൾ) ചെക്ക് ഇഷ്യൂ രജിസ്റ്റർ വേണം (എന്നാൽ 'ബി' വിഭാഗം ഫണ്ടുകൾ ബിൽ ഉപയോഗിച്ച് ട്രഷറി മുഖേന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പിൻവലിക്കുന്നവയാണ്; അവയ്ക്ക് ട്രഷറിയിൽ പഞ്ചായത്തിന്റെ പേരിൽ അക്കൗണ്ട് ഇല്ല; അതിനാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ വേണ്ട).

ഗ്രാമ ജില്ലാ പഞ്ചായത്തുകൾക്ക് ആറും ബ്ലോക്ക് പഞ്ചായത്തുകൾക്ക് അഞ്ചും ട്രഷറി അക്കൗണ്ടുകൾ ഉണ്ട്. (ബ്ലോക്ക് പഞ്ചായത്തിന് റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് ഫണ്ട് ഇല്ല; അതിനാലാണ് ഒരു അക്കൗണ്ടിന്റെ കുറവ്) ഈ അക്കൗണ്ടുകളുടെ പൊതുവായ പേര് വില്ലേജ്/ബ്ലോക്ക്/ഡിസ്ട്രിക്ട് പഞ്ചായത്ത് ഫണ്ട് അക്കൗണ്ട് (വി.പി.എഫ്/ബി. പി. എഫ്/ ഡി.പി.എഫ് അക്കൗണ്ട്) എന്നാണ്.

ഇനി പറയുന്നവയാണ് ആറ് ട്രഷറി അക്കൗണ്ടുകൾ:

(1) അക്കൗണ്ട് I – തനതു ഫണ്ട്: ജനറൽ പർപ്പസ് ഫണ്ടും ക്രഡിറ്റ് ചെയ്യും;

(2) അക്കൗണ്ട് II(എ): വികസന ഫണ്ട് (ജനറൽ);

(3) അക്കൗണ്ട് II(ബി) വികസന ഫണ്ട് (എസ്.സി. പി);

(4) അക്കൗണ്ട് II(സി) വികസനഫണ്ട് (ടി.എസ്. പി);

(5) അക്കൗണ്ട് III(എ) മെയിന്റനൻസ് ഫണ്ട് (റോഡിതരം);

(6) അക്കൗണ്ട് III(ബി) മെയിന്റനൻസ് ഫണ്ട് (റോഡ്) (ബ്ലോക്ക് പഞ്ചായത്തിന് ഇല്ല)

ആദ്യത്തെ അക്കൗണ്ടിൽ നിന്നും സെക്രട്ടറിക്കു മാത്രമേ പണം പിൻവലിക്കാനൊക്കൂ; ചെക്ക് വഴിയാണ് പിൻവലിക്കുന്നത്. രണ്ടു മുതൽ ആറു വരെ അക്കൗണ്ടുകളിൽ നിന്ന്, അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ബിൽ വഴി, സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും പണം പിൻവലിക്കാം.

തനതുഫണ്ടിനുള്ള ബാങ്ക് അക്കൗണ്ടുകൾ, കേന്ദ്രാവിഷ്കൃതപരിപാടികൾക്കുള്ള ബാങ്ക് അക്കൗണ്ടുകൾ, നോൺബാങ്കിംഗ് ട്രഷറിയുമായി ഇടപാടുള്ളവർക്ക് അനുവദിച്ചിട്ടുള്ള ദേശസാൽകൃത ബാങ്ക് അക്കൗണ്ട് എന്നിവ ഉൾപ്പെടെ ഓരോ ബാങ്ക് അക്കൗണ്ടിനും ചെക്ക് ഇഷ്യൂ രജിസ്റ്റർ വേണം.

(ഇവിടെ ഒരു വാക്ക്: പല പഞ്ചായത്തുകളുടേയും ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. തനതുഫണ്ടിന് സഹകരണബാങ്കിലും ദേശസാൽകൃതബാങ്കിലും ഓരോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മതിയാകും. തനതു ഫണ്ടിനുള്ള മറ്റ് അക്കൗണ്ടുകൾ നിർത്തലാക്കുന്നതാണ് നല്ലത്. കറന്റ് അക്കൗണ്ട് വഴി പലിശ നഷ്ടപ്പെടുത്തുന്നതിനും ഒരു ന്യായവുമില്ല. പ്രത്യേക പരിപാടികൾക്ക് പ്രത്യേക അക്കൗണ്ടുകൾ വേണ്ടി വരുമെന്ന കാര്യം വിസ്മരിക്കുന്നില്ല) അപ്പോഴും ഒരു പരിപാടിക്ക് ഒരു ബാങ്ക് അക്കൗണ്ട് മതി).



*അരുവിക്കര ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച കൃഷി ആഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ നിർവ്വഹിക്കുന്നു. കേരള നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ, മാങ്കോട് രാധാകൃഷ്ണൻ എം.എൽ.എ, ജെ. അരുന്ധതി എം.എൽ.എ, ജില്ലാ പഞ്ചായത്തംഗം ശശികലാ ശിവശങ്കർ, പഞ്ചായത്ത് പ്രസിഡന്റ് കെ. സുകുമാരൻ തുടങ്ങിയവർ സമീപം.*

ചെക്ക് മുഖേനയല്ലാതെ ബിൽ മുഖേനയും പണം പിൻവലിക്കുന്നു; ചെക്ക് ഇഷ്യൂ മാത്രമല്ല രേഖപ്പെടുത്തുന്നത്. ഇപ്രകാരമുള്ള രജിസ്റ്ററിന് 'ചെക്ക് ഇഷ്യൂ രജിസ്റ്റർ' എന്ന പേര് അപര്യാപ്തമല്ലേ എന്ന സംശയം പലപ്പോഴും ഉയർന്നു കേൾക്കാറുണ്ട്. പുതിയ അക്കൗണ്ട്സ് ചട്ടങ്ങൾ നടപ്പാക്കുമ്പോൾ നല്ലൊരു പേര് ഈ രജിസ്റ്ററിനു ലഭിക്കും എന്ന് പ്രത്യാശിക്കാം.

## ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

പഞ്ചായത്തിന്റെ കാഷ് ബാലൻസിന്റെ ഭാഗമാണ് ട്രഷറിയിലും സഹകരണസ്ഥാപനങ്ങളിലും മറ്റുമുള്ള സ്ഥിര നിക്ഷേപം. ആ വിവരങ്ങളാണ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത്.

## ട്രഷറി/ബാങ്ക്/ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ

ഓരോ ദിവസത്തിന്റെയും അവസാനം ഓരോ ട്രഷറി/ബാങ്ക്/ഇൻവെസ്റ്റ്മെന്റ് അക്കൗണ്ടിലുമുള്ള തുകകൾ ഒരൊറ്റ വരിയിൽ എഴുതുന്ന രജിസ്റ്ററാണിത്. കാഷ് ബുക്ക് ക്ലോസ് ചെയ്യുമ്പോൾ കാഷ് ബുക്കിലെ ട്രഷറി കോളത്തിലേയും ബാങ്ക് കോളത്തിലെയും തുകകൾ ഈ രജിസ്റ്ററിലെ 'ആകെ ട്രഷറി', 'ആകെ ബാങ്ക്/ ഇൻവെസ്റ്റ്മെന്റ്' എന്നീ കോളങ്ങളിലെ തുകകളുമായി യോജിച്ചിരിക്കണം.

## വരവ് രജിസ്റ്റർ

കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള വരവുകളും അതിൽ ഉൾപ്പെടുത്താത്ത വരവുകളും ക്ലാസിഫിക്കേഷൻ പ്രകാരം രേഖപ്പെടുത്തുന്നു. പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നതിന് ഇതാണ് ഒരടിസ്ഥാനം.

## ചെലവ് രജിസ്റ്ററുകൾ

ഓരോ വൗച്ചർ പ്രകാരമുള്ള ചെലവുകളും ക്ലാസിഫിക്കേഷൻ പ്രകാരം രേഖപ്പെടുത്തുന്നു. പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നതിന് മറ്റൊരടിസ്ഥാനം ഇതാണ്.

## ബിൽ രജിസ്റ്റർ

എല്ലാതരം ബില്ലുകളും, ഒരു വർഷത്തേയ്ക്ക് തുടർച്ചയായ ക്രമനമ്പർ നൽകി ഇതിൽ രേഖപ്പെടുത്തണം. ഉദാ: 1/2007-08; 150/2007-08

## പെൻഷൻ മണി ഓർഡർ രജിസ്റ്റർ

ഓരോ പെൻഷൻ സംബന്ധിച്ചും മണി ഓർഡർ അയച്ചതും, മണി ഓർഡർ കൈപ്പറ്റിയ വിവരത്തിന് കൂപ്പൺ തിരികെ ലഭിച്ചതും, മണി ഓർഡർ സ്വീകരിക്കാതെ പണം തിരികെ ലഭിച്ചതുമായ വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

## ഡെപ്പോസിറ്റ് രജിസ്റ്റർ

ശമ്പളബില്ലിൽ നിന്നും വർക്ക് ബില്ലിൽ നിന്നും കുറവു ചെയ്യുന്ന തുകകളും, കരാറുകാരിൽ നിന്നും ലഭിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായ തുകകളും സ്വീകരിക്കുന്നതും മറ്റു സ്ഥാപനങ്ങളിൽ അടയ്ക്കുന്നതും തിരിച്ചു നൽകുന്നതും മറ്റുമായ വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

## അഡ്വാൻസ് രജിസ്റ്റർ

ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകുന്ന തുകകളുൾപ്പെടെയുള്ള എല്ലാ അഡ്വാൻസുകളും നൽകുന്നതും ക്രമീകരിക്കുന്നതുമായ വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്.

നിയമങ്ങളിലും ചട്ടങ്ങളിലും ഉത്തരവുകളിലും നിർദ്ദേശിച്ച എല്ലാ രജിസ്റ്ററുകളും പഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതാണ്. അക്കൗണ്ടിംഗുമായി നേരിട്ടു ബന്ധപ്പെട്ട രജിസ്റ്ററുകളുടെ കാര്യം മാത്രമേ ഇവിടെ പരമാർശിച്ചിട്ടുള്ളു.

കാഷ് ബുക്ക് എഴുതുന്നതു സംബന്ധിച്ച കാര്യങ്ങൾ അടുത്ത ലേഖനത്തിൽ.

*(ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്. മൊബൈൽ: 9447454221)*

എം. കണ്ണൻ നായർ

# ദേശീയ തൊഴിലുറപ്പ് പദ്ധതി കാസർഗോഡ് ജില്ലയിൽ

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കാസർഗോഡ് ജില്ലയിൽ തുടക്കമായി. നിലവിൽ പദ്ധതി നടപ്പിലാക്കിയ പാലക്കാട്, വയനാട് ജില്ലകൾക്ക് പുറമെ 2007-08 സാമ്പത്തിക വർഷം മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുകയാണ്. കാസർഗോഡ് ജില്ലയിലെ പദ്ധതി പ്രവർത്തനത്തിന് നഗരസഭ കോൺഫറൻസ് ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പി. കരുണാകരൻ എം.പിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ത്രിതല പഞ്ചായത്ത് പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്തതോടെ തുടക്കമായി.

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകി ദാരിദ്ര്യം തുടച്ചു നീക്കാൻ ദേശീയ തൊഴുലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഗ്രാമപഞ്ചായത്തുകളുടെ മുഖ്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ബിനാമികളെയും, കരാറുകാരേയും പൂർണ്ണമായി ഒഴിവാക്കി തൊഴിലാളികൾ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. അവിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോടൊപ്പം കാർഷിക മേഖലയിലെ വൻ വികസനത്തിനും പദ്ധതി വഴിയൊരുക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻകാല പദ്ധതികളിൽ നിന്നും തികച്ചും ഭിന്നമായ ഈ പദ്ധതി വയനാട്, പാലക്കാട് ജില്ലകളിൽ പാളിച്ചകൾ പരിഹരിച്ച് പുരോഗമിക്കുകയാണ്. ഈ ജില്ലകളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ പദ്ധതി മാതൃകാപരമായി നടപ്പിലാക്കാൻ സാധിക്കണം. റോഡ് മാത്രമാണ് വികസനമെന്ന കാഴ്ചപ്പാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറ്റണം. കഴിഞ്ഞ പത്ത് വർഷ പദ്ധതികളിൽ റോഡിന് വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതി റോഡ് നിർമ്മാണ പദ്ധതിയല്ല. ആവശ്യപ്പെടുന്ന മുഴുവൻ പേർക്കും തൊഴിൽ നൽകാൻ ഈ പദ്ധതി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ കൂലി




*ദേശീയ തൊഴിലുറപ്പ് പദ്ധതി ജില്ലാതല ശില്പശാല തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. ചീഫ് സെക്രട്ടറി ലിസി ജേക്കബ് ഐ.എ.എസ്, പി. കരുണാകരൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.വി. ബാലകൃഷ്ണൻ മാസ്റ്റർ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ തുടങ്ങിയവർ സമീപം.*

ഉറപ്പു നൽകുന്ന പദ്ധതികൂടിയാണിത്. കേന്ദ്രസർക്കാർ നിശ്ചയിച്ച മിനിമം കൂലി 65 രൂപയാണ്. സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി കേരളത്തിൽ ഇത് 125 രൂപയായി നിജപ്പെടുത്തി ഉത്തരവാകുന്നതിന് സാധിച്ചിട്ടുണ്ട്. ഇത് വലിയ നേട്ടം തന്നെയാണ്. ജോലിയെടുക്കുന്നവർ ക്കുള്ള നേട്ടം മാത്രമല്ല രാജ്യത്തിന് ആസ്തി ഉണ്ടാക്കുന്നതിനും അനുദിനം തകർന്നു കൊണ്ടിരിക്കുന്ന കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാനും പദ്ധതി ഉപകരിക്കും. ഈ പദ്ധതിയുടെ ഗാരന്റി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ്. പദ്ധതി മാതൃകാപരമായി നടപ്പാക്കി രാജ്യത്തിനുതന്നെ കാസർഗോഡ് ജില്ല മാതൃകയാകണമെന്ന് അദ്ദേഹം പറഞ്ഞു.

പദ്ധതി നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ പ്രത്യേകിച്ചും ഗ്രാമപഞ്ചായത്തുകൾ ഉണർന്നു പ്രവർത്തിക്കണമെന്ന് പി. കരുണാകരൻ എം.പി. ജനപ്രതിനിധികളോട് ആഹ്വാനം ചെയ്തു. തൃക്കരിപ്പൂർ എം.എൽ.എ. കെ.വി. കുഞ്ഞിരാമൻ പദ്ധതിക്ക് ആശംസകൾ അർപ്പിച്ചു.

ഫണ്ടിന്റെ അപര്യാപ്തതമൂലം മാറ്റിവച്ച പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി വഴി നടപ്പിലാക്കാവുന്നതാണെന്ന് ചടങ്ങിൽ തുടർന്ന് സംസാരിച്ച ചീഫ് സെക്രട്ടറി ലിസി ജേക്കബ്, ഐ.എ.എസ്. അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.വി. ബാലകൃഷ്ണൻ മാസ്റ്റർ സ്വാഗതവും എ.ഡി.എം. ടി.വി. ഗംഗാധരൻ നന്ദിയും പറഞ്ഞു.

തുടർന്ന് പദ്ധതിയെക്കുറിച്ച് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, ഐ.എ.എസ് ക്ലാസ്സ് എടുത്തു. മുമ്പ് നടപ്പിലാക്കിയ കേന്ദ്രസർക്കാർ പദ്ധതികളിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തമായി, പാവപ്പെട്ടവരുടെ അവകാശരേഖയായ തൊഴിലുറപ്പ് നിയമമാണ് ഈ പദ്ധതി. വയനാട്ടിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 25% കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു. ഒരു കുടുംബത്തിലെ എല്ലാവർക്കും കൂടി ഒരു വർഷം 100 ദിവസത്തെ തൊഴിൽ നൽകും. സാധാരണ തൊഴിലാളികൾക്ക് ജോലി സുലഭമായ സീസൺ ഒഴിവാക്കി, തൊഴിലില്ലാത്ത അവസരങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വഴി അധികതൊഴിൽ നൽകി വരുമാനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഒരു കുടുംബത്തിന് ഈ പദ്ധതിവഴി 12,500 രൂപയുടെ അധികവരുമാനം ലഭിക്കും. കാർഷിക പുനരുദ്ധാരണം വഴി കാർഷികതൊഴിലാളികൾക്ക് തൊഴിൽ കിട്ടണം. പാവപ്പെട്ടവരുടെ ശാക്തീകരണമാണ് പദ്ധതിയുടെ ഒന്നാമത്തെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടുകൂടി പദ്ധതി മുന്നോട്ടു കൊണ്ടു പോകണം. പദ്ധതി ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുക വഴി അവയുടെ പ്രവർത്തനശേഷിയും വർധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന പദ്ധതിവിഹിതത്തിന്റെ ഇരട്ടിയോളം തുക തൊഴിലുറപ്പ് പദ്ധതി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ, സവിശേഷതകൾ, മറ്റ് പദ്ധതികളുമായുള്ള താരതമ്യം തുടങ്ങിയവ അദ്ദേഹം വിശദീകരിച്ചു.

പദ്ധതി നടത്തിപ്പിലെ ഇന്നലെ വരെയുള്ള ശീലങ്ങൾ മാറ്റി വച്ച് പ്രാദേശിക തലത്തിലെ വെല്ലുവിളികൾ ഏറ്റെടുത്ത് മാതൃകാപരമായി പദ്ധതി നടപ്പിലാക്കണമെന്ന് തുടർന്ന് ക്ലാസെടുത്ത ഗ്രാമവികസന കമ്മീഷണർ എ. അജിത്കുമാർ, ഐ.എ.എസ് പറഞ്ഞു. വിവിധ വകുപ്പുകളും ഏജൻസികളും നടത്തുന്ന പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി പരമാവധി പ്രയോജനപ്പെടുത്തണം. 5 വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കി പദ്ധതികൾ സുതാര്യമായി ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ 4 ഗ്രൂപ്പുകളായി പിരിഞ്ഞു. ഗ്രൂപ്പ് ചർച്ചകൾക്ക് ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും സംശയങ്ങളും സമാപന സെഷനിൽ ജനപ്രതിനിധികൾ അവതരിപ്പിച്ചു. ശില്പശാല മോഡറേറ്റർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ വി.എൻ. ജിതേന്ദ്രൻ, തദ്ദേശസ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവർ പ്രതിനിധികളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ത്രിതല പഞ്ചായത്തു മേധാവികൾക്കും ഉദ്യോഗസ്ഥർക്കും പദ്ധതി സംബന്ധിച്ച വ്യക്തമായ ചിത്രം നൽകാൻ ശില്പശാലവഴി സാധിച്ചു. പദ്ധതി താഴെത്തട്ടിലെത്തിക്കുന്നതിന്റെ ഭാഗമായി വിശദമായ പ്രവർത്തനങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. ബ്ലോക്ക്-ഗ്രാമ-വാർഡ്-അയൽക്കൂട്ടതല ശില്പശാലകൾ, തൊഴിലുറപ്പ് സന്ദേശയാത്ര തുടങ്ങി വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ ശില്പശാല ആസൂത്രണം ചെയ്തു. ജില്ലാകലക്ടർ എൻ.എ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി രാജ്യത്തിന് തന്നെ മാതൃകയായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

*(ലേഖകൻ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ജൂനിയർ സൂപ്രണ്ടാണ്).* ●

ലേഖനപരമ്പര-5



വി. സുഭാഷ്ചന്ദ്രബോസ്

# നീർത്തടാധിഷ്ഠിത വികസനം - അടിസ്ഥാന തത്വങ്ങൾ

**ഒ**രു പ്രദേശത്തിന്റെ വികസനം പരിഗണിക്കുമ്പോൾ നീർത്തടാധിഷ്ഠിത വികസനം ചില പ്രമാണങ്ങളുടെയും അടിസ്ഥാനതത്വങ്ങളുടെയും മുകളിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. നീർത്തടാധിഷ്ഠിത വികസന പരിപാടികൾക്ക് പ്രാദേശികവും സാർവദേശീയവുമായ നിരവധി മാനങ്ങൾ കൽപിക്കപ്പെടുന്നു. പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവ-ഭൗതിക-സാമ്പത്തിക വ്യവസ്ഥിതിയുടെ നിലനിൽപ്പിനാവശ്യമായ ഉൽപ്പാദനപ്രക്രിയ.
2. സാമൂഹ്യനീതിയും തുല്യ അവസരങ്ങളും പ്രദാനം ചെയ്യുന്ന പരസ്പര സാമൂഹ്യ, വ്യക്തിബന്ധങ്ങൾ.
3. മാനവമൂല്യങ്ങളിലൂന്നിയ ജീവിത രീതിയും മനോഭാവവും നിയന്ത്രണ ഘടകങ്ങളും.

മാനവികതയിലൂന്നിയതും അതേസമയം ജനങ്ങളുടെ ജീവിതാവശ്യങ്ങൾ ശാശ്വതമായി പരിഹരിക്കുവാനുമായി പ്രകൃതിവിഭവങ്ങളെ അവയുടെ തനതായ താളക്രമങ്ങൾക്ക് അധികനാശം വരുത്താതെ വിനിയോഗിക്കുകയെന്നതാണ് നീർത്തട കാഴ്ചപ്പാടിലൂടെ ഉദ്ദേശിക്കുന്നത്.

താഴെ പറയുന്ന അടിസ്ഥാനതത്വങ്ങളെയും പ്രമാണങ്ങളെയും ഉറപ്പുവരുത്തുവാനാണ് നീർത്തടാധിഷ്ഠിത വികസന പരിപാടികളിലൂടെ ലക്ഷ്യമിടുന്നത്.

**1. പരിസ്ഥിതി സൗഹൃദം**

പ്രകൃതിയെ കൂടുതൽ മനസ്സിലാക്കുവാനും പ്രകൃതിവിഭവങ്ങളായ മണ്ണ്, ജൈവ, ജലസമ്പത്തുകളുടെ പരസ്പര ബന്ധം മനസ്സിലാക്കി പ്രവർത്തിക്കുവാനും നീർത്തട പരിപാടികളിലൂടെ കഴിയുന്നതാണ്. വികസന അതിർത്തി തന്നെ പ്രകൃതിപരമായി നിർണ്ണയിക്കപ്പെട്ടതാണ് എന്ന പ്രത്യേകതയും ഇവിടെയുണ്ട്. പ്രകൃതിവിഭവങ്ങളുടെ ദീർഘകാല നിലനിൽപ്പിനും അതേസമയം മനുഷ്യാവശ്യങ്ങൾ നേടുവാനും ഒരേ സമയം പ്രാധാന്യം നൽകേണ്ടിവരുന്നു. ഉയർന്നതും ചരിവും താഴ്വരയും തമ്മിലുള്ള സ്ഥലപരമായ പരിഗണന നീർത്തടകാഴ്ചപ്പാടിലൂടെ കൂടുതൽ മനസ്സിലാക്കുവാനും ഏതെങ്കിലും ഒരു ഭൂഭാഗത്തിലുണ്ടാകുന്ന ഇടപെടലുകളുടെ ഗുണദോഷങ്ങൾ വേർതിരിച്ചറിയുവാനും കഴിയുന്നു. വിവിധ ഭൂഭാഗങ്ങൾ ഒരു നീർത്തടത്തിൽ തന്നെയായതിനാൽ പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ എളുപ്പമാണ്. വാർഡടിസ്ഥാന പരിഗണനകൾക്ക് ഇവിടെ സാദ്ധ്യതയില്ല. വിഭവങ്ങളുടെ പാരസ്പര്യവും ഭൂമിശാസ്ത്രപരമായ വ്യാപനവും ശാസ്ത്രീയമായി പരിഗണിക്കുവാനും ഓരോ ഭൂവിഭാഗത്തിനുമനുയോജ്യമായവ മാത്രം നടപ്പിലാക്കുവാനും അതിലൂടെ കൂടുതൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുവാനും നീർത്തടാടിസ്ഥാന പരിപാടികളിലൂടെ കഴിയുന്നു. ഭൂശാസ്ത്രപരമായ പ്രത്യേകതകൾക്ക് ശാസ്ത്രീയമായ പരിഗണന നീർത്തടാധിഷ്ഠിത വികസനത്തിൽ ലഭ്യമാവുന്നു.

**2. സുസ്ഥിരത**

വികസനരംഗത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാഴ്ചപ്പാടാണിത്. വിഭവങ്ങളുടെ ദീർഘകാല നിലനിൽപ്പിന് സുസ്ഥിരമായ കാഴ്ചപ്പാടും അതിനനുസൃതമായ പ്രവർത്തനങ്ങളും ആവശ്യമാണ്. സുസ്ഥിരതയെന്നതിന് പ്രാദേശികവും അന്തർദേശീയവുമായ തലങ്ങളുണ്ട്. ഭൗതികവിഭവങ്ങളുടെ ഹ്രസ്വകാല, ദീർഘകാല വിനിയോഗത്തെയും പരിപാലനത്തെയുമാണ് ആത്യന്തികമായി പരിഗണിക്കുന്നത്. പ്രാദേശിക സുസ്ഥിരതയിൽ ഓരോ സൂക്ഷ്മ ആവാസവ്യവസ്ഥയുടെയും സംരക്ഷണവും പ്രത്യേകതകളും സ്വാഭാവിക ഉൽപ്പാദനക്ഷമതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വാഭാവികമായ അല്ലെങ്കിൽ നൈസർഗ്ഗികമായ ഉൽപ്പാദന ക്ഷമതയെന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരു പരിസ്ഥിതി വ്യവസ്ഥയുടെ തനതായ ഉൽപ്പാദന കഴിവിനെയാണ്. ബാഹ്യമായ ഘടകങ്ങളുടെ സ്വാധീനമില്ലാതെയുള്ള പ്രകൃതിവിഭവങ്ങളുടെ വളർച്ച കഴിവിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഓരോ പരിസ്ഥിതിവ്യൂഹത്തിന്റെയും കഴിവിനനുസരിച്ചുള്ള വളർച്ചയെയാണ് സൂചകമായി എടുക്കുന്നത്. സ്വന്തമായ കഴിവിനെ നിലനിറു

ത്തിയും പരിപാലിച്ചും മാത്രമേ സുസ്ഥിരത നേടാനാവൂ.

അതേസമയം ഒരു പരിസ്ഥിതി വ്യവസ്ഥയുടെ മൊത്തം ഉൽപ്പാദനക്ഷമതയെയാണ് നാം സാധാരണയായി കണക്കാക്കുന്നത്. ഇതിൽ സ്വാഭാവിക ഉൽപ്പാദനക്ഷമതയും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനായി നാം നൽകുന്ന വിവിധ ഘടകങ്ങളുടെ സ്വാധീനത്താലുണ്ടാകുന്ന ഉൽപ്പാദനക്ഷമതയും കൂട്ടിച്ചേർത്താണ് മൊത്തം ഉൽപ്പാദന കഴിവ് കണക്കാക്കുന്നത്. ഇതിൽ സ്വാഭാവികമായ ഉൽപ്പാദന കഴിവും കൃത്രിമമായി നമുക്കു സൃഷ്ടിച്ചെടുക്കുവാൻ കഴിയുന്ന ഉൽപ്പാദന കഴിവും അടങ്ങിയിരിക്കുന്നു. ഒരു ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കാം. മണ്ണിൽ അധികം രാസവളങ്ങളും മറ്റു ഘടകങ്ങളും ഉപയോഗിക്കാതിരിക്കുമ്പോൾ ലഭിക്കുന്ന ഉൽപ്പാദനത്തെ സ്വാഭാവിക ഉൽപ്പാദനക്ഷമതയെന്നു പറയാവുന്നതാണ്. അതേസമയം രാസവളങ്ങളുൾപ്പെടെയുള്ള ധാരാളം ബാഹ്യഘടകങ്ങൾ ചേർത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം. മൊത്തം ഉൽപ്പാദനം കൂടിയിരിക്കും. പക്ഷെ ദീർഘകാലത്തിൽ മണ്ണിന്റെ സ്വാഭാവിക ഉൽപ്പാദനക്ഷമത കുറയാതെ നോക്കിയില്ലെങ്കിൽ പ്രശ്നം സങ്കീർണ്ണമാകും. എത്ര ബാഹ്യഘടകങ്ങൾ നൽകിയാലും അവയെല്ലാം സ്വീകരിച്ച് ഉൽപ്പാദനം നടക്കുവാൻ സഹായിക്കുവാനുള്ള മണ്ണിന്റെയും പ്രകൃതിവിഭവങ്ങളുടെയും സ്വാഭാവിക കഴിവ് വളരെ പ്രധാനമാണ്. ബാഹ്യഘടകങ്ങൾ ഹ്രസ്വകാല ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സഹായകമാണെങ്കിലും ദീർഘകാല ഉൽപ്പാദനക്ഷമതയ്ക്ക് സ്വാഭാവികമായ കഴിവ് ആവശ്യമാണ്. സ്വാഭാവികമായ ഉൽപ്പാദനക്ഷമതാ കഴിവില്ലാത്ത ആവാസവ്യവസ്ഥയിൽ ദീർഘകാലത്തിൽ ബാഹ്യഘടകങ്ങൾക്ക് ഒന്നും ചെയ്യാനില്ല. മണ്ണിന്റെ പ്രതികരണശേഷി നഷ്ടപ്പെട്ടുവെന്നൊക്കെ പറയുന്നത് ഈ സാഹചര്യത്തിലാണ്.

ഒരു ആവാസവ്യവസ്ഥയിൽ എല്ലാ കൃത്രിമ സാഹചര്യവും തയ്യാറാക്കി മൊത്തം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനാണ് സാധാണയായി നാം ശ്രമിക്കാറുള്ളത്. അതിനായി മുന്തിയ ഇനം വിത്തുകൾ, ജലസേചനമാർഗ്ഗങ്ങൾ, അമിതമായ രാസവളങ്ങൾ, നിരോധിക്കപ്പെട്ട കീടനാശിനികൾ എന്നിവയുൾപ്പെടെ എല്ലാം നാം പരീക്ഷിക്കാറുണ്ട്. ധാരാളം ബാഹ്യഘടകങ്ങൾ നൽകിയാൽ ആവാസവ്യവസ്ഥകൾക്ക് അവയിൽ പലതിനെയും ഉൾക്കൊള്ളാനാവില്ല. മാത്രമല്ല നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടാകുന്നു. അങ്ങനെ ആവാസവ്യവസ്ഥകളുടെ സ്വാഭാവിക കഴിവ് നശിക്കുവാൻ തുടങ്ങിയാൽ എത്ര ബാഹ്യഘടകങ്ങൾ നൽകിയാലും ഉൽപ്പാദനക്ഷമത വർദ്ധിക്കില്ല എന്നു മാത്രമല്ല, ദീർഘകാലത്തിൽ ഉൽപ്പാദനക്ഷമത എന്നെന്നേക്കുമായി നശിക്കുകയും ചെയ്യും. ഒരു പ്രാവശ്യം സ്വാഭാവിക ഉൽപ്പാദനക്ഷമത കഴിവ് നശിച്ചാൽ പിന്നീട് പുനരുജ്ജീവിപ്പിക്കുക അത്ര എളുപ്പമല്ല. ഓരോ പരിസ്ഥിതിവ്യവസ്ഥയുടെയും സ്വാഭാവിക ഉൽപ്പാദനക്ഷമതയ്ക്ക് കോട്ടം വരുത്താതെ പരമാവധി കാലം ഉൽപ്പാദനക്ഷമത നിലനിറുത്തുകയും അതേസമയം വർദ്ധിച്ച ഉൽപ്പാദനം നേടുകയും ചെയ്യുകയെന്നതാണ് പ്രധാനം. പ്രകൃതിവിഭവങ്ങൾക്ക് അവയുടെ സ്ഥാനീയവും സ്ഥലപരവുമായ പ്രത്യേകതകൾക്കനുസരിച്ചുള്ള പരിപാലന രീതികളാണ് നീർത്തടാധിഷ്ഠിത വികസന പരിപാടികളിലുള്ളത്. അതുകൊണ്ടുതന്നെ സുസ്ഥിരത നേടുവാൻ നീർത്തടപ്രവർത്തനങ്ങളിലൂടെ കഴിയുന്നതാണ്.

**3. സാമൂഹ്യനീതി/തുല്യത**

ഓരോ നീർത്തടത്തിലെയും എല്ലാ മനുഷ്യർക്കും ജീവിതവൃത്തിക്കാവശ്യമായ വസ്തുക്കൾ ലഭിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയെന്നതാണ് സാമൂഹ്യനീതിയിലൂടെ ഉദ്ദേശിക്കുന്നത്. നിശ്ചിതമായ അടിസ്ഥാനാവശ്യങ്ങളും ജീവിതസൗകര്യങ്ങളും എല്ലാവർക്കും ലഭ്യമാക്കുന്നതിലൂടെയാണ് തുല്യത ഉറപ്പാക്കുന്നത്. ഓരോ നീർത്തടത്തിലും സൂക്ഷ്മതലത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനുണ്ടാകും. അങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ആകെതുകയായിട്ടായിരിക്കും നീർത്തടപ്രദേശത്ത് അധികജലമുണ്ടാകുന്നതും ഉത്പാദനക്ഷമത വർദ്ധിക്കുന്നതും പരിസ്ഥിതി പ്രശ്നങ്ങൾ കുറയുന്നതുമെല്ലാം തന്നെ. അതുകൊണ്ടുതന്നെ അധികമായുണ്ടാകുന്ന വിഭവങ്ങൾ എല്ലാവർക്കും ലഭിക്കുവാനുള്ള അർഹതയും സാഹചര്യവും വളരെ വലുതായിരിക്കും. എല്ലാപേരുടെയും ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ കൊണ്ട് മൊത്തം വളർച്ചയും സാഹചര്യവും മെച്ചപ്പെടുകയാണെങ്കിൽ എല്ലാവർക്കും അതിന്റെ പങ്ക് ലഭ്യമാക്കുവാൻ എളുപ്പത്തിൽ കഴിയുന്നതാണ്. നീർത്തടത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ നടക്കുന്നതിലൂടെ ഓരോ പ്രദേശത്തിന്റെയും ഉൽപ്പാദനമുൾപ്പെടെയുള്ള ഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയുന്നതിനാൽ നീർത്തടത്തിലെ എല്ലാവർക്കും ഗുണഫലങ്ങൾ അനുഭവിക്കാനാവും. ഓരോ പ്രദേശത്തിന്റെയും നിലനിൽപ്പിനും വളർച്ചയ്ക്കും അവയുമായി ബന്ധപ്പെട്ട സമീപ പ്രദേശങ്ങളുടെ ഘടകങ്ങൾ എത്ര മാത്രം സ്വാധീനിക്കുന്നുവെന്ന് തിരിച്ചറിയുന്നതിലൂടെ ജനങ്ങളിൽ കൂടുതൽ സഹകരണവും കൂട്ടായ്മ പ്രവർത്തന സാഹചര്യവുമുണ്ടാകുന്നു. നീർത്തടാധിഷ്ഠിത വികസനത്തിൽ സാമൂഹ്യത ഉറപ്പാക്കുവാൻ കൂട്ടായ പ്രവർത്തനങ്ങൾ സാഹചര്യമൊരുക്കുന്നു.

**4. ജനപങ്കാളിത്തം**

ഒരു ചെറിയ പ്രദേശത്ത് നടപ്പിലാക്കുന്ന പദ്ധതിയെന്ന നിലയിൽ പ്രാദേശിക സമൂഹങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. വിഭവങ്ങളുടെ സാദ്ധ്യതകളും പരിമിതികളും വേർതിരിച്ചറിയൽ, പദ്ധതി ആസൂത്രണം, നടത്തിപ്പ്, ആസ്തികളുടെ സംരക്ഷണം എന്നിവയിലൊക്കെ ജനപങ്കാളിത്തം രൂപപ്പെടുത്തുവാൻ കഴിയുന്നതാണ്. കൃത്യമായ ഫലങ്ങൾ ലഭിക്കുന്നതിനാൽ ജനങ്ങളിൽ കൂടുതൽ വിശ്വാസം വളർത്തുവാനും കഴിയുന്നു. അതിലൂടെ സഹകരണം ഉറപ്പാക്കുവാനും കഴിയുന്നു. ആവശ്യമായ മുന്നൊ

രുക്കങ്ങൾ, പരിശീലനങ്ങൾ എന്നിവയിലൂടെ ജനങ്ങളെ ശാക്തീകരിക്കാവുന്നതാണ്. പ്രകൃതിവിഭവങ്ങളെ കൂടുതൽ സംരക്ഷിക്കുവാനും പ്രകൃതിയുടെ താളക്രമങ്ങൾക്കനുസരിച്ചുള്ള ജീവിതവൃത്തിയിൽ ഏർപ്പെടുവാൻ ജനങ്ങളെ സജ്ജരാക്കുവാനും ഇതിലൂടെ കഴിയുന്നതാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നവർ എന്ന നില മാറി പ്രകൃതിയുടെ ഭാഗമാണ് മനുഷ്യർ എന്ന കാഴ്ചപ്പാടിന് കൂടുതൽ അംഗീകാരം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുവാൻ നീർത്തട പരിപാടികളിലൂടെ കഴിയുന്നതാണ്. തീരുമാനങ്ങളെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും ജനങ്ങളുടെ പങ്കാളിത്തമുണ്ടായാൽ ശക്തമായ പ്രാദേശിക സമൂഹങ്ങളുണ്ടാകുവാൻ അതിലൂടെ സാധിക്കും.

സ്ത്രീകൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗം, അവശജനങ്ങൾ എന്നിവരുടെ കാര്യശേഷി വർദ്ധിപ്പിക്കുവാനും അവരെ കൂടുതൽ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാൻ കഴിയുന്നതിലൂടെ പുതിയ സാമൂഹ്യക്രമവും രൂപപ്പെടുന്നതാണ്.

നീർത്തടാധിഷ്ഠിത വികസന പരിപാടികളിൽ ചെറുതും വലുതുമായ നീർത്തടങ്ങളായിരിക്കും വികസനത്തിന്റെ അടിസ്ഥാന യൂണിറ്റ്. ഓരോ ചെറുനീർത്തടത്തിലും രൂപപ്പെടുന്ന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്രമങ്ങൾക്കും തനതായ വ്യക്തിത്വവും ജീവിതചര്യകളുമുണ്ടാവും. അവ നിലനിറുത്തുമ്പോൾ തന്നെ അവയുൾപ്പെടുന്ന വലിയൊരു നീർത്തടത്തിന്റെ ഭാഗവുമായിരിക്കും. മാലയിലെ ഓരോ കണ്ണിക്കും സ്വന്തമായ സൗരഭ്യം ഉള്ളപ്പോൾതന്നെ അവ മാലയുടെ ഭാഗവുമാണ്. എല്ലാ കണ്ണികൾക്കും അവയുടെതായ സ്ഥാനവും പ്രാധാന്യവുമുണ്ട്. അതേസമയം തനതായ വ്യക്തിത്വത്തിനുള്ള സ്വാതന്ത്ര്യവും പ്രധാനമാണ്.

*(ലേഖകൻ 'മഴകേന്ദ്രം' സ്റ്റേറ്റ് മാനേജരാണ്.)*

*കൂടുതൽ വിവരങ്ങൾക്ക്:-*

Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com

●

# നിർമ്മൽ ഗ്രാമപുരസ്ക്കാരം 14 ഗ്രാമപഞ്ചായത്തുകൾക്കുകൂടി

**കേ**ന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മൽ ഗ്രാമപുരസ്ക്കാരം പതിനാല് ഗ്രാമപഞ്ചായത്തുകൾക്കും, ഓരോ ബ്ലോക്ക് പഞ്ചായത്തിനും കൂടി ലഭിച്ചു. 205 ഗ്രാമപഞ്ചായത്തുകൾക്കും അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾക്കും നടപ്പുവർഷം ഈ പുരസ്ക്കാരം ലഭിച്ചിരുന്നു. (ഇതു സംബന്ധിച്ച വാർത്ത പഞ്ചായത്ത് രാജ് മാസിക മേയ് ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.) പുതുതായി പുരസ്ക്കാരം ലഭിച്ചവരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു. ഇതോടെ പുരസ്ക്കാരം ലഭിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം 219-ഉം ബ്ലോക്ക് പഞ്ചായത്തുകൾ ആറെണ്ണവുമായി.

**ഗ്രാമപഞ്ചായത്തുകൾ**

1. തൃപ്പങ്ങോട്ടൂർ
2. പാനൂർ
3. മുഴപ്പിലങ്ങാട്
4. ചാലിശ്ശേരി
5. മുളങ്കുന്നത്തുകാവ്
6. തുറവൂർ
7. അശമന്നൂർ
8. പട്ടാഴി വടക്കേക്കര
9. ചവറ
10. തൃക്കോവിൽവട്ടം
11. നിലമേൽ
12. വെളിനല്ലൂർ
13. മാണിക്കൽ
14. പനവൂർ

**ബ്ലോക്ക് പഞ്ചായത്ത്**

കൂത്തുപറമ്പ്

നിർമ്മൽ പുരസ്കാരം ലഭിച്ചവർക്കുള്ള അവാർഡുകൾ മേയ് നാലിന് ന്യൂഡൽഹിയിൽ വച്ചു നടന്ന ചടങ്ങിൽ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം വിതരണം ചെയ്തു. ●




*ദേശീയ നിർമ്മൽ ഗ്രാമപുരസ്ക്കാരം ഇന്ത്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം കരിവെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. നാരായണന് സമ്മാനിക്കുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ സമീപം.*





കെ.ഒ. കുര്യാക്കോസ്

# മലമുകളിൽ ഒരു വീരഗാഥ

## തേരക്കുടികോളനിയിൽ എല്ലാവർക്കും വീട്

എറണാകുളം ജില്ലയിലെ, കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ, കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽപെട്ട തേരക്കുടി ആദിവാസികോളനി നിവാസികൾക്കെല്ലാം വാസയോഗ്യമായ വീട് ലഭിച്ചു. കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ, എല്ലാവർക്കും വീട് ലഭിച്ച ആദ്യ ആദിവാസി കോളനിയായി തേരക്കുടി.

കോതമംഗലത്തു നിന്ന് 52 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കോളനിയാണ് തേരക്കുടി. വനമധ്യത്തിൽ തേരമലയുടെ മുകളിൽ 22 കുടുംബങ്ങൾ താമസിക്കുന്നു. ഇവർക്ക് ബാഹ്യലോകവുമായി ബന്ധപ്പെടുന്നതിനും പുറത്തുള്ളവർക്ക് അവിടെയെത്തുന്നതിനും ഏറെ കഷ്ടപ്പെടേണ്ടിവരും. ഗതാഗത സൗകര്യം ഒട്ടുമില്ല. കാട്ടാനകൾ വിഹരിക്കുന്ന പ്രദേശത്ത്, പ്രത്യേകം ജീപ്പ് വാടകയ്ക്കെടുത്ത് തേരക്കുടികോളനിയിലെത്താം. അതും, നല്ല വേനൽ കാലത്തു മാത്രം. മഴക്കാലത്ത് പാറ്റാമ്പിള്ളിത്തോട് കടന്ന് 2 മണിക്കൂർ തേരമല നടന്ന് കയറിയേ അവിടെയെത്താൻ കഴിയൂ. അപ്പോഴും അട്ടയുടെ ശല്യം ഭയങ്കരമാണ്.

2005–06 വർഷത്തിലാണ് ഈ പദ്ധതിക്ക് രൂപം കൊടുത്തത്. പദ്ധതി വിഹിതമായി 995999 രൂപയും എറണാകുളം ജില്ലാ കളക്ടറുടെ ഫണ്ടിൽ നിന്നും 604001 രൂപയുമുൾപ്പെടെ 16 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് ചെലവായത്.

ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകി അവരെ കൊണ്ടുതന്നെ വീടു പണി നടത്തിക്കുന്ന സമീപനമാണ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചത്. 22 ഗുണഭോക്താക്കളുടെയും, വീടു പണിയുടെ ഓരോ ഘട്ടത്തിലും ഇടപെട്ട് പ്രത്യേകം നിർദ്ദേശങ്ങൾ നൽകികൊണ്ടിരുന്നു. മൂന്ന് സ്റ്റേജുകളിലായി പണം കൊടുക്കുന്ന സാധാരണ രീതി മാറ്റി പണിയുടെ പുരോഗതി നോക്കി മാത്രം പണം നൽകി. കൂടുതൽ പണം അവരിലെത്താതെ പ്രത്യേകം ജാഗ്രത പാലിച്ചു. ഗുണഭോക്താക്കൾക്ക് ഒരു വീടിന് ലഭിക്കേണ്ട 75000 രൂപയും ഓരോരുത്തർക്കും ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞു. സാധനങ്ങൾ മലമുകളിൽ എത്തിക്കുക എന്നതായിരുന്നു പ്രധാനപ്രശ്നം. 500 കിലോ സാധനങ്ങൾ, തേരക്കോളനിയിൽ എത്തിക്കുന്നതിന് 1500 രൂപ വരെ നൽകേണ്ടി വന്നു. തറപണിയുന്നതിനുള്ള കരിങ്കല്ല് മാത്രമാണ് കോളനിക്കകത്തുനിന്നും ലഭിച്ചത്.

വനം വകുപ്പു മന്ത്രി ബിനോയ് വിശ്വം 2007 ഏപ്രിൽ 16–ന് 22 വീടുകളുടേയും താക്കോൽദാനം നിർവ്വഹിച്ചു.

സമൂഹത്തിന്റെ മുഖ്യധാരയിൽ ഇനിയും എത്തിയിട്ടില്ലാത്ത ആദിവാസി സമൂഹത്തിന്റെ പുരോഗതിയ്ക്ക് പ്രതിജ്ഞാബദ്ധമാണ് കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്. ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, സാമൂഹ്യപ്രവർത്തകരും ആത്മാർത്ഥമായി ശ്രമിച്ചതിന്റെ വിജയമാണീ പദ്ധതി. അധികാര വികേന്ദ്രീകരണത്തിന്റെ അനന്ത സാധ്യതകൾ ആദിവാസികൾക്കു മുമ്പിലും തുറന്നു കിട്ടിയതിന്റെ ഉത്തമ ഉദാഹരണമാണ് തേരക്കുടിയിൽ ഉയർന്ന് നിൽക്കുന്ന ഇരുപത്തിരണ്ട് വീടുകൾ.

*(ലേഖകൻ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ആഫീസിലെ ഗ്രാമസേവകനാണ്.)*




എൽ.സി. പൊന്നുമോൻ

നമ്മുടെ രാജ്യത്തെ ജനങ്ങൾ ജീവിതോപാധിയ്ക്കായി വിദേശ രാജ്യങ്ങളിലേക്ക് കൂടുതൽ പോകുന്നതിനാൽ പാസ്പോർട്ട് നടപടിക്രമങ്ങൾ ലളിതമാക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പാസ്പോർട്ട് ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചു. പാസ്പോർട്ട് അപേക്ഷകൾ ഇപ്പോൾ ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെ ഏറ്റവും വേഗതയിൽ പാസ്പോർട്ട് നൽകുക എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം.

# ലളിതമാക്കിയ പാസ്പോർട്ട് നടപടിക്രമങ്ങൾ

**പാ**സ്പോർട്ട് ഇന്ന് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു രേഖയാണ്. മുൻകാലയളവിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ബഹുഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ ജീവിതത്തിൽ ഒരു അവശ്യവസ്തുവാണ് പാസ്പോർട്ട്. ഐടി വിപ്ലവവും ഗൾഫിനു പുറമേ യൂറോപ്പ്, അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്കും ഇന്ത്യാക്കാർ തൊഴിലിനായി ചേക്കേറുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ യുവ തലമുറ വിദ്യാഭ്യാസ കാലത്തുതന്നെ പാസ്പോർട്ട് എടുക്കുവാൻ തുടങ്ങിയിട്ടുണ്ട്.

പാസ്പോർട്ട് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ ലളിതമായി വരികയാണ്. ആദ്യകാലങ്ങളിൽ പാസ്പോർട്ട് എടുത്തിരുന്നത് ട്രാവൽ ഏജൻസികൾ വഴിയായിരുന്നു. എന്നാൽ ഇന്ന് മിക്കവരും നേരിട്ട് പാസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ടാണ് ഈ അവശ്യരേഖ എടുക്കുന്നത്.

നമ്മുടെ രാജ്യത്തെ ജനങ്ങൾ ജീവിതോപാധിയ്ക്കായി വിദേശ രാജ്യങ്ങളിലേക്ക് കൂടുതൽ പോകുന്നതിനാൽ പാസ്പോർട്ട് നടപടിക്രമങ്ങൾ ലളിതമാക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പാസ്പോർട്ട് ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചു. പാസ്പോർട്ട് അപേക്ഷകൾ ഇപ്പോൾ ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെ ഏറ്റവും വേഗതയിൽ പാസ്പോർട്ട് നൽകുക എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം.

പാസ്പോർട്ട് നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ 2006 ഡിസംബർ 23 മുതൽ കാതലായ മാറ്റങ്ങൾ വരുത്തി. ലളിതമാക്കിയ ഈ നടപടിക്രമങ്ങൾ ചുവടെ കൊടുക്കുന്നു.

1. തത്കാൽ പദ്ധതി പ്രകാരം പാസ്പോർട്ട് 7 ദിവസത്തിനുള്ളിലും 14 ദിവസത്തിനുള്ളിലും നൽകുന്നു. നേരത്തെ ഇത് യഥാക്രമം 10 ദിവസവും 20 ദിവസവുമായിരുന്നു. 7 ദിവസത്തിനുള്ളിൽ പാസ്പോർട്ട് ലഭിക്കാൻ 2500 രൂപയും, 14 ദിവസത്തിനുള്ളിൽ ലഭിക്കാൻ 2000 രൂപയും അടയ്ക്കണം.
2. തത്കാൽ പദ്ധതി പ്രകാരം പാസ്പോർട്ടിന്റെ കാലാവധി പുതുക്കി നൽകുന്നതിന് ഇനി 3 പ്രവൃത്തി ദിവസം മാത്രമേ എടുക്കുകയുള്ളൂ. നേരത്തെ ഇത് 5 ദിവസമായിരുന്നു. ഇതിനുള്ള ഫീസ് 2500 രൂപയാണ്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കാലാവധി തീർന്ന പാസ്പോർട്ട് പുതുക്കുന്നതിന് പാസ്പോർട്ട് അതോറിറ്റിയുടെ മോശമായ പരാമർശ

മൊന്നുമില്ലെങ്കിൽ പോലീസ് വെരിഫിക്കേഷൻ ഇനി മുതൽ ആവശ്യമില്ല.

3. തത്കാൽ പദ്ധതി പ്രകാരം പാസ്പോർട്ട് എടുക്കുന്നതിന് വേണ്ട വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (വിസി) നൽകാൻ അധികാരമുള്ള ഉദ്യോഗസ്ഥരുടെ പട്ടിക വിപുലീകരിച്ചു. കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ അണ്ടർ സെക്രട്ടറി റാങ്ക് തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കും, സംസ്ഥാന ഗവൺമെന്റിൽ ഇതേ റാങ്കിലും അതിനു മുകളിലും ഉള്ള ഉദ്യോഗസ്ഥർക്കും വിസി നൽകാം. (കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ നേരത്തെ ഈ അധികാരം ഡെപ്യൂട്ടി സെക്രട്ടറി തലം മുതൽ മുകളിലോട്ടായിരുന്നു). ഇതിനു പുറമേ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ആംഡ് ഫോഴ്സിൽ മേജർ തലത്തിനു മുകളിലോട്ടുള്ള ഓഫീസർമാർ എന്നിവരെയും വിസി നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതാത് പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ മാർ (സ്റ്റേഷൻ ഹെഡ് ഓഫീസർ), അപേക്ഷകൻ താമസിക്കുന്ന താലൂക്കിലെ തഹസിൽദാർ എന്നിവർക്കും ഇതിനധികാരമുണ്ട്.

4. 10 വർഷ കാലാവധിയുള്ള സാധാരണ പാസ്പോർട്ട് തത്കാൽ പദ്ധതി പ്രകാരം പോലീസ് വെരിഫിക്കേഷൻ പിന്നീടു നടത്തുമെന്ന വ്യവസ്ഥയിലും എടുക്കാൻ കഴിയും. ഇതിന് താഴെ പറയുന്ന 14 രേഖകളിൽ ഏതെങ്കിലും മൂന്നെണ്ണം സമർപ്പിച്ചാൽ മതി.

14 രേഖകൾ ഇവയാണ്;

i. ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡ്.

ii. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോ, പൊതുമേഖലാ കമ്പനികളോ നൽകുന്ന തിരിച്ചറിയൽ കാർഡുകൾ.

iii. എസ്.സി/എസ്.റ്റി/ഒ.ബി.സി സർട്ടിഫിക്കറ്റുകൾ.

iv. സ്വാതന്ത്ര്യസമര സേനാനി തിരിച്ചറിയൽ കാർഡ്.

v. ആയുധ ലൈസൻസ്.

vi. ഭൂസ്വത്തു സംബന്ധിച്ച ആധാരങ്ങളും പ്രമാണങ്ങളും.

vii. റേഷൻ കാർഡുകൾ.

viii. വിമുക്ത ഭടന്മാരുടെ പെൻഷൻ ബുക്കുകൾ, പെൻഷൻ ഓർഡറുകൾ, വിമുക്ത ഭടന്മാരുടെ വിധവകളുടെ ഡിപ്പന്റന്റ് സർട്ടിഫിക്കറ്റ്, വാർദ്ധക്യകാല പെൻഷൻ ഓർഡർ, വിധവ പെൻഷൻ ഓർഡർ തുടങ്ങിയവ.

ix. റെയിൽവെ തിരിച്ചറിയൽ കാർഡുകൾ.

x. പാൻ കാർഡുകൾ.

xi. ബാങ്ക്, കർഷക, പോസ്റ്റ് ഓഫീസ് പാസ്ബുക്കുകൾ.

xii. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്ന ഐഡന്റിറ്റി കാർഡുകൾ.

xiii. ഡ്രൈവിംഗ് ലൈസൻസുകൾ.

xiv. ജനന മരണ രജിസ്ട്രേഷൻ നിയമ പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റുകൾ.

ഇതിൽ പാസ്പോർട്ടിനായി സമർപ്പിക്കുന്ന മൂന്ന് രേഖകളിൽ ഒന്ന് ഫോട്ടോ പതിച്ചതായിരിക്കണം. മറ്റൊന്ന് 1 മുതൽ 9 വരെ അക്കമിട്ട രേഖകളിൽ ഉൾപ്പെടുന്നതും ആയിരിക്കണം.

5. മേൽപ്പറഞ്ഞ വിസിയും രേഖകളും സമർപ്പിക്കാൻ കഴിയാത്തവർക്ക് സാധാരണ നിലയിൽ അപേക്ഷിച്ചാൽ പോലീസ് വെരിഫിക്കേഷനുശേഷം പാസ്പോർട്ട് നൽകുന്നതാണ്.

6. കേന്ദ്ര ഗവൺമെന്റ് സർവ്വീസിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന ജീവനക്കാർക്കും അവരുടെ വളരെ അടുത്ത ബന്ധുക്കൾക്കും (ഭാര്യയ്ക്കും ആശ്രിതരായ മക്കൾക്കും) അവരുടെ ഐഡന്റിറ്റി, ഡിപ്പാർട്ട്മെന്റ് ഹെഡോ, പൊതുമേഖലാ സ്ഥാപനത്തിന്റെ തലവനോ സർട്ടിഫൈ ചെയ്താൽ 10 വർഷ കാലാവധിക്കുള്ള പാസ്പോർട്ട് നൽകാവുന്നതാണ്.

7. അപെക്സ് ബിസിനസ്സ് സംഘടനകളായ FICCI, ASSOCHEM എന്നിവയുടെ ചെയർമാൻമാരെയും അവരുടെ സംഘടനയിൽ അംഗങ്ങളായ ബിസിനസ്സ് ഉടമകൾക്കും, പാർട്ട്ണർമാർക്കും, ഡയറക്ടർമാർക്കും വിസി നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. പാസ്പോർട്ട് കൈവശമില്ലാത്ത മാതാപിതാക്കളുടെ മൈനറായ കുട്ടികൾക്ക് ഇപ്പോൾ പോലീസ് വെരിഫിക്കേഷൻ ഇല്ലാതെ തന്നെ പാസ്പോർട്ട് നൽകുന്നതാണ്. ഇതിനായി നേരത്തെ വിവരിക്കുന്ന രേഖകളിൽ ഏതെങ്കിലും മൂന്നെണ്ണവും രക്ഷിതാവെന്ന് തെളിയിക്കുന്നതിനുള്ള രേഖയും നൽകണം.

9. നഷ്ടപ്പെട്ടതോ, നശിപ്പിക്കപ്പെട്ടതോ ആയ 10 വർഷം കാലാവധിയുള്ള സാധാരണ പാസ്പോർട്ടിന് പകരം പാസ്പോർട്ട് നൽകുന്നതിന്, പാസ്പോർട്ട് ഉദ്യോഗസ്ഥ മേധാവിയിൽ നിന്ന് മോശമായ പരാമർശമില്ലെങ്കിൽ, പോലീസ് വെരിഫിക്കേഷൻ നടത്തില്ല.

*(ലേഖകൻ തിരുവനന്തപുരം പി.ഐ.ബിയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ്.)* ●



കെ. ശശിധരൻ നായർ

# യോഗ - ശാരീരിക മാനസിക അസ്വാസ്ഥ്യങ്ങൾക്ക് ഒരു പ്രതിവിധി

**യോ**ഗ ഒരു ശാസ്ത്രമാണ്. പ്രാചീന ഭാരതത്തിലെ ഋഷിവര്യന്മാർ അവരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി രൂപകൽപന ചെയ്ത ഒരു ശാസ്ത്രമാണ് യോഗ. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള കൂടിച്ചേരലാണ് യോഗം എന്ന പദം കൊണ്ട് ഋഷിവര്യന്മാർ ഉദ്ദേശിച്ചിട്ടുള്ളത്. പ്രമുഖമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ജ്ഞാനയോഗം, കർമ്മയോഗം, ഭക്തിയോഗം, രാജയോഗം എന്നീ യോഗങ്ങളിൽപ്പെട്ട രാജയോഗം അഷ്ടാംഗയോഗം എന്ന പേരിലും അറിയപ്പെടുന്നു. പതഞ്ജലി മഹർഷിയാണ് അഷ്ടാംഗയോഗത്തിന്റെ ആചാര്യൻ. ഇതിൽ ഉൾപ്പെടുന്നതാണ് യോഗാസനങ്ങൾ. പതഞ്ജലി മഹർഷിയുടെ യോഗസൂത്രമാണ് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഭാരതസംസ്കാരത്തിന്റെ ആധികാരികങ്ങളായ വേദമന്ത്രങ്ങളിലും ഉപനിഷത്തുകളിലും ഈ ശാസ്ത്രശാഖയെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത് സാമാന്യ ജനങ്ങൾക്ക് ഉൾക്കൊള്ളാൻ എളുപ്പമല്ല. ഋഷിവര്യന്മാർ ഇത് ശിഷ്യന്മാർ കൂടി മനസ്സിലാക്കത്തക്ക വിധം അവരെ പഠിപ്പിക്കുകയും ഗ്രന്ഥരചന നടത്തുകയും ചെയ്തുവെന്ന് വേണം കരുതാൻ. യോഗശാസ്ത്രത്തിന്റെ അനന്തസാധ്യതകൾ വിവരിക്കുന്ന പ്രമുഖ ഗ്രന്ഥങ്ങളാണ് പതഞ്ജല യോഗശാസ്ത്ര, യോഗി യാജ്ഞവൽക്യ സംഹിത, ശിവ സംഹിത, ബൃഹത് യോഗ സോപാനം, ഹഠയോഗ പ്രദീപിക തുടങ്ങിയവ.

സാധാരണഗതിയിൽ യോഗപരിശീലനം എന്നു പറയുമ്പോൾ അതിൽ യോഗാസനം, പ്രാണായാമം, ധ്യാനത്തിന്റെ പ്രാഥമികമായ ചില തലങ്ങളും ഉൾപ്പെടുന്നതാണ്. ഇതാണ് പൊതുവെ പ്രചാരത്തിലുള്ളത്. ഈ പരിശീലനങ്ങളിലൂടെ ശാരീരികവും മാനസികവുമായ വളർച്ച ഉണ്ടാവുകയും അത് ഒരു മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്ക് പാതയൊരുക്കുകയും ചെയ്യും. ഇന്ന് യോഗയെക്കുറിച്ച് സാമാന്യമായ അറിവ് പകരുന്ന മലയാള ഗ്രന്ഥങ്ങൾ പല പുസ്തകശാലകളിലും ലഭ്യമാണ്. യോഗാസന പ്രക്രിയകളിൽ പ്രാദേശികമായ ചില വ്യതിയാനങ്ങൾ കാണാമെങ്കിലും ഇവയിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും തന്നെ ഇല്ല. ഈ ശാസ്ത്രത്തെ പുസ്തകത്തിൽ നിന്നും വായിച്ചും ടി.വി ചാനലുകളിൽ കണ്ടും അഭ്യസിക്കുന്നതിനെക്കാൾ മഹത്തരവും ലളിതവും ഗുണകരവും ഗുരുമുഖത്ത് നിന്ന് പഠിക്കുന്നതാണ്. നമ്മുടെ നാട്ടിൽ പല ഭാഗങ്ങളിലും വ്യക്തികളും സംഘടനകളും യോഗവിദ്യ അഭ്യസിപ്പിക്കുന്നുണ്ട്. പൊതുവായ ചില അഭ്യാസങ്ങളാണ് ഇവിടങ്ങളിൽ പഠിപ്പിച്ച് വരുന്നത്. എന്നാൽ, ഇവ സമഗ്രമല്ല. സംന്യാസി സമൂഹമാണ് സമഗ്ര യോഗ അഭ്യസിച്ചു വരുന്നത്. സമാധി ലക്ഷ്യം വച്ചുകൊണ്ടാണ് ഇവർ സമഗ്ര യോഗ അഭ്യസിക്കുന്നത്. ഇത് സാധാരണക്കാർക്ക് അത്ര എളുപ്പമല്ല. സാധാരണ ജീവിതം നയിക്കുന്നവർക്ക് പൊതുവായ അഭ്യാസങ്ങൾ മതിയാകും. അതിലൂടെ കാര്യമായ വ്യായാമത്തിന്റെ അഭാവത്താലും, മാനസിക സംഘർഷങ്ങളാലും ക്രമമല്ലാത്ത ദിനചര്യയാലും ഉണ്ടാകുന്ന ശാരീരിക-മാനസിക സംഘർഷങ്ങൾക്കും അസ്വാസ്ഥ്യങ്ങൾക്കും ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും.

### അഷ്ടാംഗയോഗം

യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിങ്ങനെ 8 തരം പ്രക്രിയകളാണ് അഷ്ടാംഗ യോഗത്തിൽ ഉൾപ്പെടുന്നത്. ഇവയിൽ ആദ്യത്തെ 4 പടികൾ ബാഹ്യപ്രക്രിയകളെയും ബാക്കിയുള്ളവ ആന്തരിക പ്രക്രിയകളെയുമാണ് പ്രതിപാദിക്കുന്നത്.

യമം, നിയമം എന്നിവ ധാർമ്മിക ശക്തിയും, ആസനം, പ്രാണയാമം എന്നിവ ശാരീരികശക്തിയും, പ്രത്യാഹാരം, ധാരണ എന്നിവ മാനസിക ശക്തിയും, ധ്യാനം ആത്മീയ ശക്തിയും, സമാധി ആത്മാവിഷ്കാരവും പ്രദാനം ചെയ്യുന്നുവെന്നാണ് യോഗ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളത്. ഇവയുടെ ആഴങ്ങളിലേക്കിറങ്ങി ചെല്ലാനുള്ള പ്രാപ്തി കൈവരിക്കാൻ ലേഖകന് ഇപ്പോൾ കഴിയുന്നതല്ല. കാരണം, ഞാൻ ഒരു തുടക്കക്കാരനാണ്. ഇനിയും ഏറെ മനസ്സിലാക്കാനുണ്ട്. എന്നിരുന്നാലും, യോഗാഭ്യാസം മനുഷ്യന്റെ ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യങ്ങൾക്ക് ഒരു പ്രതിവിധിയാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. യോഗ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുകയാണ് വേണ്ടത്. ബാല്യം മുതൽ വാർദ്ധക്യം വരെ അനുഷ്ഠിക്കാവുന്ന ഒരു പ്രക്രിയയാണ് യോഗ. ശാരീരികവും മാനസികവുമായ ആശ്വാസവും ബുദ്ധിക്ക് തെളിമയും ഓജസ്സും പ്രദാനം ചെയ്യുന്നുവെന്നതാണ് യോഗയുടെ സവിശേഷത. യോഗാഭ്യാസത്തിലൂടെ വ്യക്തിക്കു മാത്രമല്ല, സമൂഹത്തിനും ഗുണം ലഭിക്കുന്നുവെന്നതും ഒരു പ്രത്യേകതയാണ്. 12 വയസ്സു മുതൽ യോഗ അഭ്യസിച്ച് തുടങ്ങണമെന്നാണ് പണ്ഡിത മതം. ശരീരവും മനസ്സും ബുദ്ധിയും വികാസം പ്രാപിച്ചു വരുന്ന പ്രായത്തിൽ തന്നെ ഇത് അഭ്യസിച്ചു



തുടങ്ങുകയും ഇത് ദൈനംദിന ജീവിതത്തിന്റെ ഭാഗമാവുകയും വേണം. പ്രായം കൂടുന്തോറും ശരീരത്തിന് മുടുക്കവും മനസ്സിന് പിരിമുറുക്കവും അനഭിലഷണീയമായ ജീവിതചര്യയും പലവിധ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുമെന്നതിനാലാണ് 12 വയസ്സു മുതൽ യോഗ അഭ്യസിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും എല്ലാ പ്രായക്കാർക്കും ഇത് അഭ്യസിച്ച് തുടങ്ങാവുന്നതാണ്. ഇതുകൊണ്ട് ഗുണമേ ഉണ്ടാവുകയുള്ളൂ.

യോഗാസനശാസ്ത്രം ഏഴ് തരമുണ്ട്. മാനസിക ശാന്തിക്കുള്ള ആസനങ്ങൾ, ധ്യാനാസനങ്ങൾ, ഇരുന്നുകൊണ്ടുള്ള ആസനങ്ങൾ, നിന്നുകൊണ്ടുള്ള ആസനങ്ങൾ, കമിഴ്ന്ന് കിടന്നുകൊണ്ടുള്ള ആസനങ്ങൾ, മലർന്ന് കിടന്നുകൊണ്ടുള്ള ആസനങ്ങൾ, തലകീഴായി നിന്നുകൊണ്ടുള്ള ആസനങ്ങൾ എന്നിവയാണ് ഇവ. വിശദാംശങ്ങൾ ഒരു ലേഖനത്തിലൊതുക്കാൻ കഴിയാത്തതിനാൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. യോഗാസനവും വ്യായാമവും രണ്ടും രണ്ടുതന്നെ. വ്യായാമത്തെക്കാൾ വളരെ ഉയർന്ന ഒരു അർത്ഥതലമാണ് യോഗാസനത്തിനുള്ളത്.

### മാറുന്ന പരിതസ്ഥിതിയിൽ ജീവിതം കൂടുതൽ ദുസ്സഹമാകുന്നു

പഴയകാലത്തെ കൂട്ടുകുടുംബ വ്യവസ്ഥിതിയൊക്കെ മാറി, ഇപ്പോൾ അണുകുടുംബ വ്യവസ്ഥിതിയാണ്. അവരവരുടെ ജീവിതത്തിൽ ഓരോരുത്തരും തീരുമാനമെടുക്കണം. അതിനുള്ള പ്രാപ്തിയും ആർജ്ജവവും ഓരോ വ്യക്തിക്കും അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ആഗോളവല്ക്കരണത്തിന്റെയും ഉദാരവല്ക്കരണത്തിന്റെയും ഫലമായി സേവനരംഗത്തും തൊഴിൽ രംഗത്തും കാതലായ മാറ്റങ്ങളുണ്ട്. പുരോഗമനവാദികൾ എന്ന് അഭിമാനിക്കുന്നവർ പോലും സർവ്വാധിപതികളെപ്പോലെയാണ് പെരുമാറുന്നത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ കൂപ്പുകുത്തുകയാണ്. ഇവയിൽ നിന്നൊക്കെ മോചനം നേടുന്നതിന് യോഗ സഹായകമാണ്.

നമ്മുടെ ഇടുങ്ങിയ കക്ഷി രാഷ്ട്രീയവും ജാതി-മത വികാരങ്ങളും തൊഴിൽ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും സാമൂഹ്യ മേഖലയിലും ചെറുതല്ലാത്ത ഇടപെടലുകൾ നടത്തുന്നുണ്ട്. കൂടുതൽ ആലോചിച്ചാൽ സ്വാമി വിവേകാനന്ദൻ പറഞ്ഞ ഒരു ഭ്രാന്താലയമായി ഇന്നും കേരളം നിലനിൽക്കുന്നില്ലേ എന്ന് തോന്നിപ്പോകും. അതിനാൽ ശാരീരിക ബലവും മനോബലവും നമുക്ക് കൂടിയേ തീരൂ; അത് നാം ആർജ്ജിക്കേണ്ടതാണ്. അതിന് യോഗ സഹായകമാണ്.

### സ്കൂൾ, പഞ്ചായത്ത്, യൂണിവേഴ്സിറ്റി തലങ്ങളിൽ യോഗാഭ്യാസം

ആദ്യകാലങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാല്പതോളം യോഗിക് ഇൻസ്ട്രക്ടർമാർ ഉണ്ടായിരുന്നു. പിൽക്കാലത്ത് ഇവരെ പഞ്ചായത്ത് കോമൺ സർവ്വീസിൽ ലയിപ്പിച്ചു. മിടുക്കന്മാരും വ്യക്തിമേന്മയുള്ളവരുമായിരുന്ന ഇവർ സർവ്വീസ് രംഗത്തും മികവ് പുലർത്തുകയുണ്ടായി.

മുൻകാലത്ത് യോഗ, കളരിപ്പയറ്റ് തുടങ്ങിയവ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ തുച്ഛമായ തുക ഗ്രാന്റ് നൽകിയിരുന്നു. അതിൽ ഉൾപ്പെട്ട ഒരു സ്ഥാപനമായിരുന്നു തിരുവനന്തപുരത്ത് വഴുതക്കാട്ട് പരേതനായ ബി. പത്മനാഭപിള്ളയുടെ ഉടമസ്ഥതയിൽ നടത്തിയിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗിക് കൾച്ചർ.

### സർക്കാരിന്റെ യോഗിക് കൾച്ചർ വകുപ്പ്

സംസ്ഥാനത്ത് ഒരു യോഗിക് കൾച്ചർ വകുപ്പ് 27.4.62-ൽ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. മേൽപ്പറഞ്ഞ ബി. പത്മനാഭപിള്ളയായിരുന്നു ഡയറക്ടർ. ഡയറക്ടറുടെ കീഴിൽ ഒരു പരിശീലന വിഭാഗവും ഒരു ഗവേഷണ വിഭാഗവുമുണ്ടായിരുന്നു. 1954-ൽ മുഖ്യമന്ത്രിയായിരുന്ന പട്ടം എ.താണുപിള്ള അദ്ധ്യക്ഷനായിരുന്ന ഒരു കമ്മിറ്റിയായിരുന്നു യോഗിക് കൾച്ചർ വകുപ്പ് നടപ്പാക്കേണ്ട പരാമർശ വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കിയത്. ആ കമ്മിറ്റിയിൽ അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി പി.പി. ഉമ്മർകോയയും, ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് ഡയറക്ടർമാർ, നിയമസഭാംഗങ്ങൾ എന്നിവരിൽ നിന്നും തെരഞ്ഞെടുത്ത 12 അംഗങ്ങളുമുണ്ടായിരുന്നു.

സ്കൂൾ തലത്തിൽ എട്ടാം ക്ലാസ്, ഒമ്പതാം ക്ലാസ്, പത്താം ക്ലാസ്, സ്കൂൾ ഘട്ടത്തിന് ശേഷം എന്നിങ്ങനെ തരംതിരിച്ചാണ് പഠന വിഷയങ്ങൾ നിർണയിച്ചിരുന്നത്. ഇതിന്റെ നടത്തിപ്പിനു വേണ്ടി യോഗാസന കമ്മിറ്റി, യോഗ ചികിത്സാ കമ്മിറ്റി, സാമൂഹ്യോദ്ധാരണ കമ്മിറ്റി, ഫിസിക്കൽ കൾച്ചർ റിക്രിയേഷൻ കമ്മിറ്റി, പ്രേയർ മീറ്റിംഗ് കമ്മിറ്റി എന്നിങ്ങനെ 5 കമ്മിറ്റികളും രൂപീകരിച്ചിരുന്നു. ആദ്യം സ്കൂൾ തലത്തിൽ ആരംഭിച്ച ഈ പരിപാടി പഞ്ചായത്ത് പ്രദേശത്തും വ്യാപിപ്പിക്കുകയുണ്ടായി. വട്ടിയൂർക്കാവ് പഞ്ചായത്തിലായിരുന്നു പൈലറ്റടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കിയത്. ഇത് 200 പഞ്ചായത്തുകളിൽ വ്യാപിപ്പിക്കുന്നതിനും അന്ന് നടപടി സ്വീകരിച്ചിരുന്നതായി കാണുന്നു. അന്നത്തെ നിയമസഭാ സാമാജികർക്കും പരിശീലനം നല്കുകയുണ്ടായി.



സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലത്ത് യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ യോഗ പരിശീലനം നടത്തിയിരുന്നു. എന്നാൽ അത് വിജയപ്രദമായിരുന്നില്ല. 1954-ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായി ചുമതലയേറ്റതിനെ തുടർന്ന് വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി യോഗാഭ്യാസം ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചെങ്കിലും, മന്ത്രിസഭ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് ഇത് നടപ്പിലായില്ല. ഇതിന്റെ തുടർ നടപടിയായിട്ടാണ് 1962-ൽ സംസ്ഥാന സർക്കാർ യോഗിക് കൾചർ ഡിപ്പാർട്ട്മെന്റ് രൂപീകരിച്ച് സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും യോഗ പഠനം ആരംഭിച്ചത്. ഏതായാലും ഈ വകുപ്പ് അധികകാലം നീണ്ടുനിന്നില്ല. സർക്കാർ ഈ രംഗത്ത് നിന്ന് പിൻമാറുകയും ചെയ്തു.

### മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോളിസ്റ്റിക് വിഭാഗം

ഇന്ന് സർക്കാരിന് യോഗയുമായി നേരിട്ട് ബന്ധമുള്ളത് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോളിസ്റ്റിക്ക് വിഭാഗം നടത്തുന്ന സംവിധാനത്തിലൂടെയാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോളിസ്റ്റിക് വിഭാഗത്തിൽ 1996 മുതൽ ചികിത്സയുടെ ഭാഗമായി യോഗാഭ്യാസം നടത്തിവരുന്നു. ഏറിയ കൂറും ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യങ്ങളുമായും എത്തിയവരാണ് ഇവിടെ യോഗ അഭ്യസിച്ചത്. ഇതിനകം 6000-ൽ അധികം പേർ അവിടെ നിന്നും യോഗാഭ്യാസം നടത്തിയിട്ടുണ്ട്. യോഗാഭ്യാസത്തിലൂടെ ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യങ്ങൾ കുറയ്ക്കാനും മരുന്നിന്റെ ഉപയോഗം ഒഴിവാക്കാനോ കുറയ്ക്കാനോ കഴിഞ്ഞതായും വിലയിരുത്തപ്പെടുന്നു.

### യോഗ പരിശീലനം എന്തിന്? എങ്ങിനെ?

യോഗ എന്നത് ഒരു ചികിത്സാരീതിയല്ല. അത് നമ്മുടെ ദൈനംദിന ജീവിതത്തിലെ ഒരു ദിനചര്യയായി കാണേണ്ടതാണ്. പ്രായമാകുമ്പോൾ നമ്മുടെ ശരീരവും മനസും എളുപ്പം പാകപ്പെട്ടെന്ന് വരില്ല. അതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ തന്നെ യോഗയും ഒരു പഠന വിഷയമാക്കേണ്ടതാണ്. ഹൈസ്കൂൾ തലത്തിൽ ഇത് പാഠ്യവിഷയമാക്കണം. ഇതിലൂടെ കായികമായ വ്യായാമവും മാനസികമായ വികാസവും ഉന്മേഷവും കൂടുതൽ ബുദ്ധിശക്തിയും ഉണ്ടാകുന്നു. മാനസിക പിരിമുറുക്കം ഇല്ലാതാകുന്നു. മാത്രമല്ല, വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പ് വരുത്താനും ചിട്ടയായ ജീവിതം നയിക്കാനും യോഗ പരിശീലനത്തിലൂടെ പ്രാപ്തമാക്കുന്നു. മാനസികമായ പക്വത ലഭിക്കാനും യോഗ സഹായകമാണ്. ഇതിന് അധിക ചെലവൊന്നും ഉണ്ടാകുന്നില്ല. യോഗാ

ദ്ധ്യാപകന് ശമ്പളം നൽകുന്ന ഒരു ചെലവ് മാത്രമേയുണ്ടാകുന്നുള്ളൂ. സർക്കാരിന് ഈ ചെലവ് വഹിക്കാൻ കഴിയുന്നില്ലെങ്കിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിക്ക് ഈ ചെലവ് വഹിക്കാൻ കഴിയും. അതുമല്ലാത്ത പക്ഷം ഇന്ന് ഹൈസ്കൂളുകളുടെ നിയന്ത്രണാധികാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് ചെയ്യാനാവുന്നതാണ്. സ്കൂൾ തലത്തിൽ ഇതിന് അവസരം ലഭിക്കാത്തവർക്ക് ഗ്രാമപഞ്ചായത്തുകളുടെ/നഗരസഭകളുടെ നേതൃത്വത്തിൽ, വിവിധ ക്ളബ്ബുകൾ, സന്നദ്ധ സംഘടനകൾ, ഗ്രാമ/വാർഡ് സഭകൾ എന്നിവ മുഖാന്തരവും യോഗ പഠനം നൽകാവുന്നതാണ്. ആരോഗ്യ സംരക്ഷണ മേഖലയിൽ ഉൾപ്പെടുത്തിയാൽ മതിയാകും.

യോഗ ശരീരത്തേയും മനസ്സിനേയും ശക്തിപ്പെടുത്തുന്നതിനോടൊപ്പം വ്യക്തിത്വ വികാസം ഉറപ്പ് വരുത്തുന്നതിനും സഹായിക്കുന്നു. യോഗ ക്ളാസുകളിൽ പങ്കെടുക്കുന്നവർക്ക് ആതുരസേവനം ആവശ്യമായാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സേവനവും ഉപയോഗിക്കാവുന്നതാണ്. ആരോഗ്യമുള്ള പൗരന്മാരെയും സമൂഹത്തെയും വാർത്തെടുക്കുന്നതിനും അതിലൂടെ ഉന്നതമായ പൗരബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കാനും യോഗ സഹായകമാണ്. നമ്മുടെ മുൻഗാമികൾ നമുക്ക് വേണ്ടി കാത്തുവച്ച യോഗ എന്ന മഹാശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, വിനോബഭാവെ തുടങ്ങിയ മഹാരഥന്മാർ പിന്തുടർന്ന ഈ ശാസ്ത്രത്തെ നമുക്കും സ്വീകരിക്കാം.

*(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിച്ച പബ്ലിസിറ്റി ആഫീസറാണ്)* ●

# അഗ്രോക്ലിനിക്കുകളിലൂടെ

*(അരിക്കുളം ഗ്രാമപഞ്ചായത്തിൽ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന അഗ്രോക്ലിനിക്ക് കൺവീനർമാരെപ്പറ്റി)*

*സ്ഥലം - തിരുവങ്ങായൂർ അഗ്രോക്ലിനിക്ക്*

*സമയം - വൈകിട്ട് 4 മണി*

*30-ഓളം കർഷകർ, ഗ്രൂപ്പുകളുമായി ചർച്ച നടത്തുകയാണ്.*

*'പ്രകൃതിക്ഷോഭധനസഹായം' അപേക്ഷകൾ ശേഖരിക്കുന്നതിനെപ്പറ്റി 'വിത്ത്' എവിടെയൊക്കെ വിതരണം ചെയ്യണം, 'വള'ത്തിന്റെ ഗുണഭോക്തൃ വിഹിതം എവിടന്നൊക്കെ കിട്ടാനുണ്ട്, ഈ പ്രാവശ്യം ഏതൊക്കെ സ്ഥലത്ത് തെങ്ങിന് കൂമ്പു ചീഞ്ഞിട്ടുണ്ട്, കമുക് കരിഞ്ഞിട്ടുണ്ട്.*

*ഇടയിലൂടെ നടന്ന് "അറ്റൻഡൻസ്" ഒപ്പിടീക്കുകയും, കുശലപ്രശ്നം നടത്തുകയും ചെയ്യുന്നത് - ഇ.എം. നാരായണൻ, ഇല്ലത്തുമീത്തൽ.*

*മാസത്തിൽ ഒരു ദിവസം നടക്കുന്ന ഒരു അഗ്രോക്ലിനിക്കാണ് ഇത്.*

*കൃഷി ആഫീസറും കൃഷി അസിസ്റ്റന്റും എത്തുമ്പോഴേയ്ക്കും, കുറെ വിവരങ്ങളുമായി, കൂടെ ചുടുചായയുമായി അവർ കാത്തിരിയ്ക്കുന്നു- രണ്ടും പങ്കുവയ്ക്കാനായി......*

*വീടുതോറും കയറിയിറങ്ങി ഇവർ അപേക്ഷ ശേഖരിയ്ക്കുന്നു- അർഹതയുള്ള ഒരാളും വിട്ടു പോകാതെയിരിക്കാൻ. കൃഷി ഭവനിലെത്തുന്ന വിത്തുകളും നടീൽ വസ്തുക്കളും ശേഖരിച്ച്, ഇവർ ക്ലിനിക്കിൽ വച്ച് വിതരണം ചെയ്യുന്നു. പ്രകൃതിക്ഷോഭം സംഭവിച്ച ഓരോ പാടത്തും പറമ്പിലും കൃഷി ഉദ്യോഗസ്ഥർക്ക് കൂട്ടായി ഇവർ വരുന്നു.*

*ഇതുപോലെയുള്ള ക്ലിനിക്കുകൾ വേറെയുമുണ്ട്.*

*കണ്ണമ്പത്ത് - എം. പി. നാരായണൻ - രാത്രി 8 മണിയ്ക്കും, ഞായറാഴ്ചയുമൊക്കെ കൃഷി ഉദ്യോഗസ്ഥരുമായി ഫോണിൽ ചർച്ച നടത്തുന്ന കൺവീനർ ചൂടോടെ വിവരങ്ങൾ കൃഷിക്കാർക്ക് കൈമാറാൻ -*

*ഊരള്ളൂർ അഗ്രോക്ലിനിക്കിന്റെ കൺവീനർ മൊയ്തിക്ക - എന്ത് പദ്ധതി വന്നാലും "ആദ്യം ഞമ്മക്ക് തരീ - ഇന്നിട്ട് മതി മറ്റുള്ളോർ ക്കൊക്കെ" എന്നി പറയുന്ന മൊയ്തിക്കയുടെ ഉത്സാഹം എടുത്തു പറയേണ്ടതാണ്.*

*ഊട്ടേരി അഗ്രോക്ലിനിക്ക് കൺവീനർ റ്റി.എം. രാജൻ - അരിക്കുളം ഈസ്റ്റിന്റെയും വെസ്റ്റിന്റെയും കൺവീനർമാർ - ഒക്കെ "ഉഷാറാണ്".*

*ഒരു 'പേയ്മെന്റും' ഇല്ലാതെ ഒരു വേദിയിലും പ്രസംഗിക്കാൻ നിൽക്കാതെ, 'നേതൃത്വം എന്നാൽ വിമർശനവും നോക്കി നിൽക്കലുമല്ല, ത്യാഗപൂർണ്ണമായ പ്രവർത്തനമാണെന്ന് ഇവർ കാട്ടിത്തരുന്നു.*

*മാസംതോറും നടക്കുന്ന അഗ്രോക്ലിനിക്ക് കൺവീനർമാരുടെ യോഗം, എന്തു പദ്ധതിക്കും മുമ്പായി സ്പെഷ്യൽ മീറ്റിംഗുകൾ കാർഷികവികസന സമിതി - പാടശേഖര വികസനസമിതി - അംഗങ്ങളുമായി നടത്തുന്ന ചർച്ചകൾ, ഇവയൊക്കെ സജീവവും സൃഷ്ടിപരവുമാക്കാൻ ഇവരുണ്ട്.*

*ആവശ്യാധിഷ്ഠിതമായ പദ്ധതികൾ വേണമെന്നും, കൃത്യസമയത്ത് നടീൽ വസ്തുക്കളും ജലസേചനസൗകര്യവും ലഭ്യമാവണമെന്നും വാദിയ്ക്കാനും.*

*തിരക്കുപിടിച്ച സമയങ്ങളിൽ കൃഷിഭവന്റെ 'സബ്സെന്റർ' ആയി പ്രവർത്തിക്കാനും ഇവരുണ്ട്......*

*നിശ്ശബ്ദസേവനം നടത്തുന്ന ഇലകളായി, പൂക്കളേക്കാൾ ധന്യരായി...*

*(തയ്യാറാക്കിയത് : കൃഷി ആഫീസർ, അരിക്കുളം ഗ്രാമപഞ്ചായത്ത്)*



# ബാലവേലാ നിർമ്മാർജ്ജനം ഗ്രാമതലത്തിൽ

**പി.കെ. രാജഗോപാൽ, അഷ്ടമുടി**

**ജൂൺ** 12 ന് നാം ബാലവേലവിരുദ്ധ ദിനമായി ആചരിക്കുകയാണല്ലോ. 2002 ജൂൺ 12 ന് ജനീവയിൽ അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) യുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച ബാലവേലാവിരുദ്ധദിനമാണ് നാം ഇന്നും ആചരിച്ചു വരുന്നത്. ബാലവേല നിർമ്മാർജ്ജനത്തെക്കുറിച്ച് ദേശീയ അന്തർ ദേശീയ തലങ്ങളിൽ ചൂടേറിയ ചർച്ചകളും സംവാദങ്ങളും നടക്കുമ്പോൾ തന്നെ ജീവിക്കാനായി ബാലവേലയിലേർപ്പെടുന്ന കുട്ടികളുടെ എണ്ണം കോടികളായി ഉയരുകയാണ്. ഇന്ത്യയെപ്പോലെ മഹത്തായ സാംസ്കാരിക പാരമ്പര്യം അവകാശപ്പെടുന്ന ഒരു രാഷ്ട്രത്തിലാണ് ബാലവേല കൂടുതലായി കാണപ്പെടുന്നത് എന്നത് ഒരു വിരോധാഭാസമാണ്. ഇന്ത്യയിൽ ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 80 ശതമാനവും ഗ്രാമങ്ങളിലധിവസിക്കുന്ന നിർദ്ധനരായ കുട്ടികളാണ് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് വിഘാതമാകുന്ന ബാലവേല എന്ന വിപത്തിനെ പ്രതിരോധിക്കാൻ കർമ്മപരിപാടികളാവിഷ്ക്കരിക്കുമ്പോൾ ഗ്രാമതലത്തിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഗ്രാമതല സർക്കാരുകളുടെ സഹകരണത്തോടെ ബാലവേലയെ പ്രതിരോധിക്കാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു. 73,74 ഭരണഘടനാഭേദഗതികളിലൂടെ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തി സ്ത്രീശാക്തീകരണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞുവെന്ന് അഭിമാനിക്കാം. ബാലവേലയെക്കുറിച്ച് ഗ്രാമതലങ്ങളിൽ പഠനങ്ങൾ നടത്തി പ്രതിരോധിക്കാൻ നാം തയ്യാറായാൽ ഈ വിപത്തിനെ നമുക്ക് നിർമ്മാർജ്ജനം ചെയ്യാനാകും.

### വ്യാപകമാകുന്ന ബാലവേല

അന്താരാഷ്ട്ര സംഘടനയായ യുനിസെഫിന്റെ കണക്കുകൾ പ്രകാരം ലോകത്ത് മൊത്തം 350 ദശലക്ഷം കുട്ടികളാണ് ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ളത്. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളിൽ 90 ശതമാനവും ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലാണ് അധിവസിക്കുന്നത്. വകസിത രാഷ്ട്രങ്ങളെന്നഭിമാനിക്കുന്ന അമേരിക്കയിലും ബ്രിട്ടനിലുമൊക്കെ ബാലവേല വ്യാപകമായി കണ്ടു വരുന്നതായി യുനിസെഫിന്റെ (UNICEF) പഠനങ്ങൾ വ്യക്തമാക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ കുട്ടികളിൽ 50 ശതമാനത്തിലധികം പേർ ജീവിക്കാൻ വേണ്ടി കഠിനമായ ജോലികളിലേർപ്പെടുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ലോക ജനസംഖ്യയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ കുട്ടികളുടെ ജനസംഖ്യയുടെ 19 ശതമാനവും അധിവസിക്കുന്നത് ഇന്ത്യയിലാണ്. ഇന്ത്യയിലാണ് ബാലവേല കൂടുതലായി കാണപ്പെടുന്നത്. 12.66 കോടിയാണ് ഇന്ത്യയിലെ ബാലവേല.

ഉത്തർപ്രദേശാണ് ഏറ്റവും കൂടുതൽ ബാലവേല നിലവിലുള്ള ഇന്ത്യൻ സംസ്ഥാനം. ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ബാലവേല വ്യാപകമാണ്. കേരളത്തിലും ബാലവേല വ്യാപകമാണ്. 1981–ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 92,852 കുട്ടികളാണ് ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നത്. 1991–ൽ ഇത് 40,000 ആയി. കേരളത്തിൽ ബാലവേല ചെയ്യുന്നവരിൽ ഭൂരിപക്ഷവും അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിയിട്ടുള്ള കുട്ടികളാണ്.

സംഘടിത തൊഴിൽ മേഖലകളിൽ ബാലവേല പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. എന്നാൽ അസംഘടിത തൊഴിൽ മേഖലകളിലാണ് ഭൂരിഭാഗം കുട്ടികളും പണിയെടുക്കുന്നത്. മൂന്നാം ലോക രാഷ്ട്രങ്ങളിൽ നടത്തിയ പഠനങ്ങൾ പ്രകാരം ബാലവേല ചെയ്യുന്ന കുട്ടികളിൽ ഭൂരിഭാഗവും കൃഷി, മീൻപിടിത്തം, വേട്ടയാടൽ, വനസംരക്ഷണം എന്നീ തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. വീട്ടുജോലിയും ഹോട്ടലുകളിലും വ്യാപാരശാലകളിലുമൊക്കെ കുട്ടികൾ ജോലി ചെയ്യുന്നുണ്ട്. പടക്കനിർമ്മാണം, വെടിമരുന്ന് നിർമ്മാണം, പാറപൊട്ടിക്കൽ തുടങ്ങി അപകടകരമായ തൊഴിലുകളിൽ കുട്ടികൾ ഏർപ്പെടാറുണ്ട്.

## ബാലവേലയും അന്താരാഷ്ട്രസമൂഹവും

വികസിത, വികസ്വര ഭേദങ്ങളില്ലാതെ എല്ലാ രാഷ്ട്രങ്ങളിലും ബാലവേല വ്യാപകമാണ്. ഐക്യരാഷ്ട്ര സഭയും (UNO), അന്താരാഷ്ട്ര തൊഴിൽ സംഘടനയും (ILO), സാർക്ക് (SAARC) മന്ത്രിതല സമ്മേളനവും, UNICEF ഉം, ചേരിചേരാ പ്രസ്ഥാനങ്ങളും (NAM) ഒക്കെ ബാലവേലയെ പ്രതിരോധിക്കാൻ കർമ്മപരിപാടികൾ ആവിഷ്കരിച്ചിരുന്നു. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്നും 2010–ഓടെ ബാലവേല പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാർക്ക് രാഷ്ട്രങ്ങളുടെ യോഗം തീരുമാനിക്കുകയുണ്ടായി. കുട്ടികളെ അടിമകളാക്കി തൊഴിൽ ചെയ്യിക്കുക, ബാലവേശ്യാവൃത്തി, മയക്കുമരുന്ന് കടത്തുന്നതിനായി കുട്ടികളെ ഉപയോഗിക്കുക എന്നിവ തടയുവാനും അന്താരാഷ്ട്ര തലത്തിൽ ധാരണകളുണ്ടാക്കിയിട്ടുണ്ട്.

## നഷ്ടപ്പെടുന്ന പ്രാഥമിക വിദ്യാഭ്യാസം

ഭാവിയുടെ വാഗ്ദാനങ്ങളാണ് നമ്മുടെ കുട്ടികൾ. വിദ്യാസമ്പന്നരായ ജനത രാഷ്ട്രത്തിന്റെ സ്വത്താണ്. പ്രാഥമിക വിദ്യാഭ്യാസം എന്നത് ഇന്ത്യയിൽ ഇന്ന് ഒരു മൗലിക അവകാശം കൂടിയാണ്. ഇന്ത്യൻ ജനസംഖ്യയുടെ 15.42 ശതമാനത്തോളം കുട്ടികളാണ്. വിദ്യാഭ്യാസം എല്ലാവർക്കും (Education for all) എന്ന ലക്ഷ്യം കൈവരിക്കാനുള്ള തീവ്ര ശ്രമത്തിലാണ് നാം ഇന്ന്. അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും ഫലമായി സ്കൂളുകളുടെ പരിപാലനവും, നിയന്ത്രണവും പഞ്ചായത്തുകളുടെ ചുമതലയായി. അടിസ്ഥാന സൗകര്യങ്ങൾവികസിപ്പിക്കാൻ ഈ നടപടി ഏറെ സഹായിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളുകളുടെ എണ്ണം 2.15 ലക്ഷത്തിൽ നിന്നും 6.5 ലക്ഷമായി ഉയർന്നു. ദേശീയാടിസ്ഥാനത്തിൽ 4–ൽ 3 പേർക്കും പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണ്. 93 ശതമാനം കുട്ടികൾക്കും ഒരു കിലോമീറ്ററിനുള്ളിൽ സ്കൂളുകളും ലഭ്യമാണ്. എന്നാൽ ഇന്ത്യയിലെ ലക്ഷക്കണക്കിനു കുട്ടികൾ സ്കൂളുകളിൽ പോകാതെ പണിയെടുത്ത് ജീവിക്കുന്നു. ബാലവേലയിലൂടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നഷ്ടമാകുന്നു. സ്കൂൾ സമയങ്ങളിൽ കുട്ടികളെ കൊണ്ട് പണിചെയ്യിക്കുന്നത് നിരോധിക്കണമെന്നാവശ്യം ശക്തമായി നിലനിൽക്കുന്നു. എന്നിരുന്നാലും സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോക്ക് ഗണ്യമായി കുറയ്ക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

## ബാലവേലയുടെ മനഃശാസ്ത്രം

മനഃശാസ്ത്രപരമായ സമീപനത്തോടെ നാം ഈ വിപത്തിനെ നേരിടേണ്ടിയിരിക്കുന്നു. മറ്റ് സാമൂഹ്യപ്രശ്നങ്ങളെ പോലെ ബാലവേലയെ നേരിടാൻ സാധ്യമല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ, പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, ഉപഭോഗ സംസ്കാരത്തോടുള്ള പ്രതിപത്തി, ചെലവേറിയ വിദ്യാഭ്യാസം തുടങ്ങിയവയൊക്കെ ബാലവേലയ്ക്ക് പ്രേരകമാകാറുണ്ട്. ഭരണഘടനയുടെ 24–ാം വകുപ്പ് ബാലവേല നിരോധിച്ചിട്ടുണ്ട്. മാത്രമല്ല, 1996–ൽ പാസ്സാക്കിയ നിയമവും ബാലവേല നിരോധിക്കാൻ സഹായകരമായിട്ടുണ്ട്. എന്നാൽ പൂർണ്ണമായും ഈ വിപത്തിനെ ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. സ്ത്രീ ശാക്തീകരണം ഒരു പരിധിവരെ ബാലവേലയെ ഇല്ലാതാക്കാൻ സഹായകരമാവും എന്ന് വിശ്വസിക്കപ്പെടുന്നു.

## ബാലവേല നിർമ്മാർജ്ജനവും പഞ്ചായത്തുകളും

കേരളത്തിൽ ബാലവേലയിലേർപ്പെടുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. വീടുകളിലും വ്യവസായശാലകളിലും ഒക്കെ കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കാറുണ്ട്. മാതാപിതാക്കളെ നഷ്ടമാകുന്ന കുട്ടികളും, നിർദ്ധനരായ വീടുകളിലെ കുട്ടികളുമാണ് കേരളത്തിൽ തൊഴിൽ ചെയ്യുന്നത്. ബാലവേലയെ തടയുവാനായി ഗ്രാമതല സമിതികൾ രൂപീകരക്കേണ്ടത് അനിവാര്യമാണ്. നിർദ്ധനരായ കുട്ടികളെ സ്കൂളുകളിൽ എത്തിക്കാനും അവരുടെ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കാനും ഗ്രാമ

തലസമിതികൾക്ക് കഴിയണം. പഞ്ചായത്തിന്റെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ ബാലവേല പൂർണ്ണമായും തടയണം. രോഗാതുരരായ മാതാപിതാക്കളെ സഹായിക്കാൻ തൊഴിൽ തേടുന്ന കുട്ടികളും നമ്മുടെ നാട്ടിലുണ്ട്. ഇവരെയും സഹായിക്കേണ്ടത് ഗ്രാമതല സമിതികളാണ്. ഹോട്ടലുകളിലും മറ്റും കുട്ടികളെ കൊണ്ട് കഠിനമായ ജോലികൾ ചെയ്യിക്കുന്നതായി പത്രവാർത്തകൾ വന്നിട്ടുണ്ട്. വിറക് വെട്ടുക, വിദൂരസ്ഥലങ്ങളിൽ നിന്നും വെള്ളമെത്തിക്കുക തുടങ്ങിയ കഠിനമായ ജോലികളാണ് കുട്ടികൾ ചെയ്യുന്നത്.

കുട്ടികളെ സംരക്ഷിക്കുവാനായി ബാലവാടികളും അംഗൻവാടികളും ഗ്രാമതലങ്ങളിൽ പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമവകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയുമൊക്കെ സഹായവും സഹകരണവും ബാലവേല നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കാവശ്യമാണ്. നാട്ടിൻപുറങ്ങളിൽ കുട്ടികളെ കൊണ്ട് കൃഷിസംബന്ധമായ ജോലികൾ ചെയ്യിക്കുന്നത് കാണാനാകും. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ബാലവേലകൊണ്ട് കുട്ടികൾക്കുണ്ടാകുന്നത്. ഇത് തടയുവാൻ കർമ്മപരിപാടികൾ കൂട്ടായ യത്നത്തിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ വികസനം ഗ്രാമങ്ങളിലൂടെ ആയിരിക്കണം എന്ന് മഹാത്മാ ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ബാലവേല എന്ന വിപത്തിനെ തടയേണ്ടതനിവാര്യമാണ്. ഒരു സാമൂഹ്യമാറ്റത്തിന് നമ്മുടെ ഗ്രാമങ്ങൾ ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ജനകീയ മുന്നേറ്റത്തിലൂടെ ബാലവേല ഇല്ലാതാക്കി നമ്മുടെ കുട്ടികളെ രക്ഷിക്കാൻ ഈ ബാലവേല വിരുദ്ധ ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

*(അഷ്ടമുടി-നെന്മാറ എൻ.എസ്.എസ്. കോളേജിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗം ലക്ചററാണ് ലേഖകൻ)* ●

**കവിത**

**സനത് മലപ്പുറം**



# പ്രവാസം

ഹൃദയം കൊരുത്തും കൈവിരൽ പിണച്ചും
മൊഴിയാതെ പാതിമുറിച്ച സ്വപ്നങ്ങളും,
വിരഹത്തപം തീണ്ടി വേവാർന്നുവീഴവെ
നിനവിൽ തളിർക്കാതെ മാഞ്ഞ പാഠങ്ങളും
ഇനിയെന്തിനത്രമേൽ വേരറ്റൊരോർമ്മയിൽ
വേനൽമഴച്ചിന്ത് ചിതറുന്നു പിന്നെയും....
തനിയെയാകുന്ന ഞാൻ നിന്റെ കൺതീരത്തെ
കരിമഷിച്ചന്തം കലങ്ങാത്ത കാഴ്ചയിൽ;
നീണ്ടുപോയ് നേരാർന്ന വഴിയിലാണിപ്പൊഴും
പെയ്യാതെ മഴമുകിൽ കാറ്റിൽ പിഴച്ചപോൽ.
മനസ്സിന്റെ താളുകളിലൊളിച്ചേ മറക്കുവാൻ
കരുതീല, ഞനൊരു പൂനിലാപ്പീലിയും,
തുലാമഴരാത്രിയിൽ പേടിച്ചുപുണരുവാൻ
അശനിപാതങ്ങളെ കാതോർത്ത സ്നേഹവും.
ഒലിവേറെ നോവിച്ച ദുരിതദൂരങ്ങളിൽ
കൈനീട്ടി വെറുതെ, നിൻ പിൻവിളിത്തുമ്പിനായ്
പലവുരു പതറുന്ന സാന്ത്വതാളങ്ങളിൽ
പരതിക്കരഞ്ഞു നിൻ പരിലാളനങ്ങളെ
ഇടറിവീണപ്പൊഴും മുറുകെപ്പിടിച്ചതോ,
വെറുതെയായെങ്കിലും കൂട്ടായൊരോർമ്മയെ....
അത്രയ്ക്കു നിന്നെ ഞാനിഷ്ടപ്പെടുന്നത്ര
പുലരില്ല താരകൾ വാനിലും കാതരേ
എങ്കിലും, വേണ്ടയെൻ വഴിവേനലൊന്നിനും
ഹൃദയം നനയ്ക്കാതെ തോരുന്ന നിൻമഴ!.....

ഫീച്ചർ

എസ്.കെ. അറോറ

# സമൂഹ റേഡിയോ നിലയങ്ങൾ

നമ്മുടെ രാജ്യത്തിന്റെ സാമൂഹിക - സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക വികസനത്തിന് വാർത്താ വിനിമയ മാധ്യമമെന്ന നിലയിൽ റേഡിയോ പ്രധാന പങ്ക് വഹിക്കുന്നു. അധികം ചെലവില്ലാത്ത, ബാറ്ററിയാൽ പ്രവർത്തിപ്പിക്കാവുന്നതും ഗ്രാമീണരുൾപ്പെടെ എല്ലാവർക്കും വാങ്ങാനാവുന്നതും കൊണ്ടുനടക്കാവുന്നതുമായ റേഡിയോ സെറ്റുകളുണ്ട്. ശരിയായ നടപടികളിലൂടെ വിദൂരസ്ഥലങ്ങളിൽ പോലും റേഡിയോ എത്തിച്ചേരുന്നു.

## സമൂഹ റേഡിയോ

റേഡിയോ ശൃംഖല വ്യാപിപ്പിക്കാൻ മൂന്ന് രീതികൾ അവലംബിക്കാം.

1. വാണിജ്യപ്രക്ഷേപണ മാതൃക
2. പൊതുജനസേവന പ്രക്ഷേപണ റൂട്ട്
3. സമൂഹ റേഡിയോ

ഈ ഓരോ പ്രക്ഷേപണ മാതൃകകളും കവറേജ് വർദ്ധിപ്പിക്കാൻ സഹായിക്കുമെങ്കിലും, ലക്ഷ്യമിട്ട ശ്രോതാക്കളുടെയും പരിപാടികളിലും വ്യത്യാസങ്ങളുണ്ടാകാം. പൊതുജന സേവന പ്രക്ഷേപണത്തിന് വ്യത്യസ്തമായി സമൂഹ റോഡിയോ ചെറിയ സമൂഹങ്ങളെ ഒന്നിപ്പിക്കാൻ സഹായിക്കുന്നു. സാധാരണക്കാരന്റെ ദൈനംദിന പ്രശ്നങ്ങളെ കേന്ദ്രീകരിക്കുന്നു. തദ്ദേശ താത്പര്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നു. തദ്ദേശ സമൂഹത്തിന്റെ ജീവിതത്തെ സഹായിക്കുകയും പരിപാടികൾ അവിടുത്തെ ജനങ്ങൾ അവർക്കായി നിർമ്മിക്കുകയെന്നതാണ് സമൂഹ റേഡിയോ ലക്ഷ്യമിടുന്നത്.

## സമൂഹ റേഡിയോ പ്രക്ഷേപണനയം

2002 ഡിസംബറിൽ കേന്ദ്രഗവൺമെന്റ് സമൂഹ റേഡിയോ ലൈസൻസുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും യോഗ്യതയുള്ള സംഘടനകൾക്കും നൽകാനുള്ള നയം പ്രഖ്യാപിച്ചു. ഈ നയമനുസരിച്ച് സമൂഹ പ്രക്ഷേപണ ലൈസൻസുകൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയ്ക്ക് നൽകും.

2006 ഡിസംബറിൽ ഗവൺമെന്റ് ഈ നയത്തെ പുനരവലോകനം ചെയ്ത് ലാഭേച്ഛ കൂടാതെ നടത്തുന്ന സംഘടനകളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി. ഇതിൽ സിവിൽ സൊസൈറ്റി, സന്നദ്ധ സംഘടനകൾ, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, ഐ.സി.എ.ആർ (ICAR) സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന സ്ഥാപനങ്ങൾ, പൊതുജന ട്രസ്റ്റുകൾ എന്നിവ ഉൾപ്പെടും. 3 വർഷമെങ്കിലും മുൻപ് രജിസ്റ്റർ ചെയ്ത ട്രസ്റ്റുകളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

## അടിസ്ഥാന തത്വങ്ങൾ

സമൂഹ റേഡിയോ നിലയം തുടങ്ങാൻ ആഗ്രഹിക്കുന്ന സംഘടനകൾ ഇനി പറയുന്ന തത്വങ്ങൾ പാലിച്ചിരിക്കണം. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സംഘടന 3 വർഷമെങ്കിലും പ്രാദേശിക സമൂഹത്തെ സേവിച്ചിരിക്കണം. തദ്ദേശ സമൂഹത്തെ വ്യക്തമായി സേവിക്കുന്നതായിരിക്കണം സമൂഹ റേഡിയോ നിലയം. ആ സമൂഹത്തിന്റെ പ്രതിഫലനമായിരിക്കണം റേഡിയോ നിലയത്തിന്റെ ഉടമസ്ഥരും മാനേജ്മെന്റ് ഘടനയും. അതിൽ പ്രക്ഷേപണം ചെയ്യുന്ന പരിപാടികളും സമൂഹത്തിന്റെ വിദ്യാഭ്യാസ വികസന സാമൂഹിക സാംസ്കാരിക ആവശ്യങ്ങൾക്കനുസൃതമായിരിക്കണം.

## തെരഞ്ഞെടുപ്പ് രീതി

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം വർഷത്തിൽ ഒരു പ്രാവശ്യം ദേശീയ തലത്തിലെ പരസ്യത്തിലൂടെ സമൂഹ റേഡിയോ നിലയങ്ങൾ തുടങ്ങാൻ അപേക്ഷ ക്ഷണിക്കും. എന്നാൽ യോഗ്യരായ സംഘടനകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് സമയങ്ങളിലും അപേക്ഷ നൽകാവുന്നതാണ്.

സർവ്വകലാശാലകൾ, കൽപിത സർവ്വകലാശാലകൾ, ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഏക ജാലക ക്ലിയറൻസ് സംവിധാനമുണ്ടാകും. ഇവരുടെ അപേക്ഷകൾ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള അന്തർ മന്ത്രാലയ സമിതി പരിശോധിക്കും. കേന്ദ്ര വാർത്താവിനിമയ, വിവര സാങ്കേതിക മന്ത്രാലയത്തിന്റെ wpc വിംഗ് ഫ്രീക്വൻസി നൽകിയതിനുശേഷം, സമ്മതപത്രം നൽകുന്നതാണ്.

മറ്റ് അപേക്ഷകർക്കുള്ള സമ്മതപത്രം കേന്ദ്ര ആഭ്യന്തര മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, മാനവവിഭവശേഷി മന്ത്രാലയം എന്നിവയുടെ അനുമതി നൽകിയ ശേഷം മാത്രമേ നൽകുകയുള്ളൂ. 5 വർഷത്തേക്കാണ് അനുമതി നൽകുന്നത്. WPC വിംഗിന് സ്പെക്ട്രം ഉപയോഗ ഫീസ് മാത്രം നൽകിയാൽ മതി.

*(ലേഖകൻ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറിയാണ്.)*

## ജനന-മരണ രജിസ്ട്രേഷന് പുതിയ ഫോറം

ബി1/19307/04

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 04-05-2007

**പ്രേഷിതൻ**

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

**സ്വീകർത്താവ്**

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ നഗരസഭാ ജനന-മരണ രജിസ്ട്രാർമാർക്കും
3. നഗരകാര്യ ഡയറക്ടർ, പബ്ലിക് ഓഫീസ്, തിരുവനന്തപുരം
4. അഡീഷണൽ ചീഫ് രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, വികാസ്ഭവൻ, തിരുവനന്തപുരം
5. ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷൻസ്, തിരുവനന്തപുരം

വിഷയം: ജനന-മരണ രജിസ്ട്രേഷൻ - പരിഷ്ക്കരിച്ച സർട്ടിഫിക്കറ്റ് ഫോറങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നത് സംബന്ധിച്ച്.

സൂചന: (1) ജി.ഒ.(പി) നമ്പർ 68/2007/എൽ.എസ്.ജി.ഡി. തീയതി 06/03/2007

(2) ഈ ഓഫീസിലെ 11/04/2007-ലെ ഇതേ നമ്പർ കത്ത്

ജനന-മരണ രജിസ്ട്രേഷൻ ഭേദഗതി ചട്ടം 2007 പരാമർശം (2) പ്രകാരം എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. 01-06-2007 മുതൽ ടി ഉത്തരവിൽ നിഷ്ക്കർഷിച്ചിരുന്ന പ്രകാരമുള്ള ഫോറങ്ങളും രജിസ്റ്ററുകളും മാത്രം ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കുന്നു. ടി ഫോറങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ലഭ്യമാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും മുൻകൂട്ടി ഫോറങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനും 01-06-2007 മുതൽ ഉപയോഗിക്കുന്നതിനും നിർദ്ദേശിക്കുന്നു. കൂടാതെ സ്ഥാപനങ്ങൾക്ക് ജനന-മരണങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനായി മുൻകൂട്ടി നൽകിയിട്ടുള്ള പഴയ ഫോറങ്ങൾ തിരികെ വാങ്ങേണ്ടതും പുതിയ റിപ്പോർട്ട് ഫാറങ്ങൾ നൽകേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അവരുടെ അധികാരപരിധിയിലുള്ള എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും ടി നിർദ്ദേശങ്ങൾ നൽകേണ്ടതും 01-06-2007 മുതൽ ഭേദഗതി ചെയ്ത സർട്ടിഫിക്കറ്റ്/റിപ്പോർട്ട് ഫാറങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**സി. രാധാകൃഷ്ണൻ**
ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## മെമ്പർ സെക്രട്ടറിയായി ഈപ്പൻ ഫ്രാൻസിസിനെ നിയമിച്ചു

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നത് - മെമ്പർ സെക്രട്ടറിയായി ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്**

സ.ഉ(സാധാ.)നം. 1296/07/തസ്വഭവ.
തീയതി, തിരുവനന്തപുരം, 26-04-2007

പരാമർശം: 30-10-06-ലെ സ.ഉ.(സാധാ) നം. 326/07/തസ്വഭവ നം. ഉത്തരവ്.

**ഉത്തരവ്**

മേൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ പത്തു വർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ പഠനവിധേയമാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഉത്തരവായിരുന്നു.

എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെടേണ്ടതിനാൽ സമിതിയുടെ മെമ്പർ സെക്രട്ടറിയായി സർവ്വീസിലുള്ള ഒരാൾ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ ശ്രീ. എ. കസ്തൂരിരംഗനെ പ്രസ്തുത സമിതിയുടെ മെമ്പറായി തുടരാൻ അനുവദിച്ചുകൊണ്ടും മെമ്പർ സെക്രട്ടറിയായി പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**അന്നമ്മ ഡാനിയൽ**
അഡീഷണൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## വാർഷികാഘോഷത്തിന് ചെലവനുമതി

**കേരള സർക്കാർ**

നം.16115/കെ2/07/തസ്വഭവ

തദ്ദേശസ്വയംഭരണ (കെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 16-04-2007

**സർക്കുലർ**

വിഷയം: കേരളത്തിലെ ആദ്യസർക്കാർ അധികാരമേറ്റതിന്റെ 50-ാം വാർഷികം- ആഘോഷ പരിപാടികൾക്ക് തുക ചെലവഴിക്കുവാൻ അനുമതി-സംബന്ധിച്ച്.

കേരളത്തിലെ ആദ്യസർക്കാർ അധികാരമേറ്റതിന്റെ 50-ാം വാർഷികം ആഘോഷിക്കുന്നതിന് വിവിധ പരിപാടികൾ നടപ്പാക്കുന്നതിന് തനത് ഫണ്ടിൽ /ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5000/രൂപ വരെയും, മുനിസിപാലിറ്റികൾക്ക് 10 ,000/ രൂപ വരെയും കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് 15,000/ രൂപ വരെയും ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. ആഘോഷ പരിപാടികളിൽ സജീവമായ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതുമാണ്.

**എം.എസ്. ശാന്തി**
അഡീഷണൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## തൊഴിൽ നികുതി ചുമത്തലും പിരിച്ചെടുക്കലും സംബന്ധിച്ച്

സി3-15557/2007

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 11-05-2007

### സർക്കുലർ

വിഷയം: തൊഴിൽ നികുതി - തൊഴിൽ നികുതി ചുമത്തലും പിരിച്ചെടുക്കലും സംബന്ധിച്ച്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204-ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെ അറുപത് ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും അപ്രകാരം ചുമത്തുന്ന തൊഴിൽ നികുതി 205-ാം വകുപ്പു പ്രകാരം തൊഴിലുടമകളാൽ പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ടി വകുപ്പുകളുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയിട്ടുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി നിശ്ചയിക്കേണ്ട ആവശ്യത്തിലേയ്ക്കായി കമ്പനികളെയും വ്യക്തികളെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എട്ടായി തരം തിരിച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു അർദ്ധവർഷത്തെ വരുമാനം 12,000/- രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ തൊഴിൽ നികുതി നൽകാൻ ഏതൊരു സ്ഥാപനവും വ്യക്തിയും ബാദ്ധ്യസ്ഥരാണ്.

തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും എല്ലാ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. തൊഴിൽ നികുതി ബാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരണമായി ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നികുതി ചുമത്തുന്നുണ്ടോ എന്ന കാര്യത്തിലും ഉറപ്പില്ല. ഇക്കാരണത്താൽ ഓരോ ഗ്രാമപഞ്ചായത്തിനും നിയമാനുസരണം ലഭിക്കേണ്ടതും അവകാശപ്പെട്ടതുമായ തൊഴിൽ നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടാകുന്നു.

ഓരോ ഗ്രാമപഞ്ചായത്തിന്റെയും സ്ഥാപനച്ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ബാദ്ധ്യത ഓരോ ഗ്രാമപഞ്ചായത്തിനും ഉണ്ട്. പുതിയതായി നികുതികൾ ഏർപ്പെടുത്തുന്നതിനു പകരം അവകാശപ്പെട്ട നികുതികൾ പൂർണ്ണമായി പിരിച്ചെടുക്കുകയാണ് അഭികാമ്യം. ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വരുമാനുമുള്ള പല സ്ഥാപനങ്ങൾക്കും അതിലെ ജീവനക്കാർക്കും തൊഴിൽ നികുതി ചുമത്തിയിട്ടില്ല. സ്വകാര്യ മേഖലയിലെ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്പിറ്റലുകൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയലുകൾ, വിവര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളും അതിലെ ഉദ്യോഗസ്ഥരും ജീവനക്കാരുമാണ് തൊഴിൽ നികുതി നൽകുന്നതിൽ നിന്നും ഒഴിവായി നിൽക്കുന്നത്. കൂടാതെ സ്വയം തൊഴിലെടുക്കുന്ന ഡോക്ടർമാർ, വക്കീലന്മാർ, എഞ്ചിനീയർമാർ മുതലായ പ്രൊഫഷണലുകളും പരിപൂർണ്ണമായി തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നില്ല. ഒരു അർദ്ധവർഷം 12,000/- രൂപയോ അതിൽ കൂടുതലോ വരുമാനമുള്ള ഏതൊരു സ്ഥാപനവും വ്യക്തിയും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥമാണെന്നിരിക്കെ ഒരു വിഭാഗം സ്ഥാപനങ്ങളെയോ വ്യക്തികളെയോ ഒഴിവാക്കി നിർത്തുന്നത് നിയമപരമായി ശരിയല്ല. അതുകൊണ്ട് ഓരോ ഗ്രാമപഞ്ചായത്ത് അതിർത്തികളിലും പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി ചുമത്തുന്നതിനുള്ള അടിയന്തര നടപടി 2007 ജൂൺ 15-ന് മുമ്പായി സ്വീകരിക്കുന്നതിനും നടപടി വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെയും അറിയിക്കുന്നതിനും ഇതിനാൽ നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച ഒരു കൺസോളിഡേറ്റഡ് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും ചുമതലപ്പെടുത്തുന്നു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)* **പഞ്ചായത്ത് ഡയറക്ടർ**


## പഞ്ചായത്ത് രാജ് (മാസിക)

പരസ്യ നിരക്ക്

| | | |
|---|---|---|
| **കവർ അവസാനപുറം** (കളർ) | - | 10,000 രൂപ |
| **കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) | - | 6,000 രൂപ |
| **മറ്റു പേജുകൾ - ഫുൾ** | - | 4,000 രൂപ |
| **അര പേജ്** | - | 2,000 രൂപ |

**വാർഷിക വരിസംഖ്യ - 90 രൂപ ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക**

*വിലാസം*

**എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി. ഒ., തിരുവനന്തപുരം - 33**


Edited and Published by A. Ajith Kumar, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.